
ഇസ്ലാമിന്റെ

# ജീവിതവ്യവസ്ഥ



അബ്ദുൽ [illegible]

I. P. H. പ്രസിദ്ധീകരണം NO. 22

45718

# ഇസ്ലാമിന്റെ ജീവിത വ്യവസ്ഥ

1964

മൗലാനാ സയ്യിദ്
അബുൽ അഅ്ലാ മൗദൂദി

NATIONAL BOOK S.P.C.S LTD. BR. KOTTAYAM

First Edition 1958 Copies: 2000
Second Edition 1964 Copies: 2000

297

اسلام کا نظامِ حیات

# ISLAMINTE JEEVITHA VYAVASTHA

- ★ ധാർമ്മിക വ്യവസ്ഥ
- ★ രാഷ്ട്രീയ വ്യവസ്ഥ
- ★ സാമൂഹ്യ വ്യവസ്ഥ
- ★ സാമ്പത്തിക വ്യവസ്ഥ
- ★ ആത്മീയ വ്യവസ്ഥ

Price 70 Paise

Published by:
**ISLAMIC PUBLISHING HOUSE**
**Marikunnu, Calicut.**

# ധാർമ്മിക വ്യവസ്ഥ

മനുഷ്യനിൽ ധാർമ്മികബോധം പ്രകൃത്യാ ഉള്ള ഒരു ബോധമാണ്; അതു ചില ഗുണങ്ങളെ ഇഷ്ടപ്പെടുകയും മററു ചിലതിനെ വെറുക്കുകയും ചെയ്യുന്നു. ഒററ ക്കെടുത്തു നോക്കുമ്പോൾ വ്യക്തികളിൽ പ്രസ്തുത ബോധം കുറഞ്ഞും ഏറിയുമിരിക്കുമെങ്കിലും, പൊതുവെ മനുഷ്യത്വബോധം ധാർമ്മികമായ ചില ഗുണങ്ങളെ നന്മയെന്നും, മററു ചിലതിനെ തിന്മയെന്നും എല്ലാ കാലത്തും ഒരേ നിലക്ക് വിധി കല്പിച്ചിട്ടുണ്ട്. സത്യസന്ധത, നീതി, വാഗ്ദത്തപാലനം, വിശ്വസ്തത എന്നിവ എക്കാലത്തും മാനുഷിക ഗുണങ്ങളിൽ അഭിനന്ദനീയങ്ങളായി ഗണിക്കപ്പെട്ടിട്ടുണ്ട്. കളവ്, അക്രമം, കരാർലംഘനം, വഞ്ചന എന്നിവ ഇഷ്ടപ്പെടുന്ന ഒരു ഘട്ടവും ഒരിക്കലും കഴിഞ്ഞുപോയിട്ടില്ല. സഹാനുഭൂതി, കാരുണ്യം, ഔദാര്യം, വിശാലമനസ്കത എന്നിവക്ക് എന്നും വിലകല്പിക്കപ്പെട്ടിട്ടുണ്ട്; സ്വാർത്ഥം, കഠിനമനസ്കത, ലുബ്ധത, സങ്കുചിതവീക്ഷണം എന്നിവക്കു ഒരിക്കലും ഉന്നതസ്ഥാനം ലഭിച്ചിട്ടില്ല. ക്ഷമ, സഹനം, സ്ഥൈര്യം, വിട്ടുവീഴ്ച, ദൃഢചിത്തത, ശൗര്യം എന്നീ ഗുണങ്ങൾ എല്ലാ കാലത്തും അഭിനന്ദനീയങ്ങളായി

ഗണിക്കപ്പെട്ടിട്ടുണ്ട്. ക്ഷമകേട്, ശൂന്യത, ചാഞ്ചല്യം, അപകർഷബോധം, ഭീരുത്വം എന്നിവയുടെ മേൽ ഒരിക്കലും അഭിനന്ദനപുഷ്പങ്ങൾ വർഷിക്കപ്പെട്ടിട്ടില്ല. ആത്മനിയന്ത്രണം, സ്വാശ്രയശീലം, സ്വാഭിമാനം, സംസ്കാരം, ഇണക്കം എന്നിവ സൽഗുണങ്ങളുടെ കൂട്ടത്തിലാണ് എന്നും ഗണിച്ചുപോന്നിട്ടുള്ളത്. ആത്മപൂജ, കുടിലമനസ്കത, സംസ്കാരശൂന്യത, ദുസ്വഭാവം എന്നിവ സൽഗുണങ്ങളുടെ പട്ടികയിൽ സ്ഥലംപിടിക്കുകയെന്നതു ഒരിക്കലും സംഭവിച്ചിട്ടില്ല. കൃതജ്ഞതാഭാവം, സ്നേഹപാലനം, കർമ്മസന്നദ്ധത, ഉത്തരവാദിത്തബോധം എന്നിവ എന്നും മാനിക്കപ്പെട്ടിട്ടുണ്ട്. കൃതഘ്നരും സ്നേഹബന്ധം പാലിക്കാത്തവരും മടിയന്മാരും ഉത്തരവാദിത്തബോധമില്ലാത്തവരുമായ ജനങ്ങൾ നല്ല ദൃഷ്ടികൊണ്ടു ഒരിയ്ക്കലും വീക്ഷിക്കപ്പെട്ടിട്ടില്ല. ഇതേപ്രകാരം, സാമൂഹ്യജീവിതത്തിലെ നല്ലതും തിയ്യതുമായ ഗുണങ്ങളെസ്സംബന്ധിച്ചും മനുഷ്യത്വത്തിൻെറ വിധി മിയ്ക്കവാറും ഏകകണ്ഠമായിത്തന്നെ ഇരുന്നു. ക്രമവ്യവസ്ഥയും അച്ചടക്കവും പരസ്പരസഹായസഹകരണവും ഗുണകാംക്ഷയും സാമൂഹ്യനീതിയും സമത്വവുമുള്ള സൊസൈററിതന്നെയാണ് എല്ലാ കാലത്തും ആദരണീയമായിരുന്നിട്ടുള്ളത്. ഭിന്നിപ്പ്, അവ്യവസ്ഥ, അച്ചടക്കരാഹിത്യം, അനൈക്യം, വെറുപ്പ്, ശത്രുത, അക്രമം, ഉച്ചനീചത്വം എന്നിവ സാമൂഹ്യജീവിതത്തിലെ ഉൽകൃഷ്ട ഗുണങ്ങളായി ഒരിയ്ക്കലും ഗണിക്കപ്പെട്ടിട്ടില്ല. സ്വഭാവചര്യയിലെ നന്മതിന്മകളുടെ അവസ്ഥയും ഇതുതന്നെ. വ്യഭിചാരം, കളവ്, കൊള്ള, കൊല, വഞ്ചന, കൃത്രിമം, കൈക്കൂലി എന്നിവ ഒരിക്കലും

നന്മകളായി കരുതപ്പെട്ടിട്ടില്ല. അസഭ്യം പറയൽ, അന്യരുടെ ഹൃദയത്തെ വേദനിപ്പിക്കൽ, പരദൂഷണം, ഏഷണി, അസൂയ, അപവാദം, കുഴപ്പം സൃഷ്ടിക്കൽ എന്നിവ ഒരിക്കലും സല്കർമ്മങ്ങളായി ഗണിക്കപ്പെട്ടിട്ടില്ല. വഞ്ചകരും അഹങ്കാരികളും കപടനാട്യക്കാരും അന്യായം പ്രവർത്തിക്കുന്നവരും ദുരാഗ്രഹികളുമായ ജനങ്ങൾ ഒരിക്കലും നല്ല മനുഷ്യരിൽ എണ്ണപ്പെട്ടിട്ടില്ല. നേരെമറിച്ച്, മാതാപിതാക്കളെ സേവിക്കുക, കുടുംബങ്ങളെ സഹായിക്കുക, അയൽവാസികളുമായി നല്ല നിലയിൽ വർത്തിക്കുക, സുഹൃത്തുക്കളുമായി സ്നേഹബന്ധം പുലർത്തുക, അശക്തരെ തുണക്കുക, അനാഥകളെയും അഗതികളെയും സംരക്ഷിക്കുക, രോഗികളെ ശുശ്രൂഷിക്കുക, വിഷമതകളിൽ അകപ്പെട്ടവരെ താങ്ങിയെടുക്കുക എന്നിവ എല്ലാകാലത്തും സല്കർമ്മങ്ങളായി വിചാരിക്കപ്പെട്ടിട്ടുണ്ട്. സത്സ്വഭാവികളും സദാചാരനിഷ്ഠരും സൗമ്യശീലരും മയത്തിൽ സംസാരിക്കുന്നവരും എല്ലാവർക്കും നന്മ കാംക്ഷിക്കുന്നവരുമായ ജനങ്ങൾ എപ്പോഴും മാന്യതയോടെ വീക്ഷിക്കപ്പെട്ടിട്ടുണ്ട്. സത്യസന്ധരും, നിഷ്കളങ്കരും, എല്ലാ വിഷയത്തിലും വിശ്വസിക്കാവുന്നവരും, ഉള്ളും പുറവും വാക്കും പ്രവൃത്തിയും തമ്മിൽ യോജിക്കുന്നവരും, സ്വന്തം അവകാശങ്ങളിൽ തൃപ്തരും, അന്യരുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുന്നതിൽ വിശാലമനസ്കരും, സ്വയം സമാധാനത്തോടെ ജീവിക്കുന്നതോടൊപ്പം മററുള്ളവർക്ക് സമാധാനമുണ്ടാക്കിക്കൊടുക്കുന്നവരും, എല്ലാവരും ഗുണത്തെ പ്രതീക്ഷിക്കുന്നവരും, ആരും തിന്മയെ ഭയപ്പെടാത്തവരുമായ ജനങ്ങളെയാണ് മനുഷ്യ രാശി അതിൻെറ ഉത്തമ ഭാഗമായി എന്നും കണക്കാക്കിപ്പോന്നിട്ടുള്ളത്.

മാനുഷികധാർമ്മികത്വമെന്നത് വാസ്തവത്തിൽ എല്ലാ മനുഷ്യരും അറിയുന്നതും, എന്നും അറിഞ്ഞുപോന്നിട്ടുള്ളതുമായ സാർവ്വത്രിക യാഥാർത്ഥ്യങ്ങളാണെന്നു ഇത്രയും പ്രസ്താവിച്ചതിൽനിന്നു വ്യക്തമാണ്. എവിടുന്നെങ്കിലും തിരഞ്ഞുപിടിച്ചു കൊണ്ടുവരേണ്ടതായ മറഞ്ഞുകിടക്കുന്ന വസ്തുക്കളല്ല നന്മതിന്മകൾ. അവ മനുഷ്യത്വത്തിന്നു തികച്ചും പരിചിതങ്ങളാണ്; അവയെക്കുറിച്ചുള്ള ബോധം മനുഷ്യപ്രകൃതിയിൽ നിക്ഷിപ്തമാണ്. ഇതേ കാരണംകൊണ്ടാണ്, വിശുദ്ധ ഖുർആൻ അതിന്റെ ഭാഷയിൽ നന്മക്ക് 'മഅ്റൂഫ്' (സുപരിചിതം) എന്നും തിന്മക്ക് 'മുങ്കർ' (അപരിചിതം) എന്നുമുള്ള പദങ്ങളുപയോഗിച്ചിരിക്കുന്നത്. അതായത്, നന്മ സകല മനുഷ്യരും നല്ലതെന്നറിയുന്നതും തിന്മ നല്ലതെന്നു ആർക്കും പരിചയമില്ലാത്തതുമാണ്! ഇതേ യാഥാർത്ഥ്യത്തെ മറ്റൊരു ഭാഷയിൽ വിശുദ്ധ ഖുർആൻ ഇങ്ങിനെ വിവരിക്കുന്നു: فَأَلْهَمَهَا فُجُورَهَا وَتَقْوَاهَا അതായത്, നന്മതിന്മകളെക്കുറിച്ചുള്ള ബോധം മനുഷ്യന്നു ദൈവദത്തമായിത്തന്നെ ലഭിച്ചിരിക്കുന്നു.

ഇപ്പോൾ ഒരു ചോദ്യം: ധാർമ്മികമായ നന്മതിന്മകൾ എല്ലാ മനുഷ്യർക്കും സുപരിചിതങ്ങളാണെങ്കിൽ, ചില ഗുണങ്ങൾ നല്ലതും ചിലതു് തിയ്യതുമാണെന്നതിൽ ലോകത്തിന്നു എല്ലാ കാലത്തും ഏകാഭിപ്രായമാണുണ്ടായിരുന്നതെങ്കിൽ ലോകത്ത് ഭിന്ന ധാർമ്മികവ്യവസ്ഥകൾ എങ്ങിനെ ഉണ്ടായി? അവയ്ക്കിടയിൽ കാണുന്ന

അന്തരങ്ങൾക്ക് കാരണമെന്ത്? ഇസ്ലാമിന്നു തനതായ ഒരു ധാർമ്മികവ്യവസ്ഥയുണ്ടെന്നു നാം വാദിക്കുന്നതെന്തടിസ്ഥാനത്തിൽ? ധാർമ്മികവിഷയത്തിൽ ഇസ്ലാമിൻെറ പ്രത്യേകത എന്നു പറയാവുന്ന അതിൻെറ ആ സവിശേഷ സംഭാവന (Contribution) എന്ത്?

ഈ പ്രശ്നം ഗ്രഹിക്കുവാനായി ലോകത്തിലെ വിവിധ ധാർമ്മിക വ്യവസ്ഥകളിലേക്ക് നാം കണ്ണോടിക്കുമ്പോൾ പ്രഥമദൃഷ്ടിയിൽതന്നെ കാണാൻ കഴിയുന്ന അന്തരം, വിവിധ ധാർമ്മികഗുണങ്ങളെ ജീവിതത്തിൻെറ പൊതുവ്യവസ്ഥയിൽ ഘടിപ്പിക്കയും അവയുടെ പരിധി, സ്ഥാനം, ഉപയോഗം എന്നിവ നിർണ്ണയിക്കുകയും അവയ്ക്കിടയിൽ ക്രമവും അനുപാതവും നിലനിർത്തുകയും ചെയ്യുന്നതിൽ വ്യവസ്ഥകൾ പരസ്പരം ഭിന്നങ്ങളാണെന്നുള്ളതാണ്. കൂടുതൽ അഗാധമായി വീക്ഷിക്കുമ്പോൾ പ്രസ്തുത അന്തരത്തിനുള്ള കാരണം, ധാർമ്മികമായ നന്മതിന്മകളുടെ മാനദണ്ഡം നിർദ്ദേശിക്കുന്നതിലും ഗുണദോഷങ്ങളറിയുന്നതിന്നുള്ള മാർഗ്ഗം നിർണ്ണയിക്കുന്നതിലും അവ തമ്മിലുള്ള ഭിന്നതയാണെന്നു മനസ്സിലാവുന്നതാണ്. ധാർമ്മികനിയമങ്ങൾ നിർബ്ബന്ധപൂർവ്വം നടപ്പിൽ വരേണ്ടതിന്നു അവയുടെ പിന്നിലുള്ള നിർവ്വാഹകശക്തി (Sanction power) ഏതാണെന്നും പ്രസ്തുത നിയമങ്ങൾ പാലിക്കുവാൻ മനുഷ്യനെ നിർബ്ബന്ധിക്കുന്ന പ്രേരകശക്തികളേതെന്നുമുള്ള വിഷയത്തിലും അവയ്ക്കിടയിൽ ഭിന്നിപ്പുണ്ട്. എന്നാൽ ഈ ഭിന്നിപ്പുകളുടെ അടിസ്ഥാനകാരണങ്ങളെക്കുറിച്ച് ചുഴിഞ്ഞന്വേഷിക്കുന്നപക്ഷം അവസാനം ഒരു യാഥാർത്ഥ്യം നമുക്കു തുറന്നു

കിട്ടുന്നതാണ്; അതായതു, പ്രസ്തുത ധാർമ്മികവ്യവ സ്ഥകളുടെയെല്ലാം മാർഗ്ഗങ്ങളെ തമ്മിൽ വേർപെടുത്തി ക്കളഞ്ഞ അടിസ്ഥാനവസ്തു, പ്രപഞ്ചത്തെക്കുറിച്ചുള്ള വിഭാവനയിലും പ്രപഞ്ചത്തിൽ മനുഷ്യൻെറ നിലപാ ടിലും മനുഷ്യജീവിതത്തിൻെറ സാക്ഷാലുദ്ദേശ്യത്തിലും അവക്കിടയിലുള്ള ഭിന്നിപ്പാണ്. ഇതേ ഭിന്നിപ്പാണ്, അടിവേരുമുതൽ ശാഖകൾവരെ ആത്മാവിലും, പ്രകൃതി യിലും അവയെ പരസ്പരം വ്യത്യസ്തങ്ങളാക്കിയിരിക്കുന്ന ത്. മനുഷ്യജീവിതത്തിൽ സാക്ഷാൽ നിർണ്ണായകപ്രശ്നങ്ങ ളിതാണ്: ഈ പ്രപഞ്ചത്തിന്നു വല്ല ദൈവവും ഉണ്ടോ ഇല്ലേ? ഉണ്ടെങ്കിൽ ഒന്നോ അധികമോ? വല്ലൊരുവ ൻെറയും ദിവ്യത്വം അംഗീകരിക്കുന്നപക്ഷം അവൻെറ ഗുണങ്ങളെന്തെല്ലാം? നമ്മോട് അവന്നുള്ള ബന്ധമെ ന്ത്? നമ്മുടെ മാർഗ്ഗദർശനത്തിന്നു വല്ല ഏർപ്പാടും അവൻ ചെയ്തിട്ടുണ്ടോ ഇല്ലേ? നാം അവൻെറ മുമ്പിൽ ഉത്തരവാ ദിത്തമുള്ളവരാണോ അല്ലേ? ആണെങ്കിൽ എന്തിനെ കുറിച്ചാണ് ഉത്തരം പറയേണ്ടത്? നമ്മുടെ പ്രവർത്തന ത്തിൽ വീക്ഷിക്കേണ്ടതായ നമ്മുടെ ജീവിതത്തിൻെറ ലക്ഷ്യവും പരിണാമവും എന്തു്? ഈ ചോദ്യങ്ങളുടെ ഉത്തരം ഏത് സ്വഭാവത്തിലുള്ളതായിരിക്കുമോ അതി നൊത്തു ജീവിതവ്യവസ്ഥ നിർമ്മിതമാകുന്നതും അതിന്ന നുയോജ്യമായിത്തന്നെ ധാർമ്മികവ്യവസ്ഥ രൂപംകൊള്ളു ന്നതുമാണ്.

ലോകത്തുള്ള വിവിധ ജീവിതവ്യവസ്ഥകൾ വിശ കലനംചെയ്തുകൊണ്ട്, അവയോരോന്നും ഈ ചോദ്യ ങ്ങൾക്ക് എന്തെന്തു മറുപടിയാണ് സ്വീകരിച്ചതെ ന്നും അവയുടെ രൂപവും മാർഗ്ഗവും നിർണ്ണയിക്കുന്നതിൽ

പ്രസ്തുത മറുപടികൾ ചെലുത്തിയ സ്വാധീനം എന്താണെന്നും ഈ ചെറുപ്രസംഗത്തിൽ തുറന്നുകാണിക്കുക വിഷമമാണ്. അതിനാൽ ഇസ്ലാമിനെ മാത്രം എടുത്തുകൊണ്ട്, പ്രസ്തുത ചോദ്യങ്ങൾക്ക് എന്തു മറുപടിയാണ് അത് നൽകുന്നതെന്നും അതിൻെറ അടിസ്ഥാനത്തിൽ ഏതുതരം പ്രത്യേക ധാർമ്മികവ്യവസ്ഥയാണ് പ്രത്യക്ഷത്തിൽ വന്നിട്ടുള്ളതെന്നും വ്യക്തമാക്കാം.

പ്രസ്തുത ചോദ്യങ്ങൾക്ക് ഇസ്ലാം നല്കുന്ന മറുപടി ഇതാണ്: ഈ പ്രപഞ്ചത്തിന്നു ദൈവമുണ്ട്; അവൻ ഏകനാണ്; അവനാണതു് സൃഷ്ടിച്ചതു്; മററാരും പങ്കില്ലാത്തവിധം അവൻ മാത്രം അതിൻെറ ഉടമസ്ഥനും വിധികർത്താവും സംരക്ഷകനുമാണ്; അവനെ അനുസരിച്ചുകൊണ്ടാണ് ഇക്കാണുന്ന മുഴുവൻ പ്രപഞ്ചവും ചലിച്ചുകൊണ്ടിരിക്കുന്നതു്; അവൻ യുക്തിമാനും സർവ്വശക്തനും രഹസ്യവും പരസ്യവുമറിയുന്നവനും സകലവിധ ന്യൂനതകളിൽനിന്നും പിഴവുകളിൽനിന്നും പരിശുദ്ധനുമാണ്; വളവും തിരിവുമില്ലാത്ത സുവ്യക്തമായ മാർഗ്ഗേണയാണ് അവൻെറ ദിവ്യത്വം സംസ്ഥാപിതമായിരിക്കുന്നതു്; മനുഷ്യൻ ജന്മനാ അവൻെറ അടിമയാണ്; തൻെറ സ്രഷ്ടാവിൻെറ അടിമയായി വർത്തിക്കയും അവനെ അനുസരിക്കുകയും ചെയ്യുക മാത്രമാണവൻെറ ജോലി. തൻെറജീവിതം ആദ്യന്തം ദൈവത്തിന്നുള്ള അടിമവൃത്തി ആയിരിക്കുകയല്ലാതെ ശരിയായ മറെറാരു രൂപവും അവൻെറ ജീവിതത്തിന്നില്ല. പ്രസ്തുത അടിമത്വത്തിൻെറ മാർഗ്ഗം നിർണ്ണയിക്കുകയെന്നതു് മനുഷ്യൻെറ സ്വന്തം ജോലിയല്ല, താൻ അടിമയായിരിക്കുന്ന ദൈവത്തിൻെറ ജോലിയാണ്; മനുഷ്യൻെറ മാർഗ്ഗദർശനത്തിന്നായി ദൈവം പ്രവാചകന്മാരെ നിയോഗിക്കുകയും വി

ശുദ്ധഗ്രന്ഥങ്ങളവതരിപ്പിക്കുകയും ചെയ്തിരിക്കുന്നു; സന്മാർഗ്ഗത്തിൻെറ പ്രസ്തുത ഉറവിടത്തിൽനിന്നു തന്റെ ജീവിത വ്യവസ്ഥ സ്വീകരിക്കേണ്ടതു മനുഷ്യന്റെ കർത്തവ്യമാണ്; മനുഷ്യൻ തന്റെ ജീവിതത്തിലെ എല്ലാം പ്രവർത്തനങ്ങളെക്കുറിച്ചും ദൈവത്തിന്റെമുമ്പിൽ ഉത്തരം ബോധിപ്പിക്കേണ്ടവനാണ്; ഇഹലോകത്ത്‌വെച്ചല്ല, പരലോകത്ത് വെച്ചാണ് അവൻ ആ ഉത്തരം ബോധിപ്പിക്കേണ്ടത്. ഐഹികജീവിതം വാസ്തവത്തിൽ കേവലമൊരു പരീക്ഷണഘട്ടം മാത്രമാണ്; മനുഷ്യൻെറ ഇവിടത്തെ സകലവിധ പരിശ്രമങ്ങളും പരലോകത്ത് ദൈവസന്നിധിയിൽ വിജയിക്കുകയെന്ന ലക്ഷ്യത്തെ മുൻനിറുത്തിമാത്രമായിരിക്കേണ്ടതാണ്; മനുഷ്യൻ തൻെറ മുഴുവൻ അസ്തിത്വത്തോടുകൂടി പ്രസ്തുത പരീക്ഷണത്തിൽ പങ്കെടുത്തിരിക്കയാണ്; അവൻെറ മുഴുവൻ കഴിവുകളുടേയും യോഗ്യതകളുടേയും പരീക്ഷണമാണിത്; ലോകത്തുള്ള എന്തെല്ലാം വസ്തുക്കളുമായി, ഏതെല്ലാം നിലക്ക് മനുഷ്യൻ ബന്ധപ്പെടുന്നുണ്ടോ അതിനെക്കുറിച്ചെല്ലാം അവൻ പരിശോധിക്കപ്പെടുന്നു താൻ അവയുമായി എങ്ങിനെയാണ് വർത്തിച്ചതെന്ന്. ഭൂമിയിലെ അണുക്കളിലും വായുവിലും വെള്ളത്തിലും മനുഷ്യൻെറ സ്വന്തം ഹൃദയത്തിലും തലച്ചോറിലും കൈകാലുകളിലുമെല്ലാം അവൻെറ അനക്കങ്ങളും അടക്കങ്ങളും മാത്രമല്ല, അവൻെറ വിചാരവികാരങ്ങൾപോലും കൃത്യമായി രേഖപ്പെടുത്തിവെച്ചിട്ടുള്ള സർവ്വശക്തനും സർവ്വജ്ഞനുമായ ദൈവമാണ് ഈ പരിശോധന നടത്തുക.

ജീവിതത്തെസംബന്ധിച്ച അടിസ്ഥാന ചോദ്യങ്ങൾക്ക് ഇസ്ലാം നല്കിയ ഉത്തരമാണിത്. മനുഷ്യന്റെ ത്യാഗപരിശ്രമങ്ങളുടെ ലക്ഷ്യമായിരിക്കേണ്ട അന്തിമമായ

സ്വാക്ഷാൽ നന്മയെ, പ്രപഞ്ചത്തെയും മനുഷ്യനെയും, സംബന്ധിച്ച ഈ വിഭാവനം നിർണ്ണയിച്ചു തരുന്നുണ്ട്. അതത്രെ ദൈവപ്രീതി! ഇസ്ലാമിൻെറ ധാർമ്മികവ്യവസ്ഥയിൽ ഏതെങ്കിലുമൊരു കർമ്മരീതി നന്മയോ തിന്മയോ എന്നു തീരുമാനിക്കുന്നത് ഇതേ മാനദണ്ഡമനുസരിച്ചാണ്. പ്രസ്തുത തീരുമാനത്തോടെ ധാർമ്മികതത്വത്തിന്നു ബലിഷ്ഠമായ ഒരു അച്ചുതണ്ട് ലഭിക്കുന്നതാണ്. മുഴുവൻ ധാർമ്മികജീവിതവും അതിന്നുചുററും തിരിഞ്ഞുകൊണ്ടിരിക്കയുംചെയ്യും. പിന്നീടതു, ഒരിക്കലും കാററിലും കോളിലുംപെട്ടു അങ്ങുമിങ്ങും ചലിച്ചുകൊണ്ടിരിക്കുന്ന നങ്കൂരമില്ലാത്ത കപ്പൽപോലെ ആയിരിക്കയില്ല. പ്രസ്തുത തീരുമാനത്തോടൊപ്പം ജീവിതത്തിൻെറ ഒരു കേന്ദ്രലക്ഷ്യം മനുഷ്യൻെറ മുമ്പിൽ ഉണ്ടായിത്തീരുകയും, അതിന്നനുസരിച്ച്, ജീവിതത്തിൽ എല്ലാ ധാർമ്മികഗുണങ്ങൾക്കും അനുയോജ്യമായ അതൃത്തിയും സ്ഥാനവും പ്രായോഗിക രൂപങ്ങളും നിശ്ചയിക്കപ്പെടുകയുംചെയ്യുന്നു. അതിന്നുംപുറമെ മാറിക്കൊണ്ടിരിക്കുന്ന ഏതു പരിതഃസ്ഥിതിയിലും സ്വസ്ഥാനത്ത് അടിയുറച്ചുനില്ക്കുന്ന സുസ്ഥിരമായ ധാർമ്മികമാനദണ്ഡങ്ങൾ (Values) നമുക്ക് ലഭിക്കുകയുംചെയ്യും. ദൈവപ്രീതി പരമോദ്ദേശമായിരിക്കുന്നതുകാരണം, ധാർമ്മികതത്വത്തിന്നു അത്യുൽകൃഷ്ടമായ ഒരു ലക്ഷ്യം കൈവരുന്നുവെന്നതാണ് ഇവിടെ ഏററവും പ്രധാനമായിട്ടുള്ളത്. അതുമൂലം ധാർമ്മികപുരോഗതിക്കുള്ള സാദ്ധ്യതകൾ അനന്തമായി വർദ്ധിക്കുമെന്നു മാത്രമല്ല, സ്വാർത്ഥപരമായ മാലിന്യങ്ങൾക്ക് അതിനെ മലീമസമാക്കുവാൻ ഒരു ഘട്ടത്തിലും സാദ്ധ്യവുമല്ല.

മുൻപ്രസ്താവിച്ച മാനദണ്ഡംലഭിക്കുന്നതിന്നു പുറമെ, ലോകത്തേയും മനുഷ്യനേയും കുറിച്ചു ഇസ്ലാം നല്കുന്ന

വിഭാവനം വഴി, ധാർമ്മിക നന്മതിന്മകളെക്കുറിച്ചുള്ള ജ്ഞാനത്തിന്നു സുസ്ഥിരമായ ഒരു മാർഗ്ഗവും നമുക്കു ലഭിക്കുന്നുണ്ട്. ബുദ്ധി, ആശ, അനുഭവം, മനുഷ്യനിർമ്മിത ശാസ്ത്രങ്ങൾ എന്നിവയുടെ മാറിക്കൊണ്ടിരിക്കുന്ന തീരുമാനങ്ങൾക്കൊത്ത്, സദാ മാറിക്കൊണ്ടിരിക്കത്തക്കവിധം, നമ്മുടെ ധാർമ്മികജ്ഞാനത്തെ അസ്ഥിരമായ പ്രസ്തുത കാര്യങ്ങളെ മാത്രം ആശ്രയിക്കുന്നതാക്കിവെക്കുകയല്ല ഇസ്ലാം ചെയ്തിരിക്കുന്നത്. നേരെമറിച്ച് നിർണ്ണിതമായ ഒരടിസ്ഥാനം അത് നമുക്ക് നല്കിയിരിക്കുന്നു. അല്ലാഹുവിൻെറ വിശുദ്ധഗ്രന്ഥവും പ്രവാചകചര്യയുമാണത്. എല്ലാ കാലത്തും ഏതു പരിതഃസ്ഥിതികളിലും വേണ്ട ധാർമ്മികനിർദ്ദേശങ്ങൾ അതിൽനിന്നു നമുക്കു ലഭിക്കുന്നു. പ്രസ്തുത, നിർദ്ദേശങ്ങളാകട്ടെ, ഗാർഹികജീവിതത്തിൻെറ ഏററവും ചെറിയ പ്രശ്നങ്ങൾ മുതൽ വമ്പിച്ച രാഷ്ട്രാന്തരീയ പ്രശ്നങ്ങൾ ഉൾപ്പെടെ ജീവിതത്തിൻെറ സകല ശാഖകളിലും വശങ്ങളിലും നമുക്ക് മാർഗ്ഗദർശനം നല്കുന്നുണ്ട്. പ്രസ്തുത മാർഗ്ഗദർശനത്തിൽ ധാർമ്മികസിദ്ധാന്തങ്ങൾക്ക് ജീവിത എടവാടുകളുമായി അതിവിപുലമായ ബന്ധം (Widest application) കാണാവുന്നതാണ്. തൽഫലമായി, മറേറതെങ്കിലും ജ്ഞാനമാർഗ്ഗത്തിൻെറ ആവശ്യകത യാതൊരു ഘട്ടത്തിലും നമുക്കനുഭവപ്പെടുകയില്ല.

അതിന്നുംപുറമെ, പ്രപഞ്ചത്തേയും മനുഷ്യനേയും കുറിച്ചുള്ള ഇസ്ലാമിൻെറ വിഭാവനത്തിൽ, ധാർമ്മികനിയമത്തിന്നു പിന്നിൽ അനിവാര്യമായും ഉണ്ടായിരിക്കേണ്ട ആജ്ഞാശക്തി (Sanction) യും സ്ഥിതിചെയ്യുന്നുണ്ട്. ദൈവത്തെക്കുറിച്ചുള്ള ഭയം, പരലോകത്തിൽ ഉത്തരംബോധിപ്പിക്കേണമെന്ന ബോധം, ശാശ്വതഭാവി നാ

ശമടഞ്ഞുപോകുന്നതിലുള്ള ആശങ്ക, എന്നിവയാണത്. സാമൂഹ്യജീവിതത്തിൽ ധാർമ്മികസിദ്ധാന്തങ്ങൾ പാലിക്കാൻ വ്യക്തികളേയും പാർട്ടികളേയും നിർബ്ബന്ധിക്കുന്നതിനുള്ള ശക്തി സംഭരിക്കാനും പൊതുജനാഭിപ്രായം രൂപീകരിക്കാനും, ധാർമ്മിക നിയമങ്ങളെ ശക്തിപൂർവ്വം നടപ്പിൽവരുത്തുന്ന ഒരു സാമൂഹ്യവ്യവസ്ഥ സ്ഥാപിക്കാനും ഇസ്ലാം ഉദ്ദേശിക്കുന്നുണ്ടെങ്കിലും, അത്തരം ബാഹ്യപ്രേരണകളെയല്ല, മറിച്ച് അല്ലാഹുവിലും പരലോകത്തിലുമുള്ള വിശ്വാസത്തിൽ അന്തർഭവിച്ചുകിടക്കുന്ന ആന്തരീയപ്രേരണയെയാണ് യഥാർത്ഥത്തിൽ അത് അവലംബമാക്കുന്നത്. ധാർമ്മികശാസനകൾ നല്കുന്നതിന്നുമുമ്പ്തന്നെ, ഇസ്ലാം മനുഷ്യഹൃദയത്തിൽ ഇക്കാര്യങ്ങൾ അടിയുറപ്പിക്കുന്നു: 'എല്ലാ സ്ഥലത്തും എല്ലാ സമയത്തും നിന്നെ വീക്ഷിച്ചുകൊണ്ടിരിക്കുന്ന ദൈവവുമായിട്ടാണ് വാസ്തവത്തിൽ നിന്റെ ഇടപാട്; മുഴലോകത്തുനിന്നും ഒരുപക്ഷെ നിനക്കു മറയാൻകഴിഞ്ഞാലും അവന്റെ ദൃഷ്ടിയിൽനിന്നും മറയാൻ നിനക്ക് സാദ്ധ്യമല്ല; ലോകത്തെ മുഴുവനും വഞ്ചിക്കാൻ സാധിച്ചാലും അവനെ വഞ്ചിക്കുക സാദ്ധ്യമല്ല; ലോകത്തുനിന്നെല്ലാം നീ ഓടിരക്ഷപ്പെട്ടാലും അവന്റെ പിടുത്തത്തിൽനിന്നു രക്ഷപ്പെട്ടു എവിടേയും പോകാൻ കഴിയുകയില്ല; ലോകം നിന്റെ ബാഹ്യനില മാത്രമാണ് കാണുന്നത്, എന്നാൽ ദൈവം നിന്റെ വിചാരങ്ങളും ഉദ്ദേശ്യങ്ങളുംകൂടി അറിയുന്നുണ്ട്; ഇഹലോകത്തിലെ അല്പജീവിതത്തിൽ നീ എന്തുതന്നെ പ്രവർത്തിച്ചാലും ഒരു ദിവസം നിനക്ക് മരിക്കേണ്ടതുണ്ട്; വക്കാലത്തോ, കൈക്കൂലിയോ, ശുപാർശയോ, കള്ളസാക്ഷ്യമോ, വഞ്ചനയോ, കുതന്ത്രമോ ഒന്നും വിലപോകാത്തതും നിന്റെ ഭാവിയെക്കുറിച്ചു നിഷ്പക്ഷമായി വിധി കല്പിക്കുന്നതുമായ ഒരു കോടതിയിൽ നിനക്ക്

ഹാജരാകേണ്ടതുമുണ്ട്.' ഈ വിശ്വാസം അടിയുറപ്പിക്കുകമുഖേന ഓരോ മനുഷ്യൻെറയും ഹൃദയത്തിൽ ഓരോ പോലീസുസ്റ്റേഷൻ സ്ഥാപിക്കയാണ് ഇസ്ലാം ചെയ്യുന്നത്. പുറത്ത് അവനെ നിർബ്ബന്ധിക്കുവാൻ പോലീസോ കോടതിയോ ജയിലോ ഉണ്ടായാലും ഇല്ലെങ്കിലും നിയമം പാലിക്കാൻ അത്മൂലം അവൻ നിർബ്ബന്ധിതനായിത്തീരുന്നതാണ്. ഇസ്ലാമിൻെറ ധാർമ്മികനിയമങ്ങൾ നടപ്പിൽവരുത്താൻ അവയുടെ പിന്നിൽ പ്രവർത്തിക്കുന്ന സാക്ഷാൽ ശക്തിയും ഇതുതന്നെയാണ്. പൊതുജനാഭിപ്രായത്തിൻെറയും ഭരണകൂടത്തിൻെറയും സഹായവുംകൂടി അതിന്നു ലഭിക്കയാണെങ്കിൽ അതു വളരെ നല്ലതുതന്നെ; എന്നാൽ ഹൃദയങ്ങളിൽ ഈമാൻ വാസ്തവത്തിൽ വേരുറച്ചിട്ടുണ്ടെങ്കിൽ, പ്രസ്തുത വിശ്വാസംതന്നെ മുസ്ലിം വ്യക്തികളേയും മുസ്ലിം സമുദായത്തേയും നേർവഴിക്ക് നടത്തുവാൻ കഴിവുററതാണ്.

ധാർമ്മിക നിയമങ്ങൾക്കൊത്ത് പ്രവത്തിക്കുവാൻ മനുഷ്യനെ പ്രോത്സാഹിപ്പിക്കുന്ന പ്രേരകശക്തികളും പ്രപഞ്ചത്തേയും മനുഷ്യനേയും,സംബന്ധിച്ചുള്ള ഈ വിഭാവനംമുഖേന ഉൽഭൂതമാകുന്നുണ്ട്. പ്രപഞ്ചകത്താവിനെ ദൈവമായി അംഗീകരിക്കുകയുംഅവന്നുള്ള അടിമവൃത്തി ജീവിതപന്ഥാവായി സ്വീകരിക്കയും അവൻെറ പൊരുത്തം ജീവിതലക്ഷ്യമാക്കുകയും ചെയ്യുന്നതിലുള്ള മനുഷ്യൻെറ സംതൃപ്തി ദൈവവിധികളെന്നു ബോധ്യംവന്ന സകല വിധികളും അനുസരിക്കാൻ അവന്നു തികച്ചും മതിയായ പ്രേരകശക്തിയാണ്. അതോടൊപ്പം, ദൈവവിധികളനുസരിക്കുന്നവൻ ഈ താല്ക്കാലിക ജീവിതത്തിൽ എത്രതന്നെ വിഷമങ്ങളും നഷ്ടങ്ങളും കഷ്ടാരിഷ്ടതകളും അനുഭവിക്കേണ്ടതായിവന്നാലും, ശാശ്വതജീവിത

ത്തിൽ അവന്നു ശോഭനമായ ഒരു ഭാവി ഉറപ്പാണെന്നും നേരെമറിച്ച്, ദൈവത്തിൻെറ നിയമങ്ങളതിലംഘിച്ചു കഴിയുന്നവൻ ഈ ജീവിതത്തിലെ അല്പദിവസങ്ങളിൽ എത്രതന്നെ ആനന്ദങ്ങളാസ്വദിച്ചാലും അവൻ ശാശ്വതമായ ശിക്ഷ അനുഭവിക്കേണ്ടിവരുമെന്നുമുള്ള വിശ്വാസം ശക്തിമത്തായ മറെറാരു പ്രേരകശക്തിയാണ്. ഭാവിജീവിതത്തെക്കുറിച്ചുള്ള ഈ പ്രതീക്ഷയും ഭയവും ഒരാളുടെ ഹൃദയത്തിൽ അടിയുറച്ചിട്ടുണ്ടെങ്കിൽ എത്രയും അജയ്യമായ ഒരു പ്രേരകശക്തിയാണ് അവൻ ഉൾക്കൊള്ളുന്നത്. നന്മയുടെ ഫലം ഇഹലോകത്ത് ഭയങ്കര നഷ്ടമായി അനുഭവപ്പെടുന്ന സന്ദർഭങ്ങളിൽപോലും നന്മ ചെയ്യാൻ അതവനെ പ്രേരിപ്പിക്കുകയും, തിന്മ പരമാനന്ദകരവും ലാഭകരവുമായിരിക്കുന്ന രംഗങ്ങളിൽപോലും തിന്മകളിൽനിന്നു അതവനെ തടഞ്ഞുനിൎത്തുകയും ചെയ്യുന്നതാണ്.

പ്രപഞ്ചവിഭാവനം, നന്മതിന്മകളുടെ മാനദണ്ഡം, ധാൎമ്മികവിജ്ഞാന ഉറവിടം, നിയമം നടപ്പാക്കുന്നതിന്നുള്ള നിൎവ്വാഹകശക്തി, നിയമപാലനത്തിന്നാവശ്യമായ പ്രേരകശക്തി എന്നിവയെല്ലാം ഇസ്ലാമിന്നു അതിൻേറതായിത്തന്നെ പ്രത്യേകമുണ്ടെന്നും, അവമുഖേന, പൊതുവെ അറിയപ്പെടുന്ന ധാർമ്മികമൂല്യങ്ങളെ ഇസ്ലാമിക മാനദണ്ഡങ്ങൾക്കൊത്ത് ക്രമീകരിച്ച്, ജീവിതത്തിൻെറ എല്ലാ ശാഖകളിലും നടപ്പാക്കുന്നുവെന്നും ഈ വിശദീകരണത്തിൽനിന്നു വ്യക്തമാകുന്നതാണ്. ഇതേ അടിസ്ഥാനത്തിൽതന്നെ 'ഇസ്ലാമിന്നു സ്വന്തമായി പരിപൂൎണ്ണവും സ്വാതന്ത്ര്യവുമായ ഒരു ധാർമ്മിക വ്യവസ്ഥയുണ്ടെ'ന്ന വാദം തികച്ചും ന്യായമാണ്. പ്രസ്തുത വ്യവസ്ഥയുടെ പ്രത്യേക സവിശേഷതകൾ വളരെ

യേറെ ഉണ്ടെങ്കിലും അവയിൽ മൂന്നെണ്ണം സർവ്വോപരി പ്രകടമായിട്ടുള്ളവയത്രെ. അവ ഇസ്ലാമിൻെറ പ്രത്യേക സംഭാവനയാണെന്നു തികച്ചും പറയാവുന്നതാണ്.

ദൈവപ്രീതി പരമലക്ഷ്യമാക്കുകവഴി, ധാർമ്മികതത്വത്തിന്നു അത്യുന്നതമായ ഒരു മാനദണ്ഡം ഇസ്ലാം സമ്പാദിച്ചുകൊടുത്തുവെന്നുള്ളതാണ് ഒന്നാമത്തെ സവിശേഷത. അതുകാരണം, ധാർമ്മികപുരോഗതിക്കുള്ള സാദ്ധ്യതകൾ സീമാതീതമായിരിക്കുന്നു. വിജ്ഞാനത്തിന്നു ഒരു ഉറവിടം നിശ്ചയിച്ചുകൊണ്ട്, പുരോഗതിക്ക് ധാരാളം പഴുതുണ്ടെങ്കിലും നിറമാററത്തിന്നോ അവസരവാദത്തിന്നോ തീരെ പ്രവേശനമില്ലാത്ത ശാശ്വതത്വവും സ്ഥിരതയും സദാചാരത്തിന്നു ഇസ്ലാം പ്രദാനംചെയ്തു; ദൈവഭയംവഴി അതു നേടിക്കൊടുത്ത, നിർവ്വാഹകശക്തികാരണം പുറമെനിന്നുള്ള സമ്മർദ്ദം കൂടാതെത്തന്നെ ധാർമ്മികനിയമങ്ങൾ പാലിക്കുവാൻ മനുഷ്യൻ സ്വമനസ്സാലെ സന്നദ്ധനാകുന്നു. ധാർമ്മികനിയമങ്ങളനുസരിച്ച് പ്രവർത്തിക്കുവാനുള്ള ആവേശ വികാരങ്ങൾ മനുഷ്യനിൽ സ്വയം സംജാതമാകത്തക്ക പ്രേരകശക്തി, ദൈവവിശ്വാസവും പരലോകബോധവുംവഴി ഇസ്ലാം നേടിക്കൊടുക്കുന്നു.

രണ്ടാമത്തെ സവിശേഷത ഇതത്രെ: കൃത്രിമമാർഗ്ഗങ്ങളുപയോഗിച്ചുകൊണ്ട് വിചിത്രങ്ങളായ ചില പുതിയ ധാർമ്മികസിദ്ധാന്തങ്ങൾ ജനങ്ങളുടെ മുമ്പിൽവെക്കുകയല്ലഇസ്ലാം ചെയ്യുന്നത്. മനുഷ്യന്നു സുപരിചിതമായ ധാർമ്മികമുറകളിൽ വല്ലതും കൂട്ടാനോ കുറക്കാനോ ഇസ്ലാം ശ്രമിക്കുന്നില്ല. മനുഷ്യപ്രകൃതിക്ക് സുപരിചിതമായ സദാചാര തത്വങ്ങളാണ് അത് സ്വീകരിക്കുന്നത്; അവ

യിൽ ചിലതു മാത്രമല്ല, മുഴുവനുമായിത്തന്നെ അത് സ്വീകരിക്കുന്നുണ്ട്. പിന്നീട് പൂർണ്ണമായ സമതുലനത്തോടും പരസ്പര യോജിപ്പോടുംകൂടി ജീവിതത്തിൽ അവയിൽ ഓരോന്നിന്റെയും സ്ഥലവും സ്ഥാനവും ഉപയോഗക്രമവും അത് നിർദ്ദേശിക്കുന്നു. അവയെ ജീവിതവുമായി ഘടിപ്പിക്കുന്നതിൽ അതിവിശാലമായ ഒരു നിലപാടാണ് ഇസ്ലാം സ്വീകരിക്കുന്നത്. വ്യക്തിഗതമായ കർമ്മങ്ങൾ ഗാർഹിക ജീവിതം, നാഗരികബന്ധം, രാഷ്ട്രീയം, സാമ്പത്തിക എടപാടുകൾ, വിപണി, വിദ്യാലയം, കോടതി, പോലീസ് ലൈൻ, സൈനികത്താവളം, യുദ്ധരംഗം, സന്ധികോൺഫ്രൻസ് എന്നുവേണ്ട ജീവിതത്തിന്റെ യാതൊരു വശവും ശാഖയും ധാർമ്മികതയുടെ സാർവ്വത്രികമായ സ്വാധീനത്തിൽനിന്നു സ്വതന്ത്രമാകുന്നില്ല. എല്ലായിടത്തും ജീവിതത്തിന്റെ ഏതു ശാഖയിലും ധർമ്മത്തിന്നാണ് ഇസ്ലാം ഭരണാധികാരം നൽകുന്നത്. ജീവിത എടവാടുകളുടെ കടിഞ്ഞാൺ, ദേഹേച്ഛകൾക്കും സ്വാർത്ഥതാല്പര്യങ്ങൾക്കും പകരം ധർമ്മത്തിന്റെ പരിശുദ്ധ ഹസ്തങ്ങളിൽ നിർത്തുവാനാണ് അത് പരിശ്രമിക്കുന്നത്.

മൂന്നാമത്തെ സവിശേഷത, ഇതാണ്: "മഅ്റൂഫ്" (സുപരിചിതം)ൽ അധിഷ്ഠിതവും. "മുങ്കറ്" (അപരിചിതം)ൽനിന്നു പരിശുദ്ധവുമായ ഒരു ജീവിതവ്യവസ്ഥയാണ് മനുഷ്യരാശിയോട് അതാവശ്യപ്പെടുന്നത്. 'മനുഷ്യ മനഃസാക്ഷി എന്നെന്നും നല്ലതെന്നു കരുതിപ്പോന്ന നന്മകളേതുണ്ടോ അതു സ്ഥാപിക്കുകയും വളർത്തുകയുംചെയ്യാൻ മുമ്പോട്ടുവരുക! മനുഷ്യത്വം എല്ലാകാലത്തും ചീത്തയായി ഗണിച്ചുപോന്ന തിന്മകളെന്തെല്ലാമുണ്ടോ അവയെ അടിച്ചമർത്തുകയും നശിപ്പിക്കയുംചെയ്യുക'-ഇതത്രെ അതിന്റെ ആഹ്വാനം! പ്രസ്തുത

ആഹ്വാനത്തിന്നു സർവ്വോത്തമനാ ഉത്തരം നൽകുവാൻ ആരെല്ലാം മുമ്പോട്ടു വന്നുവോ അവരെ സംഘടിപ്പിച്ചുകൊണ്ടു് ഇസ്ലാം ഒരു സമുദായം രൂപീകരിച്ചു. അതിന്റെ പേരായിരുന്നു മുസ്ലിം! അവരെ ഒരു സമുദായമാക്കിയതിന്റെ ഏക ഉദ്ദേശ്യം, "മഅ്റൂഫ്" നടപ്പിൽ വരുത്തുകയും നിലനിത്തുകയും "മുങ്കർ" ഒതുക്കി നശിപ്പിക്കുകയും ചെയ്യാൻവേണ്ടി സംഘടിത ശ്രമം നടത്തുകയെന്നതായിരുന്നു. ഇപ്പോൾ അതേ സമുദായത്തിന്റെ കൈകൾകൊണ്ടുതന്നെ "മഅ്റൂഫ്" അടിച്ചമത്തപ്പെടുകയും "മുങ്കർ" സ്ഥാപിതമാവുകയും ചെയ്യുന്നുണ്ടെങ്കിൽ; പ്രസ്തുത സമുദായത്തെച്ചൊല്ലിയും ലോകത്തെച്ചൊല്ലിയും വിലപിക്കേണ്ട സന്ദർഭം ഇതുതന്നെയാണ്.

# രാഷ്ട്രീയ വ്യവസ്ഥ

ഇസ്ലാമിന്റെ രാഷ്ട്രീയവ്യവസ്ഥയുടെ അടിത്തറ 'തൗഹീദ്', 'രിസാലത്ത്', 'ഖിലാഫത്ത്' എന്നീ മൂന്നടിസ്ഥാനങ്ങളിലാണ് പടുത്തുയർത്തിയിരിക്കുന്നത്. ഈ സിദ്ധാന്തങ്ങൾ ശരിക്കും ഗ്രഹിക്കാതെ ഇസ്ലാമിക രാഷ്ട്രീയവ്യവസ്ഥയുടെ വിശദാംശം ഗ്രഹിക്കുക പ്രയാസമാണ്. അതിനാൽ ആദ്യമായി അവ ചുരുക്കത്തിൽ വിശദീകരിക്കാം:

## തൗഹീദ്

'തൗഹീദി'ന്റെ വിവക്ഷ ഇതാണ്: ദൈവം ഈ ലോകത്തിന്റെയും അതിലെ അഖില നിവാസികളുടെയും സ്രഷ്ടാവാണ്; രക്ഷാകർത്താവും ഉടമസ്ഥനുമാണ്; ഭരണവും ശാസനാധികാരവും അവന്റേതു മാത്രമാണ്; കല്പിക്കുവാനും നിരോധിക്കുവാനുമുള്ള അവകാശം അവനുമാത്രമേയുള്ളൂ; അടിമത്വവും അനുസരണവും മററാർക്കും പങ്കില്ലാത്തവിധം അവന്നു തന്നെയായിരിക്കണം; നമ്മുടെ അസ്തിത്വത്തിന്നു ആധാരമായ ഈ ദേഹം, നാം ഉപയോഗിച്ചുകൊണ്ടിരിക്കുന്ന ശാരീരിക ഉപകരണങ്ങൾ, കഴിവുകൾ, ലോകത്തുള്ളവസ്തുക്കളിന്മേൽ നമുക്കു സിദ്ധിച്ചിട്ടുള്ള അധികാരങ്ങൾ, പ്രസ്തുത അധികാരങ്ങൾ

പ്രയോഗിക്കാൻ നാം ഉപയോഗിക്കുന്ന വസ്തുക്കൾ എന്നിവയിലൊന്നുംതന്നെ നാം സൃഷ്ടിച്ചതോ സമ്പാദിച്ചതോ അല്ല; അവ പ്രദാനം ചെയ്തതിൽ ദൈവത്തോടൊപ്പം മററാൎക്കും പങ്കുമില്ല. അതിനാൽ നമ്മുടെ അസ്തിത്വത്തിൻെറ ഉദ്ദേശ്യവും, നമ്മുടെ കഴിവുകളുടെ ഉപയോഗവും നമ്മുടെ അധികാരങ്ങളുടെ പരിധികളും നിൎണ്ണയിക്കേണ്ടത് നാമല്ല; പ്രസ്തുത വിഷയത്തിൽ കൈകടത്താൻ മററാൎക്കുംതന്നെ അവകാശവുമില്ല; മറിച്ച് ഇത്തരം കഴിവുകളോടും അധികാരങ്ങളോടുംകൂടി നമ്മെ സൃഷ്ടിക്കുകയും ലോകത്തുള്ള ഇത്രയധികം വസ്തുക്കൾ നമ്മുടെ നിയന്ത്രണത്തിന്ന് വിട്ടുതരുകയും ചെയ്ത ദൈവത്തിൻെറ മാത്രം ജോലിയാണത്! 'തൗഹീദി'ൻെറ ഈ സിദ്ധാന്തം മനുഷ്യൻെറ പരമാധികാരത്തെ അടിയോടെ നിഷേധിക്കുന്നു. ഒരു മനുഷ്യനാകട്ടെ, ഒരു കുഡുംബമോ വൎഗ്ഗമോ ആവട്ടെ, ഒരു വിഭാഗമോ ഒരു ജനത മുഴുവനോ പൊതുവിൽ ഭൂലോകത്തുള്ള മുഴുവൻ മനുഷ്യരോ ആയിക്കൊള്ളട്ടെ, പരമാധികാരത്തിന്നുള്ള അവകാശം അവരിൽ ആൎക്കും സിദ്ധിക്കുന്നില്ല. പരമാധികാരി ദൈവം മാത്രവും അവൻെറ ആജ്ഞമാത്രം 'നിയമ'വുമാകുന്നു.

## രിസാലത്ത്

ദൈവത്തിൻെറ നിയമങ്ങൾ ഏതൊരു മാൎഗ്ഗത്തിലൂടെ അടിമകൾക്ക് ലഭിക്കുന്നുവോ ആ മാർഗ്ഗത്തിൻെറ പേരത്രെ 'രിസാലത്ത്'. പ്രസ്തുത മാൎഗ്ഗേണ രണ്ടു വസ്തുക്കൾ നമുക്കു ലഭിക്കുന്നുണ്ട്. ഒന്നു്, 'കിതാബ്'; അതിൽ ദൈവം തൻെറ നിയമങ്ങൾ വിവരിച്ചിരിക്കുന്നു. രണ്ടു, ദൈവത്തിൻെറ പ്രതിനിധി എന്ന നിലക്കു തൻെറ

വാക്കും പ്രവൎത്തനങ്ങളുംവഴി ദൈവദൂതൻ പഠിപ്പിച്ച 'കിതാബി'ൻെറ പ്രാമാണിക വിശദീകരണം. മനുഷ്യ ജീവിതവ്യവസ്ഥക്ക് അടിത്തറയായിരിക്കേണ്ട എല്ലാ അടിസ്ഥാനസിദ്ധാന്തങ്ങളും ദൈവഗ്രന്ഥത്തിൽ വിവരിച്ചിട്ടുണ്ട്. ദൈവദൂതനാകട്ടെ, ദൈവഗ്രന്ഥത്തിൻെറ പ്രസ്തുത ഉദ്ദേശ്യത്തിന്നൊത്ത് ഒരു ജീവിതവ്യവസ്ഥ സ്ഥാപിച്ചു നടപ്പിൽ വരുത്തുകയും അതിൻെറ അവശ്യവിശദീകരണങ്ങൾ പഠിപ്പിക്കുകയും ചെയ്തുകൊണ്ട് നമുക്കൊരു മാതൃക സൃഷ്ടിച്ചുതരികയും ചെയ്തിരിക്കുന്നു. ഇതേ രണ്ടു വസ്തുക്കളുടെ സമാഹാരത്തിന്ന് ഇസ്ലാമിൻെറ സാങ്കേതികഭാഷയിൽ 'ശരീഅത്ത്' എന്നു പറയുന്നു. ഇസ്ലാമികരാഷ്ട്രം കെട്ടിപ്പടുക്കുന്നതിന്നുള്ള അടിസ്ഥാനഭരണഘടനയും അതുതന്നെയാണ്.

## ഖിലാഫത്ത്

ഇനി "ഖിലാഫത്ത്" എടുക്കാം. പ്രാതിനിധ്യം എന്ന അൎത്ഥത്തിലാണ് അറബിഭാഷയിൽ പ്രസ്തുത വാക്കുപയോഗിക്കാറുള്ളത്. ഇസ്ലാമികവീക്ഷണഗതിയിൽ ഇഹലോകത്ത് മനുഷ്യനുള്ള നിലപാട്, ഭൂമിയിൽ ദൈവത്തിൻെറ പ്രതിനിധി എന്നതാണ്. അഥവാ ദൈവത്തിൻെറ രാജ്യത്ത് അവൻ നല്കിയ അധികാരങ്ങളുപയോഗിക്കുകയാണ് മനുഷ്യൻെറ ജോലി. നമ്മുടെസ്വത്തിൻെറ നിയന്ത്രണം നാം ഒരാളെ ഭരമേല്പിക്കുന്നപക്ഷം അനിവാര്യമായും നാല് കാൎയ്യങ്ങൾ നമ്മുടെ മുമ്പിലുണ്ടായിരിക്കും; ഒന്നു, സ്വത്തിൻെറ സാക്ഷാൽ ഉടമസ്ഥൻ ആ വ്യക്തിയല്ല, നാം തന്നെയാണ്; രണ്ടു, നാം നല്കുന്ന നിൎദ്ദേശങ്ങളനുസരിച്ചു മാത്രം നമ്മുടെ സ്വ

ത്തിൽ അവൻ പ്രവത്തിക്കേണ്ടതുണ്ട്. മൂന്നു, നാം അവന്നു നിശ്ചയിച്ചുകൊടുത്ത പരിധികളള്ളിൽ മാത്രം അവൻ തൻെറ അധികാരങ്ങൾ ഉപയോഗിക്കേണ്ടതാണ്. നാല്, നമ്മുടെ സ്വത്തിൽ തൻെറ ഉദ്ദേശ്യമല്ല, നമ്മുടെ ഉദ്ദേശ്യമാണ് അവൻ പൂത്തീകരിക്കേണ്ടത്. ഈ നാല് നിബന്ധനകൾ പ്രാതിനിധ്യവിഭാവനത്തിൽ വളരെ വ്യക്തമായി ഉൾപ്പെട്ടിരിക്കുന്നു. പ്രതിനിധി എന്ന വാക്ക് ഉച്ചരിക്കുമ്പോഴേക്കും അവ മനുഷ്യഹൃദയത്തിൽ ഉദിക്കുന്നതാണ്. ഈ നാലു നിബന്ധനകൾ ഒരു പ്രതിനിധി പാലിക്കാത്തപക്ഷം അവൻ പ്രാതിനിധ്യപരിധി അതിലംഘിക്കുകയും പ്രാതിനിധ്യത്തിൻെറ പ്രാഥമിക താല്പര്യത്തിൽ ഉൾപെട്ട കരാർ ലംഘിക്കുകയും ചെയ്തിരിക്കുന്നുവെന്നു നാം പറയുന്നതാണ്. തികച്ചും ഇതേ അത്ഥത്തിലാണ്, മനുഷ്യനെ ദൈവത്തിൻെറ പ്രതിനിധിയായി ഇസ്ലാം കണക്കാക്കുന്നത്; ഈ പ്രാതിനിധ്യവിഭാവനത്തിൽ പ്രസ്തുത നാല് നിബന്ധനകളും ഉൾപ്പെടുന്നുമുണ്ട്. ഈ രാഷ്ട്രീയസിദ്ധാന്തമനുസരിച്ച് സ്ഥാപിതമാകുന്ന രാഷ്ട്രം ദൈവാധിപത്യത്തിനു കീഴിലുള്ള മനുഷ്യൻെറ ഖിലാഫത്ത് (പ്രാതിനിധ്യവ്യവസ്ഥ) ആയിരിക്കും. ദൈവത്തിൻെറ രാജ്യത്ത് അവൻ നൽകിയ നിർദ്ദേശങ്ങൾക്കൊത്ത്, അവൻ നിശ്ചയിച്ച പരിധികൾക്കുള്ളിൽനിന്നു പ്രവത്തിച്ചുകൊണ്ട് അവൻെറ ഉദ്ദേശ്യം പൂത്തീകരിക്കുക എന്നത് പ്രസ്തുത ഭരണകൂടത്തിൻെറ ചുമതലയുമായിരിക്കും.

'ഖിലാഫത്തി'ൻെറ ഈ വിശദീകരണം സംബന്ധിച്ച്, ഒരു കാര്യംകൂടി ഗ്രഹിക്കേണ്ടതുണ്ട്. അതായത്, ഏതെങ്കിലും ഒരു വ്യക്തിയേയോ ഗോത്രത്തേയോ

വിഭാഗത്തേയോ അല്ല, ഇസ്ലാമികരാഷ്ട്രീയസിദ്ധാന്തമനുസരിച്ച് ഈ അത്ഥത്തിൽ ഖലീഫയായി കണക്കാക്കുന്നത്; മറിച്ച് അടിസ്ഥാനസിദ്ധാന്തങ്ങളായ 'തൗഹീദും' 'രിസാലത്തും' അംഗീകരിച്ചുകൊണ്ട് പ്രാതിനിധ്യനിബന്ധനകൾ പൂത്തീകരിക്കുവാൻ സന്നദ്ധരാകുന്ന മുഴുജനതക്കുമാണ് അത് 'ഖിലാഫത്ത്' പദവി നല്കുന്നത്. അത്തരം ജനത പൊതുവായി 'ഖിലാഫത്തു' വഹിക്കുകയും; അതിലെ ഓരോ വ്യക്തിക്കും പ്രസ്തുത 'ഖിലാഫത്ത്' ലഭിക്കുകയും ചെയ്യുന്നു. ഇതേ ബിന്ദുവിൽനിന്നാണ് ഇസ്ലാമിൽ 'പ്രജായത്തം' ആരംഭിക്കുന്നത്. ഇസ്ലാമികസമൂഹത്തിലെ ഓരോ വ്യക്തിക്കും 'ഖിലാഫത്തി'ൻെറ അവകാശങ്ങളും അധികാരങ്ങളുമുണ്ട്; പ്രസ്തുത അധികാരാവകാശങ്ങളിൽ മുഴുവൻ വ്യക്തികളും തുല്യനിലക്ക് ഭാഗഭാക്കുകളാണ്. ഒരാൾക്കും മറെറാരാളേക്കാൾ മുൻഗണനയില്ല; പ്രസ്തുത അധികാരാവകാശങ്ങളിൽനിന്നു ഒരാളെ തടയുവാൻ മറെറാരാൾക്കവകാശവുമില്ല. രാഷ്ട്രത്തിൻെറ ഭരണവ്യവസ്ഥ നടപ്പാക്കേണ്ടതിന്നു ഒരു ഗവമ്മേണ്ട് രൂപീകരിക്കപ്പെട്ടമ്പോൾ അത് പ്രസ്തുത വ്യക്തികളുടെ ഇഷ്ടമനുസരിച്ച് മാത്രമായിരിക്കും. അവർ തന്നെയായിരിക്കും, തങ്ങളുടെ ഖിലാഫത്തധികാരങ്ങളുടെ ഒരു ഭാഗം ആ ഗവമ്മേണ്ടിന്നു നല്കുന്നത്. ഗവമ്മെണ്ട് രൂപീകരണത്തിലും അവരുടെ അഭിപ്രായത്തിന്നു സ്ഥാനമുണ്ടായിരിക്കും; അവരുടെ ഉപദേശങ്ങളോടുകൂടിത്തന്നെ അതു നടക്കുകയും ചെയ്യും. അവരുടെ വിശ്വാസം ആജ്ജിക്കുന്നവർ അവക്കുവേണ്ടി ഖിലാഫത്തിൻെറ ചുമതലകൾ നിവ്വഹിക്കുന്നതും അവരുടെ വിശ്വാസം നഷ്ടപ്പെട്ടുന്നവർ ഭരണകർത്തൃത്വപദവിയിൽനിന്നു പിന്മാറേണ്ടതായി വരുന്നതുമാണ്. ഈ വീക്ഷണ

മനുസരിച്ച് ഇസ്ലാമികപ്രജായത്തം ഒരു പരിപൂർണ്ണ പ്രജായത്തമത്രെ. പ്രജായത്തം എത്രത്തോളം പരിപൂർണ്ണമാകാൻ സാധ്യമാണോ അത്രക്കും പരിപൂർണ്ണമായ പ്രജായത്തം. എന്നാൽ പാശ്ചാത്യൻ രാഷ്ട്രീയസിദ്ധാന്തം ജനങ്ങളുടെ ആധിപത്യത്തിലും ഇസ്ലാം ജനങ്ങളുടെ പ്രാതിനിധ്യവ്യവസ്ഥയിലുമാണ് വിശ്വസിക്കുന്നത്. ഇതേ വസ്തുതയാണ് അവ തമ്മിൽ വേർതിരിക്കുന്നത്. അവിടെ ഭൂരിപക്ഷം രാജാവാണെങ്കിൽ ഇവിടെ രാജത്വപദവി ദൈവത്തിന്നു മാത്രമുള്ളതും ജനത അവൻെറ പ്രതിനിധികളുമാണ്; അവിടെ ജനങ്ങൾ തങ്ങളുടെ 'ശരീഅത്ത്' (നിയമം) സ്വയം നിർമ്മിക്കുന്നു; ഇവിടെ ദൈവം തൻെറ ദൂതൻവഴി നല്കീട്ടുള്ള ശരീഅത്തിന്നു ജനങ്ങൾ തികച്ചും വിധേയരാണ്. അവിടെ ഗവർമ്മെണ്ടിൻെറ ജോലി ജനതയുടെ ഉദ്ദേശ്യങ്ങൾ പൂർത്തീകരിക്കലാണെങ്കിൽ ഇവിടെ ഗവർമ്മെണ്ടിൻേറയും അതിന്നു രൂപം നല്കുന്ന ജനതയുടേയുമെല്ലാം ജോലി ദൈവത്തിൻെറ ഉദ്ദേശ്യം പൂർത്തീകരിക്കുക മാത്രമായിരിക്കും. ചുരുക്കത്തിൽ, പാശ്ചാത്യൻ പ്രജായത്തം, സ്വതന്ത്രമായി സ്വാധികാരം നടത്തുന്ന അനിയന്ത്രിതമായ ഒരു യജമാനത്വമാണ്. നേരെമറിച്ച് ഇസ്ലാമികപ്രജായത്തം ദൈവനിർദ്ദേശങ്ങൾക്കൊത്ത്, അവൻ നിശ്ചയിച്ച അധികാരങ്ങൾ ഉപയോഗിക്കുന്ന നിയമാനുസൃത അടിമത്വവുമാണ്! ഇനി, തൗഹീദ്, രിസാലത്ത്, ഖിലാഫത്ത് എന്നീ അടിസ്ഥാനങ്ങളിൽ ഉടലെടുക്കുന്ന രാഷ്ട്രത്തിൻെറ സംക്ഷിപ്തവും എന്നാൽ വ്യക്തവുമായ ഒരു ചിത്രം നിങ്ങളുടെ മുമ്പിൽ വരച്ചുകാണിക്കാം.

45718

ലോകനിയന്താവായ ദൈവം മനുഷ്യജീവിതത്തിൽ ശോഭിച്ചുകാണാനുദ്ദേശിക്കുന്ന നന്മകൾ സ്ഥാപിക്കുകയും പ്രചരിപ്പിക്കുകയും പോഷിപ്പിച്ചു വളർത്തുകയും ചെയ്യുക, അതുപോലെത്തന്നെ, മനുഷ്യജീവിതത്തിൽ ഉണ്ടാകാൻ ലോകരക്ഷിതാവ് ഇഷ്ടപ്പെടാത്ത തിന്മകൾ തടയുകയും നശിപ്പിക്കുകയും ചെയ്യുക എന്നതാണ് ഇസ്ലാമികരാഷ്ട്രത്തിൻെറ ഉദ്ദേശ്യമെന്നു വിശുദ്ധഖുർആനിൽ വ്യക്തമായി എടുത്തുപറഞ്ഞിട്ടുണ്ട്. ഇസ്ലാമികദൃഷ്ടിയിൽ രാഷ്ട്രത്തിന്റെ ഉദ്ദേശ്യം കേവലം രാജ്യഭരണമോ, ഏതെങ്കിലും ഒരു പ്രത്യേകജനതയുടെ സാമൂഹ്യാഭിലാഷങ്ങളുടെ പൂർത്തീകരണമോ അല്ല; മറിച്ച്, അത്യുന്നതമായ ഒരു ലക്ഷ്യം ഇസ്ലാം അതിൻെറമുമ്പിൽ വെച്ചുകൊടുക്കുന്നു; അത് സാധിക്കുന്നതിന്നായി പ്രസ്തുത ഭരണകൂടം അധീനത്തിലുള്ള എല്ലാ ഉപകരണസാമഗ്രികളും മുഴുവൻ കഴിവുകളും വിനിയോഗിക്കേണ്ടതാണ്. തൻെറ ഭൂമിയിൽ, തൻെറ അടിമകളുടെ ജീവിതത്തിൽ ദൈവം കാണാനുദ്ദേശിക്കുന്ന പരിശുദ്ധിയും ഭംഗിയും ചിട്ടയും സമാധാനവും പുരോഗതിയും വിജയവും പൂർണ്ണമായും പ്രത്യക്ഷത്തിൽ വരണം; ദൈവത്തിൻെറ ദൃഷ്ടിയിൽ തൻെറ ഭൂമിയിൽ കുഴപ്പം സൃഷ്ടിക്കുന്നതോ തൻെറ അടിമകളുടെ ജീവിതത്തെ ദുഷിപ്പിക്കുന്നതോ ആയ എല്ലാവിധ നാശങ്ങളുടെയും കവാടങ്ങൾ ബന്ധിക്കപ്പെടണം. ഇതത്രെ ആ ലക്ഷ്യം! ഈ ലക്ഷ്യം ഉന്നയിക്കുന്നതോടൊപ്പം നന്മ തിന്മകളുടെ വ്യക്തമായ ഒരു ചിത്രവും ഇസ്ലാം നമ്മുടെ മുമ്പിൽ വെക്കുന്നുണ്ട്. ഉദ്ദിഷ്ട നന്മകളും വെറുക്കപ്പെട്ട തിന്മകളും സംശയത്തിന്നിടമില്ലാത്ത വിധം അതിൽ വ്യക്തമാക്കിയിരിക്കുന്നു. പ്രസ്തുത ചിത്രം കൺമുമ്പിൽ വെച്ചുകൊണ്ട് എക്കാല

ത്തും, ഏതു ചുററുപാടിലും ഇസ്ലാമിക രാഷ്ട്രത്തിന്നു അതിൻെറ സംസ്കരണ പരിപാടി തയ്യാറാക്കാൻ സാധിക്കുന്നതാണ്.

ജീവിതത്തിൻെറ എല്ലാ ശാഖകളിലും ധാർമ്മിക സിദ്ധാന്തം പാലിക്കപ്പെടണമെന്നാണ് ഇസ്ലാം സദാ താല്പര്യപ്പെടുന്നത്. അതിനാൽ ഭരണം കറയററ നീതിയിലും കളങ്കമററ സത്യസന്ധതയിലും, നിഷ്കളങ്കമായ ആത്മാർത്ഥതയിലും അധിഷ്ഠാപിതമായിരിക്കണമെന്ന ഉറച്ച നയം ഇസ്ലാമിക രാഷ്ട്രത്തിന്നും നിശ്ചയിക്കപ്പെട്ടിരിക്കുന്നു. ദേശീയമോ, ഭരണപരമോ, ജനകീയമോ ആയ എന്തെങ്കിലും താല്പര്യത്തിൻെറ പേരിൽ കളവോ, വഞ്ചനയോ, അനീതിയോ സഹിക്കുവാൻ യാതൊരു പരിതഃസ്ഥിതിയിലും അത് സന്നദ്ധമല്ല. രാഷ്ട്രത്തിന്നുള്ളിൽ ഭരണ കർത്താക്കളും ഭരണീയരും തമ്മിലുള്ള ബന്ധത്തിലും നാട്ടിന്നു പുറത്ത് ഇതര ജനസമുദായങ്ങളോടുള്ള ബന്ധത്തിലും, സത്യസന്ധത, വിശ്വസ്തത നീതിനിഷ്ഠ എന്നിവക്ക് സ്വതാല്പര്യങ്ങളേക്കാൾ മുൻഗണന നൽകപ്പെടണമെന്നാണ് ഇസ്ലാം ആവശ്യപ്പെടുന്നത്. കരാറു ചെയ്താൽ തികച്ചും പാലിക്കുക, കൊള്ളാനും കൊടുക്കാനും അളവുപാത്രം തുല്യമാക്കുക, പറയുന്നതു പ്രവർത്തിക്കുകയും പ്രവർത്തിക്കുന്നതുതന്നെ പറയുകയും ചെയ്യുക, സ്വന്തം അവകാശങ്ങളോടൊപ്പംതന്നെ സ്വന്തം കർത്തവ്യങ്ങളും കാക്കുക, അന്യരുടെ കർത്തവ്യങ്ങൾപോലെത്തന്നെ അവരുടെ അവകാശങ്ങളും ഓർമ്മയുണ്ടാവുക, നീതി സ്ഥാപിക്കാൻ അക്രമത്തിന്നു പകരം ശക്തി ഉപയോഗിക്കുക, അവകാശം ഏതവസ്ഥയിലും അവകാശമായിക്കരുതുകയും അതു വകവെച്ചുകൊടുക്കുകയും ചെയ്യുക. അധികാരം ദൈവത്തിൻെറ

അനാമത്താണെന്നു മനസ്സിലാക്കുകയും ദൈവസന്നിധിയിൽ അതിനെക്കുറിച്ചുള്ള മുഴുവൻ കണക്കും ബോധിപ്പിക്കേണ്ടിവരുമെന്നു പൂണ്ണ വിശ്വാസത്തോടെ അതുപയോഗിക്കുകയും ചെയ്യുക-എന്നീ കത്തവ്യങ്ങൾ പാലിക്കാൻ മുസ്ലിം വ്യക്തികളോടെന്നപോലെ മുസ്ലിം രാഷ്ട്രത്തോടും ഇസ്ലാം നിബ്ബന്ധിക്കുന്നുണ്ട്!

ഇസ്ലാമികരാഷ്ട്രവും സ്വാഭാവികമായും ഭൂമിയുടെ ഏതെങ്കിലും ഒരു പ്രത്യേക ഭാഗത്താണ് സ്ഥാപിതമാവുക. എങ്കിലും, മനുഷ്യാവകാശങ്ങളോ പൌരത്വാവകാശമോ ഭൂമിശാസ്ത്രപരമായ ഒരു പരിധിക്കുള്ളിൽ അത് പരിമിതമാക്കിനിത്തുന്നില്ല. മനുഷ്യരാശിയെ സംബന്ധിച്ചേടത്തോളം, ഓരോ മനുഷ്യന്നും അത് ചില അടിസ്ഥാനാവകാശങ്ങൾ നിശ്ചയിച്ചുകൊടുക്കുകയും ഏതു പരിതസ്ഥിതിയിലും അവ മാനിക്കപ്പെടേണമെന്നു ശക്തിപൂവ്വം ആജ്ഞാപിക്കയും ചെയ്യുന്നു. അവൻ ഇസ്ലാമികരാഷ്ട്രത്തിൻെറ അതിത്തിക്കുള്ളിൽ താമസിക്കുന്നവനോ അതിന്നു പുറത്തുള്ളവനോ, മിത്രമോ ശത്രുവോ, സന്ധിയിലേപ്പെട്ടവനോ യുദ്ധം പ്രഖ്യാപിച്ചവനോ ആരായിരുന്നാലും തരക്കേടില്ല. മനുഷ്യരക്തം ഏതവസ്ഥയിലും മാനിക്കപ്പെടേണ്ടതാണ്; ന്യായമായ അവകാശം കൂടാതെ അത് ഒഴുക്കപ്പെടാവതല്ല; സ്ത്രീകൾ, കുട്ടികൾ, വൃദ്ധന്മാർ, രോഗികൾ, മുറിപ്പെട്ടവർ എന്നിവരെ കയ്യേറ്റം നടത്തുന്നത് ഒരിക്കലും അനുവദനീയമല്ല; സ്ത്രീയുടെ പാതിവ്രത്യം ഏതവസ്ഥയിലും മാനിക്കപ്പെടേണ്ടതാണ്; അതിന്നു ഒരിയ്ക്കലും ക്ഷതമേൽപ്പിച്ചുകൂടാ; വിശക്കുന്നവന്നു ആഹാരവും, നഗ്നന്നു വസ്ത്രവും, മുറിപ്പെട്ടവക്കും രോഗികൾക്കും വൈദ്യസഹായവും ശുശ്രൂഷയും ഏതു നിലയ്ക്കും അവകാശപ്പെട്ടതാണ്; അവർ

ശത്രുസമുദായത്തോട് ബന്ധപ്പെട്ടവരായിരുന്നാലും വേണ്ട തില്ല! ഇതും ഇതേപ്രകാരമുള്ള മററു പല അവകാശങ്ങളും കേവലം മനുഷ്യനെന്ന നിലക്കു ഇസ്ലാം മനുഷ്യനു നല്കിയിരിക്കുന്നു. ഇസ്ലാമിക രാഷ്ട്രത്തിന്റെ ഭരണഘടനയിൽ അവ 'മൗലികാവകാശങ്ങളായി' സ്ഥലം പിടിക്കുകയും ചെയ്തിരിക്കുന്നു. ഇനി പൗരത്വാവകാശത്തിന്റെ പ്രശ്നമെടുക്കുകയാണെങ്കിൽ, അതും ഇസ്ലാമികരാഷ്ട്രത്തിന്റെ പരിധിക്കുള്ളിൽ ജനിച്ചവക്ക് മാത്രമല്ല ഇസ്ലാം നല്കുന്നത്; മറിച്ച്, ഭൂമിയുടെ ഏതെങ്കിലും ഭാഗത്തു ജനിച്ച ഏതൊരു മുസ്ലിമും, ഇസ്ലാമികരാഷ്ട്രത്തിന്റെ പരിധിക്കുള്ളിൽ പ്രവേശിക്കുന്നതോടെ അവിടത്തെ പൗരനായിത്തീരുകയും അവിടെയുള്ള ജന്മപൗരന്മാരുടേതിന്നു തുല്യമായ അവകാശങ്ങൾക്ക് അഹ്നായിത്തീരുകയും ചെയ്യുന്നതാണ്. ലോകത്ത് എത്ര ഇസ്ലാമിക രാഷ്ട്രങ്ങളുണ്ടായിരുന്നാലും, അവക്കിടയിൽ മിശ്രപൗരത്വമായിരിക്കും നടപ്പിലുണ്ടാവുക. ഒരു മുസ്ലിമിന്നു ഏതെങ്കിലും ഇസ്ലാമികരാഷ്ട്രത്തിൽ പ്രവേശിക്കുന്നതിന്നു പാസ്പോർട്ടിന്റെ ആവശ്യമുണ്ടായിരിക്കയില്ല. ഗോത്രപരമോ ജാതീയമോ വർഗ്ഗപരമോ ആയ യാതൊരു വ്യത്യാസവുമില്ലാതെ, ഏതൊരു മുസ്ലിമിന്നും ഏതു ഇസ്ലാമികരാഷ്ട്രത്തിലും ഏററവും ഉയൻ ഉത്തരവാദിത്തങ്ങൾ പോലും വഹിക്കാൻ അഹ്നായിത്തീരാവുന്നതാണ്.

എല്ലാ ഇസ്ലാമികരാഷ്ട്രങ്ങളുടെയും പരിധിക്കുള്ളിൽ താമസിക്കുന്ന അമുസ്ലിംകൾക്ക് ഇസ്ലാം ചില അവകാശങ്ങൾ നിണ്ണയിച്ചുകൊടുത്തിട്ടുണ്ട്. അവ അനിവാര്യമായും, ഇസ്ലാമിക ഭരണഘടനയുടെ അവിഭാജ്യ ഘടകമായിരിക്കും. ഇസ്ലാമിന്റെ സാങ്കേതിക ഭാഷയിൽ അത്തരം അമുസ്ലിംകൾക്ക് "സിമ്മി"കൾ (ഇസ്ലാമിക

രാഷ്ട്രത്തിൻെറ ഉത്തരവാദിത്വത്തിലുള്ളവർ) എന്നു പറയപ്പെടുന്നു. 'സിമ്മി'യുടെ ജീവനും ധനവും അഭിമാനവുമെല്ലാം മുസ്ലിമിൻെറ ജീവനും ധനവും അഭിമാനവും പോലെ മാനിക്കപ്പെടേണ്ടവയാണ്"; സിവിൽ-ക്രിമിനൽനിയമങ്ങളിൽ മുസ്ലിമും സിമ്മിയും തമ്മിൽ യാതൊരന്തരവുമില്ല. 'സിമ്മി'കളുടെ 'പേർസനൽലാ'യിൽ ഇസ്ലാമികരാഷ്ട്രം ഒരു വിധത്തിലും കൈകടത്തുകയില്ല; മനസ്സാക്ഷി, വിശ്വാസം, അഭിപ്രായം, മതകർമ്മങ്ങൾ, ആരാധനകൾ എന്നിവയിൽ 'സിമ്മി'കൾ പരിപൂർണ്ണസ്വതന്ത്രരായിരിക്കും; അവക്ക് തങ്ങളുടെ മതം പ്രചരിപ്പിക്കാമെന്നു മാത്രമല്ല, നിയമപരിധിക്കുള്ളിൽ നിന്നുകൊണ്ട് ഇസ്ലാമിനെ വിമർശിക്കുകയും ചെയ്യാം. ഇതുപോലുള്ള മററനേകം അവകാശങ്ങളും ഇസ്ലാമിക ഭരണഘടനയിൽ അമുസ്ലിംകൾക്ക് നല്കപ്പെട്ടിട്ടുണ്ട്; ഇസ്ലാമിക രാഷ്ട്രത്തിൻെറ സംരക്ഷണത്തിൽ നിന്നു പുറത്തുപോകാത്ത കാലത്തോളം ഒരിക്കലും അവർക്ക് നിഷേധിക്കപ്പെടാൻ പാടില്ലാത്ത ശാശ്വതാവകാശങ്ങളാണിതെല്ലാം. ഒരമുസ്ലിം രാഷ്ട്രം അവിടുത്തെ മുസ്ലിം പ്രജകളെ എത്രതന്നെ മർദ്ദിക്കട്ടെ, അതിന്നു പ്രത്യുത്തരമായി ഇസ്ലാമികരാഷ്ട്രത്തിന്നു അവിടുത്തെ അമുസ്ലിം പ്രജകളുടെമേൽ ശരീഅത്തിന്നു വിരുദ്ധമായി അതിനിസ്സാരമായ വിധത്തിൽപോലും കൈവെക്കാൻ പാടില്ല. എന്നല്ല, ഇസ്ലാമികരാഷ്ട്രത്തിൻെറ അതിർത്തിക്കു പുറത്തുള്ള മുഴുവൻ മുസ്ലിംകളും വധിക്കപ്പെട്ടാൽതന്നെയും അതിർത്തിക്കുള്ളിൽ ഒരു 'സിമ്മി'യുടെ രക്തവും ന്യായമില്ലാതെ ഒഴുക്കാവതല്ല!

ഇസ്ലാമികരാഷ്ട്രത്തിൻെറ ഭരണപരമായ ഉത്തരവാദിത്തം ജനാധിപത്യഗവൺമെണ്ടിൻെറ പ്രസിഡണ്ടിനെ

പ്പോലെ കണക്കാക്കാവുന്ന ഒരു അമീറിനെ ഭരമേല്പിക്കപ്പെടുന്നതായിരിക്കും. ഭരണഘടനയുടെ അടിസ്ഥാന സിദ്ധാന്തങ്ങളംഗീകരിക്കുന്നവരും പ്രായപൂർത്തി എത്തിയവരുമായ എല്ലാ സ്ത്രീപുരുഷന്മാക്കും അമീറിൻെറ തിരഞ്ഞെടുപ്പിൽ വോട്ടവകാശമുണ്ടായിരിക്കും. ഇസ്ലാമിൻെറ ആത്മാവിനെക്കുറിച്ചുള്ള പരിജ്ഞാനം, ഇസ്ലാമിക സ്വഭാവചര്യ, ദൈവഭക്തി, ചിന്താശക്തി എന്നീ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ സൊസൈററിയിലെ ഭൂരിപക്ഷത്തിൻെറ വിശ്വാസമാർജ്ജിച്ച വ്യക്തിയെ അമീറായി തിരഞ്ഞെടുക്കുക എന്നതായിരിക്കും തിരഞ്ഞെടുപ്പിൻെറ അടിസ്ഥാനം. പിന്നീട് അദ്ദേഹത്തെ സഹായിക്കാനായി ഒരു ആലോചനാസമിതി രൂപീകരിക്കപ്പെടുന്നതാണ്. പ്രസ്തുത സമിതിയും ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെടുന്നതാണ്. നാട്ടിൻെറ ഭരണം ആലോചനാസമിതിയുമായി കൂടിയാലോചിച്ചു നടത്തേണ്ടത് അമീറിന്നു നിർബ്ബന്ധമായിരിക്കും. ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചിരിക്കുന്ന കാലത്തോളം മാത്രമേ ഒരമീറിന്നു ഭരണാധികാരിയായിരിക്കുവാൻ സാധിക്കുകയുള്ളു. അവിശ്വാസമുണ്ടാവുന്നപക്ഷം അദ്ദേഹത്തിന്നു സ്ഥാനത്യാഗം ചെയ്യേണ്ടതായിവരുന്നതാണ്. ജനങ്ങളുടെ വിശ്വാസം ആർജ്ജിച്ചിരിക്കുന്ന കാലത്തോളം അദ്ദേഹത്തിന്നു ഭരണസംബന്ധമായ പൂർണ്ണാധികാരമുണ്ടായിരിക്കും; ആലോചനാസമിതിയുടെ ഭൂരിപക്ഷത്തിന്നെതിരിൽ 'വീറേറാ' ഉപയോഗിക്കാനും അദ്ദേഹത്തിന്നു സാധിക്കുന്നതാണ്. അമീറിനെയും അദ്ദേഹത്തിൻെറ ഭരണത്തേയും വിമർശിക്കുന്നതിന്നു പൊതുജനങ്ങൾക്ക് പൂർണ്ണാവകാശമുണ്ടായിരിക്കും.

ഇസ്ലാമികരാഷ്ട്രത്തിൽ നിയമനിർമ്മാണം 'ശരീഅത്തു' നിശ്ചയിച്ച പരിധിക്കുള്ളിൽ പരിമിതമായിരിക്കും.

ദൈവത്തിൻെറയും ദൈവദൂതൻെറയും വിധികൾ തികച്ചും അനുസരിക്കപ്പെടേണ്ടവയാണ്; അതിൽ മാററങ്ങൾ വരുത്താൻ യാതൊരു നിയമനിർമ്മാണസഭക്കും അധികാരമില്ല. എന്നാൽ ഒന്നിലധികം വ്യാഖ്യാനങ്ങൾക്ക് സാധ്യതയുള്ള വിധികളാണെങ്കിൽ, അവയിൽ ശരീഅത്തു ഉദ്ദേശിച്ചതെന്താണെന്നു ആരാഞ്ഞുമനസ്സിലാക്കേണ്ടതു്, ശരീഅത്തിനെക്കുറിച്ചു പാണ്ഡിത്യമുള്ളവരുടെ ജോലിയാണ്; അതിനാൽ, അത്തരം പ്രശ്നങ്ങൾ പണ്ഡിതന്മാരുൾക്കൊള്ളുന്ന, ആലോചനാസമിതിയുടെ സബ്ബ് കമ്മററിയെ ഏല്പിക്കുന്നതായിരിക്കും. ഇനിയുള്ളത്, ശരീഅത്തിൽ വ്യക്തമായി വിധി നല്കീട്ടില്ലാത്ത വിഷയങ്ങളുടെ വിസ്തൃത രംഗമാണ്; അത്തരം എല്ലാ ഏടവാടുകളെസംബന്ധിച്ചും ശരീഅത്തിൻെറ പരിധിക്കുള്ളിൽ നിന്നുകൊണ്ടു് നിയമം നിർമ്മിക്കുവാൻ, ആലോചനാസമിതിക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കും.

ഇസ്ലാമിൽ നീതിന്യായവകുപ്പ് ഭരണനിർവ്വാഹകവ്യവസ്ഥയുടെ കീഴിലായിരിക്കയില്ല; അത് നേരിട്ടുതന്നെ ദൈവത്തിൻെറ പ്രാതിനിധ്യം വഹിക്കുന്നതും അവൻെറ മുമ്പിൽ ഉത്തരവാദിത്തമുള്ളതുമായിരിക്കും. ന്യായാധിപന്മാരെ നിയമിക്കുന്നത് ഗവമ്മെണ്ടു തന്നെയായിരിക്കുമെങ്കിലും, ഒരു വ്യക്തി ന്യായാധിപസ്ഥാനത്തിരുന്നുകഴിഞ്ഞാൽപിന്നെ അദ്ദേഹം ദൈവത്തിൻെറ നിയമങ്ങൾക്കൊത്ത് ജനങ്ങൾക്കിടയിൽ നിഷ്പക്ഷമായി നീതി പാലിക്കുന്നതായിരിക്കും; ആ നീതിയുടെ പിടുത്തത്തിൽനിന്നു ഗവമ്മെണ്ടിന്നുപോലും രക്ഷപ്പെടുക സാധ്യമല്ല; എന്നല്ല, ഗവമ്മെണ്ടിൻെറ മേലദ്ധ്യക്ഷൻപോലും, അന്യായക്കാരനായും പ്രതിയായും ഒരു സാധാരണ പൗരനെപ്പോലെത്തന്നെ ന്യായാധിപൻെറ മുമ്പിൽ ഹാജരാകേണ്ടിവരുന്നതാണ്!

★★

# സാമൂഹ്യവ്യവസ്ഥ

ലോകത്തുള്ള മുഴുവൻ മനുഷ്യരും ഒരേ വംശത്തിൽ പെട്ടവരാണെന്ന സിദ്ധാന്തമാണ് ഇസ്ലാമികസാമൂഹ്യ വ്യവസ്ഥയുടെ അസ്ഥിവാരം. ദൈവം ആദ്യമായി രണ്ടു മനുഷ്യ ഇണകളെ സൃഷ്ടിച്ചു; പിന്നീട് അതേ ഇണകളിൽനിന്നു, ലോകത്തു നിവസിക്കുന്ന മുഴുവൻ ജനങ്ങളും ജന്മമെടുത്തു. ആരംഭത്തിൽ കുറേ കാലത്തോളം പ്രസ്തുത ഇണകളുടെ സന്തതികൾ ഒരേ സമുദായമായി നിലകൊണ്ടുപോന്നു; അവരുടെയെല്ലാം മതം ഒന്നായിരുന്നു; ഭാഷയും ഒന്നുതന്നെ. യാതൊരു ഭിന്നിപ്പും അവർക്കിടയിലുണ്ടായിരുന്നില്ല. എന്നാൽ അവരുടെ സംഖ്യ ക്രമേണ വർദ്ധിക്കുകയും ഭൂമിയുടെ പല ഭാഗങ്ങളിലും അവർ വ്യാപിച്ചുകൊണ്ടിരിക്കുകയും ചെയ്തു. തദ്വാരാ അവർ സ്വാഭാവികമായി വിവിധ വംശങ്ങളും സമുദായങ്ങളും ഗോത്രങ്ങളുമായി വിഭജിക്കപ്പെട്ടു; അവരുടെ ഭാഷകൾ വ്യത്യസ്തങ്ങളായി; വേഷങ്ങൾ വിഭിന്നങ്ങളായി; അവരുടെ ജീവിതരീതികൾ വിവിധങ്ങളായി. വ്യത്യസ്ത പ്രദേശങ്ങളിലെ കാലാവസ്ഥയും വായുവും വെള്ളവും അവരുടെ വർണ്ണവും രൂപവും ആകൃതിയും മാററിക്കളഞ്ഞു; ഇതെല്ലാം പ്രകൃത്യായുള്ള വ്യത്യാസങ്ങളും സംഭവലോകത്ത് കാണപ്പെടുന്നവയുമാണ്. അതി

നാൽ ഒരു യാഥാർത്ഥ്യമെന്ന നിലക്ക് അവയെ ഇസ്ലാം അംഗീകരിക്കുന്നു. അവയെ ഉന്മൂലനം ചെയ്യുവാൻ അതുദ്ദേശിക്കുന്നില്ല; എന്നു മാത്രമല്ല, മനുഷ്യർ അന്യോന്യം പരിചയപ്പെട്ടുവാനും പരസ്പരം സഹകരിക്കുവാനും പ്രസ്തുത രൂപത്തിലേ സാധിക്കയുള്ളുവെന്നകാര്യം ഇസ്ലാം അംഗീകരിക്കുകയാണ് ചെയ്യുന്നത്. പക്ഷെ, പ്രസ്തുത വ്യത്യാസങ്ങളുടെ അടിസ്ഥാനത്തിൽ മനുഷ്യർക്കിടയിൽ ഉണ്ടായിത്തീർന്ന വർണ്ണപരവും ഭാഷാപരവും സാമുദായികവും ദേശീയവുമായ സകല വിധ പക്ഷപാദിത്തങ്ങളേയും ഇസ്ലാം പരമാബദ്ധമായി കണക്കാക്കുന്നു. ഉയർന്നവൻ, താന്നവൻ, ശ്രേഷ്ടൻ, അധമൻ, സ്വന്തക്കാരൻ, അന്യൻ എന്നിങ്ങനെ എന്തെല്ലാം വ്യത്യാസങ്ങൾ ജനനത്തിൻെറ അടിസ്ഥാനത്തിൽ മനുഷ്യർക്കിടയിൽ സ്ഥാപിതമായിട്ടുണ്ടോ അതെല്ലാം ഇസ്ലാമിൻെറ ദൃഷ്ടിയിൽ കേവലം മൗഢ്യത മാത്രമാണ്. ഭൂമുഖത്തുള്ള മുഴുവൻ മനുഷ്യരോടും അത് പറയുന്നു: "നിങ്ങളെല്ലാം ഒരേ മാതാപിതാക്കളുടെ സന്താനങ്ങളാണ്; തന്നിമിത്തം പരസ്പരം സഹോദരങ്ങളും മനുഷ്യരെന്ന നിലക്ക് തുല്യരുമാണ്."

മനുഷ്യരാശിയെസംബന്ധിച്ചുള്ള ഈ വിഭാവനം അംഗീകരിച്ചുകൊണ്ട് ഇസ്ലാം പറയുന്നു: മനുഷ്യനും മനുഷ്യനും തമ്മിൽ സാക്ഷാൽ അന്തരം വല്ലതുമുണ്ടെങ്കിൽ അത്, വംശപാരമ്പര്യം, വർണ്ണം, ദേശം, ഭാഷ എന്നിവയുടെ അടിസ്ഥാനത്തിലല്ല, ചിന്താഗതികൾ, സ്വഭാവചര്യകൾ, സിദ്ധാന്തങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മാത്രമാണ്. ഒരു മാതാവിൻെറ രണ്ടു സന്താനങ്ങൾ രക്തബന്ധാടിസ്ഥാനത്തിൽ ഒന്നാണെങ്കിലും, അവരുടെ ചിന്താഗതികളും സ്വഭാവചര്യകളും പരസ്പരം ഭി

ന്നങ്ങളാണെങ്കിൽ ജീവിതത്തിൽ രണ്ടുപേരും കൈക്കൊള്ളുന്ന മാർഗ്ഗങ്ങളും വ്യത്യസ്തമായിരിക്കും. നേരെമറിച്ച്, ഭൂമിയുടെ കിഴക്കും പടിഞ്ഞാറുമുള്ള അററങ്ങളിൽ താമസിക്കുന്ന രണ്ടു വ്യക്തികൾ പ്രത്യക്ഷത്തിൽ എത്രതന്നെ ദൂരത്താണ് സ്ഥിതിചെയ്യുന്നതെങ്കിലും, ചിന്താഗതികളിലും സ്വഭാവചര്യകളിലും അവർ തമ്മിൽ യോജിക്കുന്നുവെങ്കിൽ അവരുടെ ജീവിതസരണിയും ഒന്നായിരിക്കും. ഈ സിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിൽ ലോകത്തുള്ള വംശപരവും ദേശീയവും വർഗ്ഗീയവുമായ എല്ലാവിധ സാമൂഹ്യഘടനകൾക്കുമെതിരിൽ, ചിന്താപരവും ധാർമ്മികവും ആദർശപരവുമായ ഒരു പ്രത്യേകതരം സാമൂഹ്യഘടന ഇസ്ലാം ആവിഷ്കരിക്കുന്നു. അതിൽ മനുഷ്യനും മനുഷ്യനും തമ്മിലുള്ള സമ്പർക്കത്തിൻെറ അടിസ്ഥാനം അവരുടെ ജനനമല്ല, ഒരാദർശവും ധാർമ്മികവ്യവസ്ഥയുമാണ്. ദൈവത്തെ തൻെറ നാഥനും ആരാധ്യനുമായി സമ്മതിക്കുകയും പ്രവാചകന്മാർ കൊണ്ടുവന്നിട്ടുള്ള നിർദ്ദേശങ്ങളെ തൻെറ ജീവിതനിയമമായി അംഗീകരിക്കുകയും ചെയ്യുന്ന ഏതൊരു വ്യക്തിക്കും പ്രസ്തുത സാമൂഹ്യഘടനയിൽ പ്രവേശിക്കാവുന്നതാണ്; അവൻ ആഫ്രിക്കയിലോ അമേരിക്കയിലോ താമസിക്കട്ടെ, ആര്യനോ, അധകൃതനോ, കറുത്തവനോ, വെളുത്തവനോ ആവട്ടെ, ഹിന്ദി സംസാരിക്കുന്നവനോ അറബി സംസാരിക്കുന്നവനോ ആയിക്കൊള്ളട്ടെ, അതൊന്നും പ്രശ്നമല്ല. പ്രസ്തുത സാമൂഹ്യഘടനയിൽ ഉൾപെടുന്ന മുഴുവൻ മനുഷ്യരുടേയും അവകാശങ്ങളും സാമൂഹ്യനിലപാടും തുല്യമായിരിക്കും; വംശപരമോ ജാതീയമോ വർഗ്ഗപരമോ ആയ യാതൊരുവിധ വ്യത്യാസങ്ങളും അവർക്കിടയിലുണ്ടായിരിക്കുന്നതല്ല; ഉയർന്നവരും താഴ്ന്നവരും ഉണ്ടായിരിക്കയില്ല; യാതൊരുവിധ ഐത്തവും തൊട്ടുകൂടായ്മയും

അവരെ തീണ്ടുകയില്ല; ഒരാളുടെ കൈ സ്പർശിക്കുന്നതിനാൽ ആരും അശുദ്ധനാവുകയുമില്ല.

വിവാഹബന്ധത്തിലോ, അന്നപാനാദികളിലോ, സാമാജിക വേഴ്ചയിലോ അവക്കിടയിൽ യാതൊരുവിധ പ്രതിബന്ധവും ഉണ്ടായിരിക്കയില്ല; ജനനത്തിൻേറയോ തൊഴിലിൻേറയോ അടിസ്ഥാനത്തിൽ ആരേയും അധമനോ നീചനോ ആയി ഗണിക്കപ്പെടുകയില്ല; ജാതിയുടേയോ വംശപാരമ്പര്യത്തിൻേറയോ ഗോത്രമാഹാത്മ്യത്തിൻേറയോ അടിസ്ഥാനത്തിൽ ആക്കും യാതൊരുവിധ പ്രത്യേക അവകാശങ്ങളും ലഭിക്കയില്ല. മനുഷ്യൻെറ ശ്രേഷ്ഠതക്ക് നിദാനം അവൻെറ ഗോത്രമോ ധനമോ ആയിരിക്കയില്ല; അവൻെറ സ്വഭാവചര്യകൾ ഉൽകൃഷ്ടമാണെന്നതും, അവൻ കൂടുതൽ ദൈവഭക്തനാണെന്നുള്ളതും മാത്രമായിരിക്കും!

പാരമ്പര്യം, വർണ്ണം, ഭാഷ തുടങ്ങിയ പരിധികളെയും ഭൂപരമായ അതിർവരമ്പുകളെയും തട്ടിത്തകർത്തു, ഭൂമിയുടെ നാനാ ഭാഗങ്ങളിലും വ്യാപിച്ചു വികസിക്കാൻ പോരുന്ന ഒരു സാമൂഹ്യ ഘടനയാണിത്! ഇതിൻെറ അടിസ്ഥാനത്തിൽ ഒരു സാർവ്വലൗകിക മനുഷ്യകുടുംബം ജന്മമെടുക്കുന്നതാണ്. വംശപരമോ ദേശീയമോ ആയ സാമൂഹ്യഘടനകളിൽ ഒരു പ്രത്യേക വംശത്തിലോ ദേശത്തോ ജനിച്ചവക്ക് മാത്രമെ പ്രവേശിക്കാൻ സാധിക്കയുള്ളു; അതിനു പുറത്തുള്ളവരെസംബന്ധിച്ചിടത്തോളം അത്തരം സാമൂഹ്യഘടനകളുടെയെല്ലാം കവാടം ബന്ധിച്ചിരിക്കും; എന്നാൽ, ചിന്താപരവും ആദശപരവുമായ ഈ സാമൂഹ്യഘടനയിലാകട്ടെ, ഒരാദശവും ഒരു ധാമ്മികവ്യവസ്ഥയും അംഗീകരിക്കുന്ന ഏതു വ്യക്തിക്കും

തുല്യാവകാശത്തോടെ പ്രവേശിക്കാവുന്നതാണ്. ഇനി പ്രസ്തുത ആദശ്വും വ്യവസ്ഥയും അംഗീകരിക്കാത്ത ജനങ്ങളാണെങ്കിൽ, അവക്ക് ആ സാമൂഹ്യഘടനയിൽ പ്രവേശനമില്ലെങ്കിലും, അവരോടും മനുഷ്യകുടുംബത്തിലെ അംഗങ്ങളെന്ന ബന്ധം പുലത്താനും അവക്ക് മാനുഷികമായ അവകാശങ്ങൾ വകവെച്ചു കൊടുക്കാനും അത് തയ്യാറാണ്. ഒരു മാതാവിൻെറ രണ്ടു സന്താനങ്ങൾ ആദശ ചിന്താഗതികളിൽ ഭിന്നരാണെങ്കിൽ അവരുടെ ജീവിതസരണികൾ വ്യത്യസ്തമായിരിക്കുമെന്നതു വ്യക്തമാണെങ്കിലും അവർ പരസ്പരം സഹോദരന്മാരല്ലെന്നതിന്നത്ഥമില്ലല്ലോ. അതേപ്രകാരം, മനുഷ്യവംശത്തിലെ രണ്ടു വിഭാഗങ്ങൾ ആദശസിദ്ധാന്തങ്ങളിൽ ഭിന്നരാകുന്നപക്ഷം, അവരുടെ സാമൂഹ്യഘടന തീച്ച്യായും ഭിന്നമായിരിക്കും; എങ്കിലും മനുഷ്യത്വത്തിൽ അവർ പങ്കാളികളായിത്തന്നെ നിലക്കൊള്ളുന്നതാണ്. ഈ കൂട്ടായ മനുഷ്യത്വത്തിൻെറ അടിസ്ഥാനത്തിൽ എത്ര കൂടുതൽ അവകാശങ്ങൾ വിഭാവനം ചെയ്യാമോ അതെല്ലാംതന്നെ അനിസ്ലാമിക സമാജങ്ങൾക്ക് ഇസ്ലാമികസമാജം വകവെച്ചു കൊടുത്തിട്ടുണ്ട്!

ഇസ്ലാമിക സാമൂഹ്യ വ്യവസ്ഥിതിയുടെ ഈ അടിസ്ഥാനങ്ങൾ ഗ്രഹിച്ചശേഷം, മാനുഷിക സമ്പക്ത്തിൻെറ വിവിധ രൂപങ്ങൾക്ക് ഇസ്ലാം നിശ്ചയിച്ചിട്ടുള്ള സിദ്ധാന്തങ്ങളും മാഗ്ഗങ്ങളും എന്തെല്ലാമാണെന്ന് നമുക്കൊന്നു പരിശോധിക്കാം:

മനുഷ്യസമാജത്തിൻെറ പ്രഥമവും അടിസ്ഥാനപരവുമായ സ്ഥാപനം കുടുംബമാണ്. ഒരു പുരുഷനും ഒരു സ്ത്രീയും തമ്മിലുള്ള സമ്പക്ത്തിലാണ് കുടുംബത്തിൻെറ

അസ്ഥിവാരം. പ്രസ്തുത സമ്പര്‍ക്കത്തില്‍നിന്നു ഒരു പുതിയ തലമുറ പ്രത്യക്ഷപ്പെടുന്നു; പിന്നീടതില്‍നിന്നു ചാര്‍ച്ചകളുടേയും തറവാടിന്‍േറയും ഗോത്രത്തിന്‍േറയും മററു പുതിയ ബന്ധങ്ങള്‍ ജന്മമെടുക്കുന്നു; അവസാനം അത് വ്യാപിച്ച് വികസിച്ച് ഒരു സമൂഹമായിത്തീരുന്നു. മനുഷ്യ നാഗരീകതയുടെ അതിവിപുലമായ കര്‍ത്തവ്യങ്ങള്‍ ഏറെറടുക്കാന്‍വേണ്ടി, ഓരോ തലമുറയും ശേഷം വരാനിരിക്കുന്ന തലമുറയെ അങ്ങേഅററത്തെ സ്നേഹത്തോടും ത്യാഗബുദ്ധിയോടും ഉല്‍ക്കണ്ഠയോടും ഗുണകാംക്ഷയോടും കൂടിതയ്യാറാക്കുന്നത് കുടുംബമാകുന്ന പ്രസ്തുത സ്ഥാപനത്തില്‍വെച്ചുതന്നെയാണ്. മനുഷ്യനാഗരീകതയുടെ നിലനില്പിനും വളര്‍ച്ചക്കുംവേണ്ടി കേവലം "റിക്രൂട്ട്" നടത്തുകമാത്രമല്ല പ്രസ്തുത സ്ഥാപനം ചെയ്യുന്നത്; മറിച്ച്, തങ്ങളുടെ സ്ഥാനം കയ്യേല്ക്കുന്നവര്‍ തങ്ങളേക്കാള്‍ ഉത്തമന്മാരായിരിക്കണമെന്ന് അതിലെ പ്രവര്‍ത്തകര്‍ക്ക് ആത്മാര്‍ത്ഥമായ ആഗ്രഹമുണ്ട്. ഈ അടിസ്ഥാനത്തില്‍, മനുഷ്യ നാഗരീകതയുടെ നാരായവേര് കുടുംബമാണെന്നും, പ്രസ്തുത നാരായവേരിന്‍െറ അരോഗ്യത്തേയും ശക്തിയേയും ആശ്രയിച്ചാണ് നാഗരീകതയുടെ ആരോഗ്യവും ശക്തിയും സ്ഥിതിചെയ്യുന്നതെന്നും പറയുന്നത് ഒരു യാഥാര്‍ത്ഥ്യം മാത്രമാണ്; ഇതേ കാരണംകൊണ്ടാണ്, സാമൂഹ്യ പ്രശ്നങ്ങള്‍ കൈകാര്യം ചെയ്യുന്ന കൂട്ടത്തില്‍, ഏററവും ആദ്യമായി, കുടുംബമാകുന്ന സ്ഥാപനം അങ്ങേയററം ആരോഗ്യകരവും സുശക്തവുമായ അടിസ്ഥാനങ്ങളില്‍ സ്ഥാപിക്കാന്‍ ഇസ്ലാം പ്രത്യേകം ശ്രദ്ധിക്കുന്നത്.

സാമൂഹ്യ ഉത്തരവാദിത്വങ്ങള്‍ ഏറെറടുക്കുകയും ഒരു കുടുംബത്തിന്നു അസ്ഥിവാരമിടുകയുംചെയ്യാന്‍ കാര

ണമായിത്തീരുന്ന് ഒരേയൊരു രൂപം മാത്രമേ ഇസ്ലാമി ൻെറ വീക്ഷണത്തിൽ സ്ത്രീപുരുഷബന്ധത്തിനുള്ളു.

സ്വാതന്ത്ര്യവും ഉത്തരവാദരഹിതവുമായ സ്ത്രീപുരുഷ ബന്ധത്തെ, കേവലം നിർദ്ദോഷമായ ഒരുല്ലാസമോ, നി സ്സാരമായ ഒരു മാർഗ്ഗഭ്രംശമോ ആണെന്നു കരുതി അവഗ ണിച്ചുകളയുവാൻ ഇസ്ലാം ഒരുക്കമല്ല. ഇസ്ലാമിൻെറ ദൃ ഷ്ടിയിൽ അത് മനുഷ്യനാഗരികതയുടെ നാരായവേരു തന്നെ മുറിച്ചുകളയുന്ന ഒരു നീചകൃത്യമാണ്. അതി നാൽ അത്തരംബന്ധങ്ങൾ ധാർമ്മികമായി മഹാപാപവും നിയമപരമായ കുററവുമാണെന്നു ഇസ്ലാം പ്രഖ്യാപിക്കു ന്നു. മനുഷ്യനാഗരികതയെ തകർത്തുകളയുന്ന അത്തരം ബന്ധങ്ങൾ സൊസൈററിയിൽ പ്രചരിക്കുന്നത് തട യാൻവേണ്ടി അതിന്നു കഠിനതരമായ ശിക്ഷ നിശ്ചയി ക്കുകയും ചെയ്തിരിക്കുന്നു. അപ്രകാരംതന്നെ, നിരുത്തര വാദപരമായ ബന്ധങ്ങൾക്ക് പ്രേരണ നല്കുകയോ അതി ന്നു സന്ദർഭം സൃഷ്ടിക്കുകയോ ചെയ്യുന്ന എല്ലാ കാര്യങ്ങളിൽ നിന്നും സമുദായത്തെ ശുദ്ധീകരിക്കുവാനും ഇസ്ലാം ഉദ്ദേ ശിക്കുന്നു. പർദ്ദയെ സംബന്ധിച്ച വിധികൾ, സ്ത്രീകളും പുരുഷന്മാരും തമ്മിലുള്ള സ്വാതന്ത്ര്യസമ്പർക്കത്തിൻെറ നിരോധം, സംഗീതത്തെയും ചിത്രങ്ങളെയും സംബ ന്ധിച്ചുള്ള നിയന്ത്രണങ്ങൾ, മ്ലേഛതകളുടെ പ്രചരണ ത്തിന്നെതിരിലുള്ള തടസ്ഥങ്ങൾ എന്നിവയെല്ലാംത ന്നെ അതിന്നുവേണ്ടിയുള്ള മുൻകരുതലുകളാണ്; അവ യുടെയെല്ലാം കേന്ദ്രലക്ഷ്യം കുടുംബമാകുന്ന സ്ഥാപന ത്തെ സുശക്തവും സുരക്ഷിതവുമാക്കുക എന്നതാണ്. മറുവശത്താകട്ടെ, ഉത്തരവാദപരമായ ബന്ധത്തെ–വി വാഹത്തെ–ഇസ്ലാം അനുവദിക്കുക മാത്രമല്ല, അതിനെ ഉൽകൃഷ്ടമായ ഒരു നന്മയും പുണ്യകർമ്മവും ആരാധന

യുമായി കണക്കാക്കുകകൂടി ചെയ്യുന്നുണ്ട്. പ്രായപൂർത്തി വന്നശേഷം സ്ത്രീയും പുരുഷനും അവിവാഹിതരായി ജീവിക്കുന്നത് ഇസ്ലാം ഇഷ്ടപ്പെടുന്നില്ല; മാതാപിതാക്കൾ വഹിച്ചിരുന്ന നാഗരീകഉത്തരവാദിത്തങ്ങൾ ഊഴം വരുമ്പോൾ തങ്ങളും ഏറെറടുക്കണമെന്നു എല്ലാ യുവാക്കളോടും ഇസ്ലാം പ്രേരിപ്പിക്കുന്നു. സന്യാസവും ബ്രഹ്മചര്യവും പുണ്യകർമ്മമായി ഇസ്ലാം അംഗീകരിക്കുന്നില്ലെന്നു മാത്രമല്ല, ദൈവദത്തമായ പ്രകൃതിക്ക് വിരുദ്ധമായ ഒരനാചാരമായി അതിനെ കണക്കാക്കുകകൂടി ചെയ്യുന്നു. വിവാഹം ദുഷ്കരവും വിഷമകരവുമായിത്തീരാൻ കാരണമായ എല്ലാ ആചാരസമ്പ്രദായങ്ങളേയും അത് വെറുക്കുന്നു. വിവാഹം വിഷമകരവും വ്യഭിചാരം എളുപ്പവുമായിത്തീരുന്നതിന്നുപകരം, വിവാഹം സമുദായത്തിൽ ഏററവും എളുപ്പമുള്ള ഒന്നായിത്തീരണമെന്നാണ് അതുദ്ദേശിക്കുന്നത്. അതുകൊണ്ടാണ്, ചുരുക്കം ചില ബന്ധുക്കൾ തമ്മിലുള്ള വിവാഹബന്ധം മാത്രം നിരോധിച്ചുകൊണ്ട്, അടുത്തവരും അകന്നവരുമായ ബന്ധുക്കൾ തമ്മിലുള്ള വൈവാഹികബന്ധങ്ങളെല്ലാം അത് അനുവദിച്ചിരിക്കുന്നത്. വംശപരവും ഗോത്രപരവുമായ അതിർവരമ്പുകൾ തകർത്തുകൊണ്ട്, എല്ലാ മുസ്ലിംകൾക്കും തമ്മിൽ വിവാഹബന്ധം സ്ഥാപിക്കാനുള്ള വ്യക്തമായ അനുവാദം അത് നല്കിയിരിക്കുന്നു. മഹ്റും (1) ജഹീസും (2) ഇരുകക്ഷികൾക്കും നിഷ്പ്രയാസം സഹിക്കാൻ കഴിയുന്നവിധം ലഘുവായിരിക്കണമെന്നു അതുപദേശിക്കുന്നു. വിവാഹകർമ്മം നിർവ്വഹിക്കുവാൻ വല്ല ഖാസിയോ പണ്ഡിതനോ പുരോഹിതനോ പട്ടികയോ

---

(1) വരൻ വധുവിന്നു നല്കുന്ന വിവാഹമൂല്യം

(2) ചിലേടങ്ങളിൽ വധുവിന്നു തൻെറ വീട്ടുകാർനല്കുന്ന വീട്ടുസാമഗ്രികൾ

റജിസ്റ്ററോ ആവശ്യമുണ്ടെന്നു അതു് നിശ്ചയിച്ചിട്ടില്ല. എവിടെവെച്ചും രണ്ടു സാക്ഷികളുടെ സാന്നിധ്യത്തിൽ പ്രായപൂർത്തിവന്ന സ്ത്രീപുരുഷന്മാരുടെ സമ്മതത്തോടു കൂടി നിർവ്വഹിക്കാവുന്ന എത്രയും ലളിതമായ ഒരു ചടങ്ങാണ് ഇസ്ലാമികവിവാഹം. പക്ഷെ അത് രഹസ്യമാക്കാതെ നാട്ടിൽ പരസ്യപ്പെടുത്തിക്കൊണ്ടു നിർവ്വഹിക്കേണ്ടതാവശ്യമാണ്.

ഗാർഹികജീവിതത്തിൽ ക്രമവും നിയന്ത്രണവും സ്ഥാപിക്കാൻവേണ്ടി, ഇസ്ലാം പുരുഷന്നു കുടുംബത്തിൽ മാനേജരുടെ സ്ഥാനം നല്കിയിരിക്കുന്നു. ഭാര്യയോടു ഭർത്താവിനെയും, സന്താനങ്ങളോട് മാതാപിതാക്കളെയും അനുസരിക്കുവാനും സേവിക്കുവാനും അത് കല്പിക്കുന്നു. യാതൊരു ക്രമവും വ്യവസ്ഥയുമില്ലാത്തതും, വീട്ടുകാരുടെ സ്വഭാവകർമ്മങ്ങളും ഇടപാടുകളും ശരിപ്പെടുത്തുന്നതിന്നു ഉത്തരവാദികളില്ലാത്തതുമായ കുത്തഴിഞ്ഞ കുടുംബവ്യവസ്ഥ ഇസ്ലാം ഇഷ്ടപ്പെടുന്നില്ല. ഉത്തരവാദപ്പെട്ട ഒരാളുടെ മേൽനോട്ടത്തിൽ മാത്രമേ ക്രമവ്യവസ്ഥ സംസ്ഥാപിതമാകയുള്ളു! പ്രസ്തുത ഉത്തരവാദിത്തം വഹിക്കാൻ ഇസ്ലാമിൻെറ ദൃഷ്ടിയിൽ കുടുംബപിതാവുതന്നെയാണ് പ്രകൃത്യാ അനുയോജ്യൻ. എന്നാൽ പുരുഷനെ വീട്ടിൻെറ സ്വേഛരാധിപതിയും ഏകഛത്രാധിപതിയും ആക്കുകയും, സ്ത്രീയെ നിസ്സഹായയായ ഒരു അടിമസ്ത്രീയെപ്പോലെ അവനെ ഏല്പിക്കുകയും ചെയ്തിരിക്കയാണെന്നു ഇതിന്നർത്ഥമില്ല. ഇസ്ലാമിൻെറ വീക്ഷണത്തിൽ ദാമ്പത്യജീവിതത്തിൻെറ സാക്ഷാൽ ജീവൻ സ്നേഹവും കരുണയുമാണ്; സ്ത്രീയുടെ കർത്തവ്യം ഭർത്താവിനെ അനുസരിക്കലാണെങ്കിൽ, തൻെറ അധികാരങ്ങൾ അക്രമത്തിന്നു ഉപയോഗപ്പെടുത്താതെ നന്മക്കുവേണ്ടി മാത്രം ഉപ

യോഗിക്കേണ്ടത് പുരുഷൻേറയും കത്തവ്യമാണ്. ദാമ്പത്യജീവിതത്തിൽ, സ്നേഹത്തിൻെറ മാധുര്യമോ, ചുരുങ്ങിയത്, സൽസംഹവാസത്തിന്നുള്ള സാദ്ധ്യതയോ അവശേഷിക്കുന്ന സമയംവരെ മാത്രമേ വൈവാഹികബന്ധം നിലനിത്തുവാൻ ഇസ്ലാം ഉദ്ദേശിക്കുന്നുള്ളു; അതിന്നുള്ള സാദ്ധ്യത എവിടെ അവശേഷിക്കുന്നില്ലയോ അവിടെ പുരുഷനോട് 'തലാഖു്' ചെയ്യാനും (1) സ്ത്രീയോട് 'ഖുൽഅ്' ചെയ്യാനും (2) അതു നിർദ്ദേശിക്കുന്നു. എന്നുമാത്രമല്ല, അനുഗ്രഹത്തിനുപകരം ആപത്തായി ഭവിക്കുന്ന വിവാഹബന്ധങ്ങൾ വേർപെടുത്തുവാനുള്ള അധികാരം ചില സന്ദർഭങ്ങളിൽ ഇസ്ലാമിക കോടതിയ്ക്കും അതു നല്കുന്നുണ്ട്.

കുടുംബത്തിൻെറ പരിമിതവൃത്തത്തിന്നു പുറത്ത് ഏററവും അടുത്തു സ്ഥിതിചെയ്യുന്നത് ബന്ധുക്കളുടെ അതിവിശാലമായ വൃത്തമാണ്. മാതാപിതാക്കൾ വഴിക്കോ, സഹോദരസഹോദരിമാർ മുഖേനയോ വിവാഹബന്ധം കാരണമായോ പരസ്പരം ബന്ധുക്കളായിത്തീരുന്ന സകല ജനങ്ങളും അന്യോന്യം സഹാനുഭൂതിയും, ദയാദാക്ഷിണ്യവുമുള്ളവരും സഹായികളുമായിരിക്കണമെന്നാണ് ഇസ്ലാം ഉദ്ദേശിക്കുന്നത്. ചാർച്ചക്കാരുമായി നല്ലനിലയിൽ വത്തിക്കുവാൻ വിശുദ്ധഖുർആൻ അടിക്കടി നിർദ്ദേശിക്കുന്നുണ്ട്; ചാർച്ച ചേക്കുവാൻ ഹദീസിൽ ശക്തിപൂർവ്വം ആജ്ഞാപിക്കുകയും അത് വലിയ പുണ്യകമ്മമായി കണക്കാക്കുകയുംചെയ്തിട്ടുണ്ട്. ബന്ധുക്കളെ അവഗണിക്കുകയും അവരോട് അപമര്യാദയായി

---

(1) സാധാരണ വിവാഹമോചനം.

(2) സ്ത്രീ ഭത്താവിന്നു പ്രതിഫലംകൊടുത്തു സമ്പാദിക്കുന്ന വിവാഹമോചനം.

പെരുമാറുകയു ചെയ്യുന്നവർ ഇസ്ലാമിൻെറ ദൃഷ്ടിയിൽ കഠിനമായിവെറുക്കപ്പെട്ടവരാണ്. എന്നാൽഅന്യായമായ ബന്ധുജന പക്ഷപാതിത്തം ഒരു ഇസ്ലാമികകൃത്യമാണെന്നു ഇതിന്നർത്ഥമില്ല. സത്യത്തിന്നു വിരുദ്ധമായി സ്വഗോത്രത്തെ അനുകൂലിക്കുകയെന്നത് ഇസ്ലാമിൻെറ ദൃഷ്ടിയിൽ തനി ജാഹിലിയ്യത്താണ്. അതുപ്രകാരംതന്നെ, ഏതെങ്കിലുമൊരു ഗവർമ്മെണ്ടുദ്യോഗസ്ഥൻ പൊതുജനസമ്പത്തുപയോഗിച്ചു ബന്ധുക്കളെ സഹായിക്കുകയോ, തൻെറ തീരുമാനങ്ങളിൽ സ്വബന്ധുക്കൾക്ക് അന്യായമായ പരിഗണനനല്കുകയോ ചെയ്യുകയാണെങ്കിൽ അത് ഇസ്ലാമികകൃത്യമല്ലെന്നു മാത്രമല്ല തനിപൈശാചികവൃത്തികൂടിയാണ്. ചാർച്ചയെ പാലിക്കുകയെന്ന ഇസ്ലാമിൻെറ നിർദ്ദേശം, ഓരോ വ്യക്തിയും സ്വയം പ്രേരിതനായി പാലിക്കേണ്ടതും, അത് സത്യത്തിൻെറയും നീതിയുടേയും പരിധികളിൽ മാത്രമായിരിക്കേണ്ടതുമാണ്. മേൽപറഞ്ഞ ബന്ധങ്ങൾ കഴിച്ചാൽ പിന്നീടുള്ളത് അയൽവാസബന്ധമാണ്. വിശുദ്ധ ഖുർആൻെറ വീക്ഷണത്തിൽ അയൽവാസികൾ മൂന്നു വിഭാഗമാണ്: ഒന്നു, ബന്ധുവായ അയൽവാസി; രണ്ട്, അന്യനായ അയൽവാസി; മൂന്ന്, വല്ലപ്പോഴും ഒന്നിച്ചിരിക്കാനോ കൂടെ നടക്കാനോ സന്ദർഭം ലഭിച്ച താല്ക്കാലികഅയൽവാസി ഇസ്ലാമികവിധികളനുസരിച്ചു ഇവരെല്ലാംതന്നെ സഹകരണത്തിന്നും അനുഭാവത്തിന്നും സൽപെരുമാററത്തിന്നും അവകാശികളാണ്. നബി(സ്വ) തിരുമേനി അരുൾ ചെയ്യുന്നു: "അയൽവാസിയോടുള്ള കടമകളെ സംബന്ധിച്ചു ഞാൻ ശക്തിപൂർവ്വം ഉപദേശിക്കപ്പെട്ടു. അങ്ങിനെ, അവനെ അനന്തിരാവകാശിയാക്കുമോ എന്നുകൂടി ഞാൻ സംശയിച്ചുപോയി." മറെറാരു നബിവചനത്തിൽ ഇങ്ങിനെകാണാം: "ഏതൊരുവൻെറ അക്രമങ്ങളെക്കുറിച്ചു അയൽവാസി

നിർഭയനാകുന്നില്ലയോ അവൻ 'മുഅ്മിനേയല്ല." മ
റെറാരിക്കൽ തിരുമേനി ഇങ്ങിനെ അരുൾചെയ്തു: "അ
യൽവാസി പട്ടിണികിടക്കുമ്പോൾ വയറുനിറയെ ആ
ഹാരം കഴിക്കുന്നവനു് 'ഈമാനി'ല്ല." ഒരിക്കൽ തിരുമേ
നിയോടു ഒരാൾ ഇങ്ങിനെ ബോധിപ്പിച്ചു: "ഒരു സ്ത്രീ
ധാരാളം നമസ്കരിക്കുന്നുണ്ടു്; നോമ്പനുഷ്ഠിക്കുന്നുണ്ടു്;
വളരെയധികം ദാനധർമ്മങ്ങൾ ചെയ്യുന്നുണ്ടു്; പക്ഷെ,
അവളുടെ അസഭ്യവാക്കുകൾകൊണ്ടു് അയൽവാസികൾ
കുഴങ്ങിയിരിക്കുന്നു." തിരുമേനി അരുൾചെയ്തു: "അവ
ൾ നരകക്കാരിയാണു്." ജനങ്ങൾ ഉണർത്തി: "മറെറാരു
സ്ത്രീയിൽ ഇത്തരം ഗുണങ്ങൾ കൂടുതലില്ല, എങ്കിലും
അവൾ അയൽവാസികളെ ഉപദ്രവിക്കാറില്ല."തിരുമേനി
അരുൾചെയ്തു: "അവൾ സ്വർഗ്ഗക്കാരിയാണു്." 'തങ്ങ
ളുടെ കുട്ടികൾക്കു് പഴങ്ങൾ കൊണ്ടുവരുമ്പോൾ, അയൽ
വാസികളുടെ വീടുകളിലേക്കും കൊടുത്തയക്കണമെന്നും,
അതിന്നു സാദ്ധ്യമല്ലെങ്കിൽ, സാധുക്കളായ അയൽവാ
സികളുടെ ഹൃദയം ദുഃഖിക്കാതിരിക്കാനായി, പഴത്തൊ
ലികൾ വെളിയിലേക്കിടരുതെന്നും' കൂടി തിരുമേനി നിർദ്ദേ
ശിച്ചിരുന്നു. ഒരിക്കൽ തിരുമേനി അരുൾചെയ്തു: "നീ
നല്ലവനാണെന്നു നിൻെറ അയൽവാസി പറഞ്ഞാൽ
വാസ്തവത്തിൽ നീ നല്ലവനാണു്; നീ ചീത്തയാണെന്നു
അയൽവാസി അഭിപ്രായപ്പെട്ടാൽ നീ ചീത്തയുമാണു്."
ചുരുക്കത്തിൽ അന്യോന്യം അയൽവാസികളായി
കഴിയുന്ന സകല ജനങ്ങളും പരസ്പരം അനുഭാവി
കളും സഹായികളും സുഖ ദുഃഖങ്ങളിൽ പങ്കാളികളുമാ
യിക്കാണാനാണു് ഇസ്ലാം ആഗ്രഹിക്കുന്നതു്. ഓരോരു
ത്തരും മററുള്ളവരെ വിശ്വസിക്കുകയും, അവരെ സംബ
ന്ധിച്ചേടത്തോളം തങ്ങളുടെ ജീവനും ധനവും അഭിമാന
വുമെല്ലാം സുരക്ഷിതമാണെന്നു് സമാധാനിക്കുകയും ചെ

യുന്ന തരത്തിലുള്ള ബന്ധങ്ങൾ അവക്കിടയിൽ സ്ഥാപിക്കുവാനാണ് അതുദ്ദേശിക്കുന്നത്. ഒരു മതിലിൻെറ ഇരു വശങ്ങളിൽ താമസിക്കുന്ന രണ്ടു വ്യക്തികൾ വർഷങ്ങളോളം അപരിചിതരായിരിക്കുകയും, ഒരു തെരുവിൽ താമസിക്കുന്നവർ തമ്മിൽ യാതൊരുതാല്പര്യവും അനുഭാവവും വിശ്വാസവും ഇല്ലാതിരിക്കുകയും ചെയ്യുന്ന വിധത്തിലുള്ള സമാജം ഒരു നിലക്കും ഇസ്ലാമിക സമാജമായിരിക്കാൻ നിവൃത്തിയില്ല.

മേൽ പ്രസ്താവിച്ച അടുത്ത ബന്ധങ്ങൾക്കുശേഷം, മുഴുവൻ സമാജത്തിലും വ്യാപിച്ചു കിടക്കുന്ന, ബന്ധങ്ങളുടെ അതിവിശാലമായ രംഗമാണ് മുമ്പിൽ വരുന്നത്. ഈ വൃത്തത്തിൽ നമ്മുടെ സാമൂഹ്യജീവിതം ചില സുപ്രധാന അസ്ഥിവാരങ്ങളിൽ ഇസ്ലാം കെട്ടിപ്പടുക്കുന്നു. അവയുടെ ചുരുക്കമിതാണ്:

1. നന്മയുടെയും സൂക്ഷ്മതയുടെയും പ്രവൃത്തികളിൽ പരസ്പരം സഹകരിക്കുകയും തിന്മയുടെയും അക്രമത്തിൻെറയും പ്രവത്തനങ്ങളിൽ നിസ്സഹകരിക്കയും ചെയ്യുക. (വി: ഖുർആൻ)

2. നിങ്ങളുടെ മൈത്രിയും ശത്രുതയും അല്ലാഹുവെ ഉദ്ദേശിച്ച് മാത്രമായിരിക്കണം; വല്ലതും നൽകുന്നുവെങ്കിൽ അല്ലാഹുവിൻെറ ഇഷ്ടത്തെ മാത്രം ഉദ്ദേശിച്ചു നല്ലുകയും വല്ലതും നല്കാതിരിക്കുന്നുവെങ്കിൽ അല്ലാഹുവിൻെറ അനിഷ്ടത്തെ മാത്രം ഭയന്നു നല്കാതിരിക്കുകയും ചെയ്യുക. (ഹദീസ്)

3. ലോകത്തിൻെറ നന്മക്കുവേണ്ടി എഴുന്നേല്പിക്കപ്പെട്ട ഉത്തമസമുദായമാണ് നിങ്ങൾ! നിങ്ങളുടെ ജോലി

നന്മ കല്പിക്കലും തിന്മ നിരോധിക്കലുമാണ്.

(വി: ഖുർആൻ)

4. പരസ്പരം തെററിദ്ധരിക്കരുത; രഹസ്യങ്ങൾ കണ്ടുപിടിക്കുവാൻ ഗൂഢശ്രമം നടത്തരുത്; അന്യോന്യം അക്രമത്തിന്നു പ്രേരിപ്പിക്കരുത്; പരസ്പരം അസൂയയും വിദ്വേഷവും വെച്ചുപുലത്തരുത്; മററുള്ളവരെ ആക്രമിക്കുവാൻ അവസരം കാത്തിരിക്കരുത; അല്ലാഹുവിൻെറ അടിമകളെ! പരസ്പരം സഹോദരങ്ങളായി വത്തിക്കുക.

(ഹദീസ്)

5 ഒരാൾ അക്രമിയാണെന്നറിഞ്ഞുകൊണ്ട് അവനുമായി സഹകരിക്കരുത്.

(ഹദീസ്)

6 അസത്യത്തിൽ സ്വജനതയെ അനുകൂലിക്കുന്നതു, ഒട്ടകം കിണററിൽ വീഴാൻ പോകുമ്പോൾ അതിൻെറ വാല്പിടിച്ച് നിങ്ങളും അതൊന്നിച്ച് കിണററിൽ വീഴുന്നതിന്നു തുല്യമാണ്!

(ഹദീസ്)

7 നിങ്ങൾ നിങ്ങൾക്കിഷ്ടപ്പെടുന്നതെന്തോ അതുതന്നെ മററുള്ളവക്കും ഇഷ്ടപ്പെടുക!

(ഹദീസ്)

★
★★
★★★

# സാമ്പത്തികവ്യവസ്ഥ

മനുഷ്യൻെറ സാമ്പത്തികജീവിതം നീതിയുടെയും ധൎമ്മാൎഗ്ഗത്തിൻെറയും അടിസ്ഥാനത്തിൽ അധിഷ്ഠാപിക്കുവാനായി, ചില സിദ്ധാന്തങ്ങളും പരിധികളും ഇസ്ലാം നിശ്ചയിക്കുന്നുണ്ട്. സമ്പത്തിൻെറ ഉല്പാദനം, ഉപയോഗം, വിനിമയം വിതരണം എന്നിവയുടെ മുഴുവൻ വ്യവസ്ഥയും അവക്കായി വരച്ച വരകൾക്കുള്ളിൽ മാത്രംനടന്നുകൊണ്ടിരിക്കണമെന്നതാണ് അതുകൊണ്ടുദ്ദേശിക്കപ്പെടുന്നത്.

സമ്പത്തിൻെറ ഉല്പാദനമാൎഗ്ഗങ്ങളും അതിൻെറ വിതരണരൂപങ്ങളും എന്തായിരിയ്ക്കണമെന്ന പ്രശ്നം ഇസ്ലാമിൻെറ പ്രതിപാദ്യവിഷയമല്ല. അക്കാര്യങ്ങളെല്ലാം വിവിധ കാലഘട്ടങ്ങളിലായി, നാഗരീകതയുടെ ഉത്ഭവവും വളൎച്ചയുമനുസരിച്ചു സ്വയം രൂപമെടുക്കുകയും മാറിക്കൊണ്ടിരിക്കുകയും ചെയ്യുന്നവയത്രെ. മനുഷ്യൻെറ ചുററുപാടുകളും ആവശ്യങ്ങളുമനുസരിച്ച് അവ സ്വയം നിൎണ്ണയിക്കപ്പെടുന്നതാണ്. എന്നാൽ ഏതുകാലത്തും ഏതു പരിതഃസ്ഥിതിയിലും, മനുഷ്യൻെറ സാമ്പത്തിക ഇടപാടുകൾ ഏതുരൂപം കൈകൊണ്ടാലും അവിടെയെല്ലാം പ്രസ്തുത സിദ്ധാന്തങ്ങൾ സുസ്ഥിരമായി നിലനില്ക്കുകയും

പ്രസ്തുത പരിധികൾ നിര്‍ബ്ബന്ധമായും പാലിക്കപ്പെട്ടുക യും ചെയ്യണമെന്നത്രെ ഇസ്ലാം ഉദ്ദേശിക്കുന്നത്.

ഇസ്ലാമിക വീക്ഷണഗതിയനുസരിച്ച്, ഭൂമിയും അതിലെ സകല വിഭവങ്ങളും അല്ലാഹു മനുഷ്യവംശത്തിനായി സൃഷ്ടിച്ചിട്ടുള്ളവയാണ്. അതിനാൽ ഭൂമിയിൽ നിന്നു തൻെറ ആഹാരം കരസ്ഥമാക്കാനായി പരിശ്രമിക്കുകയെന്നത് ഓരോ മനുഷ്യൻെറയും ജന്മാവകാശമാണ്. ഈ അവകാശത്തിൽ എല്ലാ മനുഷ്യരും ഒരേ നിലക്കു പങ്കാളികളുമാണ്. പ്രസ്തുത അവകാശത്തിൽ നിന്നു ആരെയും തടയപ്പെട്ടാവതല്ല. അതിൽ ആർക്കും മററുള്ളവരെക്കാൾ മുൻഗണന ലഭിക്കാവതുമല്ല. ഏതെങ്കിലും ഒരു വ്യക്തിക്കോ വംശത്തിനോ വർഗ്ഗത്തിനോ ആഹാരസമ്പാദനമാർഗ്ഗങ്ങളിൽ ചിലതു സ്വീകരിക്കാൻ അവകാശമില്ലെന്നോ, ചില തൊഴിലുകളുടെ വാതിൽ അടക്കപ്പെട്ടിരിക്കുന്നുവെന്നോ ഉള്ള യാതൊരു നിബന്ധനയും ഇസ്ലാമികദൃഷ്ട്യാ ചുമത്തപ്പെട്ടാവതല്ല. അതേപ്രകാരം ചില ഉപജീവനമാർഗ്ഗങ്ങളും ആഹാരസമ്പാദനോപകരണങ്ങളും ഒരു പ്രത്യേക വർഗ്ഗത്തിൻെറയോ സമുദായത്തിൻെറയോ കുടുംബത്തിൻെറയോ കുത്തകയായിത്തീരാൻ കാരണമാകുന്ന വ്യത്യാസങ്ങളൊന്നും ശരീഅത്തിൻെറ ദൃഷ്ടിയിൽ നിലനിത്തപ്പെട്ടാവതല്ല. അല്ലാഹുവിൻെറ ഭൂമിയിൽ അവൻ സൃഷ്ടിച്ചു വെച്ച ജീവിതോപകരണങ്ങളിൽനിന്നു തങ്ങളുടെ ഓഹരി കരസ്ഥമാക്കാൻ പരിശ്രമിക്കുകയെന്നത് എല്ലാ മനുഷ്യരുടെയും സമാവകാശമാണ്; പ്രസ്തുത പരിശ്രമത്തിനുള്ള അവസരങ്ങൾ എല്ലാവക്കും സമമായി തുറന്നു കിടക്കേണ്ടതുമാണ്.

ചില പ്രകൃതിവിഭവങ്ങൾ തയാർ ചെയ്യുന്നതിലോ ഉപയോഗപ്രദമാക്കുന്നതിലോ ആരുടെയും യോഗ്യതക്കോ അധ്വാനത്തിന്നോ തീരെ പ്രവേശനമില്ല. അത്തരം വിഭവങ്ങൾ ആവശ്യമുള്ളേടത്തോളം അനുഭവിക്കാൻ ഏതൊരു വ്യക്തിക്കും അവകാശമുണ്ട്. നദികളിലെയും ഉറവിടങ്ങളിലെയും വെള്ളം, കാട്ടിലെ വിറക്, തനിയെ മുളച്ചുണ്ടായ വൃക്ഷങ്ങളുടെ ഫലങ്ങൾ, പുല്ല്, മൃഗങ്ങളുടെ തീററസാധനങ്ങൾ, വായുമണ്ഡലത്തിലും വെള്ളത്തിലും വനപ്രദേശങ്ങളിലുമുള്ള ജീവികൾ, ഭൂമിയുടെ ഉപരിതലത്തിൽ തുറന്നുകിടക്കുന്ന ഖനികൾ എന്നീ വസ്തുക്കളിന്മേൽ ആരുടെയും കുത്തകാവകാശം സ്ഥാപിതമാകാവതല്ല; പ്രതിഫലം കൊടുക്കാതെ ജനങ്ങൾക്ക് അവയിൽനിന്നു തങ്ങളുടെ ആവശ്യങ്ങൾ നിവൃത്തിക്കാൻ കഴിയാത്ത വിധത്തിലുള്ള യാതൊരു നിബന്ധനയും അവയുടെ മേൽ ചുമത്തപ്പെടാവതുമല്ല. എന്നാൽ, അവയിൽപെട്ട വല്ല സാധനവും കച്ചവടാവശ്യാർത്ഥം വിപുലമായ തോതിൽ ഉപയോഗിക്കുവാൻ ആരെങ്കിലും ഉദ്ദേശിക്കുന്നപക്ഷം അവരുടെമേൽ ടാക്സ് ചുമത്തപ്പെടാവുന്നതാണ്.

മനുഷ്യൻെറ നന്മക്കായി അല്ലാഹു സൃഷ്ടിച്ചിട്ടുള്ള വസ്തുക്കൾ കൈവശപ്പെടുത്തി ഉപയോഗശൂന്യമാക്കി വെക്കുന്നത് ശരിയല്ല. ഒന്നുകിൽ, അവ സ്വയം ഉപയോഗപ്പെടുത്തിക്കൊള്ളണം; അല്ലെങ്കിൽ മററുള്ളവക്ക് ഫലമെടുക്കുവാനായി അവ കൈവിട്ടുകൊടുക്കണം; ഇതേ സിദ്ധാന്തത്തിൻെറ അടിസ്ഥാനത്തിൽ യാതൊരു വ്യക്തിക്കും തൻെറ ഭൂമി മൂന്നുകൊല്ലത്തിലധികം കാലം തരിശാക്കിയിടാൻ പാടില്ലെന്നു ഇസ്ലാമികനിയമം വിധികല്പിക്കുന്നു. കൃഷിക്കോ കെട്ടിടനിർമ്മാണത്തിന്നോ

മറെറന്തെങ്കിലും ആവശ്യത്തിനോ അവൻ അതുപയോഗി ക്കാതിരിക്കുന്നപക്ഷം മൂന്നുകൊല്ലത്തിനുശേഷം അതു കയ്യൊഴിക്കപ്പെട്ട ഭൂമിയായി ഗണിക്കപ്പെടുന്നതാണ്; പിന്നീട്, മറെറാരാൾ അതുപയോഗിക്കുകയാണെങ്കിൽ അവൻെറമേൽ അന്യായപ്പെടാൻ അവകാശമില്ല. അത്തരം ഭൂമി ആൎക്കെങ്കിലും ഏല്പിച്ചുകൊടുക്കുവാൻ ഇസ്ലാമികഗവൎമ്മെൻറിന്നു അധികാരമുണ്ടായിരിക്കും.

പ്രകൃതിയുടെ ഭണ്ഡാരത്തിൽനിന്നു ആരെങ്കിലും വല്ലതും നേരിട്ടു കരസ്ഥമാക്കുകയും തൻെറ അദ്ധ്വാനവും സാമൎത്ഥ്യവും ഉപയോഗിച്ച് അതിനെ ഉപയോഗപ്രദമാക്കുകയും ചെയ്താൽ അവൻ അതിൻെറ ഉടമസ്ഥനാണ്. ഉദാഹരണമായി, ആരുടെയും ഉടമയിലാണെന്നു സ്ഥിരപ്പെടാത്ത തരിശുസ്ഥലം ഒരാൾ കൈവശപ്പെടുത്തുകയും ഫലപ്രദമായ വല്ല കാര്യത്തിന്നും അതുപയോഗിച്ചുതുടങ്ങുകയും ചെയ്താൽ പിന്നെ അവനെ അതിൽനിന്നു പുറത്താക്കാവതല്ല. ഇസ്ലാമികവീക്ഷണമനുസരിച്ചു, ലോകത്തുള്ള എല്ലാ ഉടമാവകാശങ്ങളുടേയും ആരംഭം ഇതേനിലക്കായിരുന്നു. ആദ്യമാദ്യം ഭൂമിയിൽ മനുഷ്യവാസമാരംഭിച്ചപ്പോൾ എല്ലാ വിഭവങ്ങളും മുഴുവൻ മനുഷ്യൎക്കും പൊതുവെ അനുവദനീയമായിരുന്നു; പിന്നീടു, അനുവദനീയമായ പ്രസ്തുത വസ്തുക്കളിൽനിന്നു വല്ലതും ആരെങ്കിലും കൈവശപ്പെടുത്തുകയും ഏതെങ്കിലും വിധത്തിൽ ഉപയോഗപ്രദമാക്കാൻ ശ്രമിക്കുകയും ചെയ്തുവോ അവർ അവയുടെ ഉടമസ്ഥരായിത്തീൎന്നു. അതായത്, അവയുടെ ഉപയോഗം സ്വന്തമാക്കിവെക്കുവാനും, മററുള്ളവർ അവ ഉപയോഗിക്കാനാഗ്രഹിക്കുന്നപക്ഷം അവരിൽനിന്നു പ്രതിഫലം വാങ്ങുവാനും അവൎക്കവകാശം ലഭിച്ചു; മനുഷ്യൻെറ മുഴുവൻ സാ

ന്വത്തിക ഇടപാടുകളുടെയും പ്രകൃത്യായുള്ള അസ്ഥിവാര മാണിത്. ഈ അസ്ഥിവാരം സ്വസ്ഥാനത്തുതന്നെ സുസ്ഥിരമായി നിലകൊള്ളേണ്ടതു ആവശ്യവുമാണ്.

ഇസ്ലാമികദൃഷ്ട്യാ അനുവദനീയമായ മാർഗ്ഗേണ വല്ല ഉടമാവകാശവും ലോകത്തു ആർക്കെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ അതു ഏതുനിലക്കും മാനിക്കപ്പെടേണ്ടതാണ്. പ്രശ്നം വല്ലതുമുണ്ടെങ്കിൽ, അത് ഇസ്ലാമികദൃഷ്ട്യാ ഒരാളുടെ ഉടമസ്ഥത സാധുവാണോ അല്ലയോ എന്നത് മാത്രമാണ്. ശരീഅത്തിൻെറ ദൃഷ്ടിയിൽ ന്യായമല്ലാത്ത ഉടമാവകാശങ്ങളാണെങ്കിൽ അവ നിസ്സംശയം അവസാനിക്കുകതന്നെ വേണം. എന്നാൽ ഇസ്ലാമികദൃഷ്ട്യാ ശരിയായ ഉടമാവകാശങ്ങൾ പിടിച്ചടക്കുവാനോ, ഉടമസ്ഥന്മാരുടെ 'ശറഇ'യായ അവകാശങ്ങളിൽ വല്ല ഭേദഗതിയും വരുത്തുവാനോ യാതൊരു ഗവമ്മെണ്ടിനും നിയമനിർമ്മാണസഭക്കും അവകാശമില്ല; 'ശരീഅത്തു' നൽകീട്ടുള്ള അവകാശങ്ങളെ ഹനിക്കുന്ന ഒരു വ്യവസ്ഥയും സാമൂഹ്യനന്മയുടെ പേരിൽ സ്ഥാപിക്കുവാനും പാടില്ലാത്തതാണ്. സാമൂഹ്യനന്മക്കായി വ്യക്തികളുടെ ഉടമാവകാശങ്ങളിന്മേൽ 'ശരീഅത്തു' ചുമത്തീട്ടുള്ള നിബന്ധനകൾ വെട്ടിച്ചുരുക്കുന്നത് വലിയ അക്രമമായതുപോലെതന്നെ അതിൽ കൂട്ടിച്ചേർക്കുന്നതും ഏററവും വലിയ അക്രമമാണ്. വ്യക്തികളുടെ 'ശറഇ'യായ അവകാശങ്ങളുടെ സംരക്ഷണവും ശരീഅത്തും അവരുടെമേൽ ചുമത്തീട്ടുള്ള സാമൂഹ്യഅവകാശങ്ങൾ അവരിൽനിന്നു വസൂലാക്കലും ഇസ്ലാമികഗവമ്മെണ്ടിൻെറ കത്തവ്യങ്ങളിൽ പെട്ടതാണ്!

തൻെറ അനുഗ്രഹങ്ങൾ വീതിച്ചുകൊടുത്തതിൽ അല്ലാഹു സമത്വം വീക്ഷിച്ചിട്ടില്ല; മറിച്ചു, തൻെറ

അപാരമായ യുക്തിയുടെ അടിസ്ഥാനത്തിൽ, അവർ ചിലക്ക് ചിലരേക്കാൾ കൂടുതലായി അനുഗ്രഹം നല്കി യിരിക്കുന്നു. സൗന്ദര്യം, ശബ്ദഭംഗി, ആരോഗ്യം, ശാരീരി കശക്തി, മസ്തിഷ്കയോഗ്യതകൾ, ജന്മസാഹചര്യം എന്നിവയും അതുപോലുള്ള മററനേകംകാര്യങ്ങളും എല്ലാമനു ഷ്യക്കും ഒരുപോലെ ലഭിച്ചിട്ടില്ല; ആഹാരത്തിൻെറയും നില ഇതുതന്നെയാണ്! ജീവിത വിഭവങ്ങളുടെ വിഷ യത്തിൽ മനുഷ്യർക്കിടയിൽ വ്യത്യാസമുണ്ടായിരിക്കണ മെന്ന് അല്ലാഹു സൃഷ്ടിച്ച പ്രകൃതി തന്നെ ആവശ്യ പ്പെടുന്നു. അതിനാൽ ജനങ്ങൾക്കിടയിൽ കൃത്രിമസാമ്പ ത്തിക സമത്വം സ്ഥാപിക്കാൻ വേണ്ടി സ്വീകരിക്കപ്പെ ടുന്ന ഉപായങ്ങളെല്ലാം ഉദ്ദേശ്യത്തിലും തത്വത്തിലും ഇ സ്ലാമിക ദൃഷ്ട്യാ അബദ്ധമാണ്. ഇസ്ലാം വാദിക്കുന്ന സമ ത്വം ജീവിത വിഭവങ്ങളിലുള്ള സമത്വമല്ല, അവ സമ്പാ ദിക്കാൻ വേണ്ടി നടത്തുന്ന പരിശ്രമങ്ങളിലുള്ള അവസ ര സമത്വമാണ്. ഒരു വ്യക്തിക്കു തൻെറ കഴിവും പ്രാ പ്തിയുമനുസരിച്ച സാമ്പത്തിക പരിശ്രമം നടത്താൻ സാധിക്കാതെ വരുന്ന വിധത്തിലുള്ള നിയമപരവും ആ ചാരപരവുമായ ഒരു തടസ്ഥവും സൊസൈററിയിൽ അവശേഷിക്കരുത്. അപ്രകാരംതന്നെ ചില പ്രത്യേക വർഗ്ഗങ്ങളുടേയും വംശങ്ങളുടേയും കുടുംബങ്ങളുടേയും ജന്മ സിദ്ധമായ ഭാഗ്യത്തെ നിയമപരമായ സംരക്ഷണങ്ങൾ നല്കി ശാശ്വതമാക്കുകയെന്ന വിവേചനവും നിലനില്ക്ക രുത് എന്നാണ് ഇസ്ലാമുദ്ദേശിക്കുന്നത്. പ്രകൃത്യായുള്ള അസമത്വത്തിൻെറ സ്ഥാനത്ത് കൃത്രിമമായ ഒരസമ ത്വം ബലം പ്രയോഗിച്ച് സ്ഥാപിക്കുകയാണ് പ്രസ്തു ത രണ്ടു മാർഗ്ഗങ്ങളും ചെയ്യുന്നത്. അതിനാൽ, പ്രസ്തുത മാർഗ്ഗങ്ങളെ ഉന്മൂലനം ചെയ്തുകൊണ്ട്, ഓരോ വ്യക്തി ക്കും പരിശ്രമത്തിനുള്ള അവസരങ്ങൾ തുറന്നുകിടക്കുന്ന

പ്രകൃത്യായുള്ള അവസ്ഥയിലേക്ക് സൊസൈററിയുടെ സാമ്പത്തികവ്യവസ്ഥയെ കൊണ്ടുവരാൻ ഇസ്ലാം ഉദ്ദേശിക്കുന്നു. എന്നാൽ, പ്രസ്തുത പരിശ്രമത്തിന്നാവശ്യമായ ഉപകരണങ്ങളിലും അതിൻെറ ഫലങ്ങളിലും സകല ജനങ്ങളേയും നിർബ്ബന്ധപൂർവ്വം സമന്മാരാക്കണമെന്നാഗ്രഹിക്കുന്നവരോടു ഇസ്ലാം യോജിക്കുന്നില്ല. കാരണം, പ്രകൃത്യായുള്ള അസമത്വത്തെ കൃത്രിമസമത്വമാക്കി മാററാനാണവർ ആഗ്രഹിക്കുന്നത്. ഓരോ വ്യക്തിയും തന്നെ അല്ലാഹു സൃഷ്ടിച്ച അതേ സ്ഥാനത്തുനിന്നും പരിതഃസ്ഥിതിയിൽനിന്നും തൻെറ സാമ്പത്തികയജ്ഞം ആരംഭിക്കുകയെന്ന വ്യവസ്ഥയാണ് പ്രകൃതിയോടു ഏററവും അനുയോജ്യമായിട്ടുള്ളത്. മോട്ടോറുമായി രംഗത്തുവന്നിട്ടുള്ളവൻ അതിൽതന്നെ യാത്രയാരംഭിക്കണം; രണ്ടു കാലുകളോടുകൂടി മാത്രം വന്നിട്ടുള്ളവൻ നടന്നുതന്നെ പോകണം; മുടന്തനായി ജനിച്ചിട്ടുള്ളവൻ മുടന്തിക്കൊണ്ടുതന്നെ മുമ്പോട്ടു നീങ്ങണം; സൊസൈററിയുടെ നിയമം, മോട്ടോർകാരനു അതിന്മേൽ ശാശ്വതമായ കുത്തകാവകാശം നല്കുകയോ മുടന്തനു മോട്ടോർ ലഭിക്കുക അസാധ്യമാക്കുകയോ ചെയ്യുന്ന തരത്തിലായിരിക്കരുത്; എല്ലാവരുടെയും ഓട്ടം, നിർബ്ബന്ധപൂർവ്വം ഒരേ സ്ഥാനത്തുനിന്നും ഒരേ പരിതഃസ്ഥിതിയിൽനിന്നും ആരംഭിക്കുകയും, അവസാനം വരേക്കും അവരെ പരസ്പരം കൂട്ടിക്കെട്ടുകയും ചെയ്യുന്ന വിധത്തിലുള്ളതും ആയിരിക്കരുത്. മറിച്ചു, മുടന്തിക്കൊണ്ട് ചലനമാരംഭിച്ചവൻ തൻെറ അദ്ധ്വാനവും സാമർത്ഥ്യവും മുഖേന മോട്ടോർ നേടുവാൻ യോഗ്യനായിത്തീരുകയാണെങ്കിൽ നിർബ്ബാധം അതവനു ലഭിക്കാനും, ആരംഭത്തിൽ മോട്ടോർകാറുമായി പുറപ്പെട്ടവൻ പിന്നീടു തൻെറ കൊള്ള

രുതായ്മ നിമിത്തം മുടന്തനായി ഭവിക്കുകയാണെങ്കിൽ അതിന്നും തുറന്ന സാധ്യതയുള്ള നിയമങ്ങളായിരിക്കണം.

സാമൂഹ്യജീവിതരംഗത്തുള്ള ഈ സാമ്പത്തികയജ്ഞം തുറന്നതും നിഷ്പക്ഷവുമായിരിക്കണമെന്നു മാത്രമല്ല ഇസ്ലാം ഉദ്ദേശിക്കുന്നത്; ഈ രംഗത്തെ ഓട്ടക്കാർ അന്യോന്യം നിർദ്ദയരും സഹതാപശൂന്യരും ആകുന്നതിന്നു പകരം പരസ്പരം സഹതപിക്കുന്നവരും സഹായികളും ആയിരിക്കണമെന്നുകൂടി ഇസ്ലാം ഉദ്ദേശിക്കുന്നുണ്ട്. ഒരുവശത്തുധാർമ്മികശിക്ഷണംവഴി, അവശരും നിരാലംബരുമായ സഹോദരങ്ങൾക്കു പിന്തുണ നല്കണമെന്ന മനഃസ്ഥിതി ഇസ്ലാം ജനങ്ങളിൽ വളർത്തിവിടുന്നു; മറുവശത്ത്, അഗതികളും അശക്തരുമായ ജനങ്ങളുടെ സഹായത്തിന്നുള്ള ഉത്തരവാദിത്വം കയ്യേല്ക്കുന്ന സുസ്ഥിരമായ ഒരു സ്ഥാപനം (ബൈത്തുൽമാൽ) സൊസൈററിയിൽ ഉണ്ടായിരിക്കണമെന്നും അതാവശ്യപ്പെടുന്നു. സാമ്പത്തിക മൽസരത്തിൽ പങ്കെടുക്കാൻ യോഗ്യതയില്ലാതെ വരുന്ന സകലക്കും ആ സ്ഥാപനത്തിൽനിന്നു തങ്ങളുടെ ഓഹരി ലഭിക്കണം; യാദൃച്ഛികമായി വല്ല അത്യാഹിതവും കാരണം പ്രസ്തുത ഓട്ടത്തിൽ അടിതെററി വീഴുന്നവരെ ആ സ്ഥാപനം താങ്ങിയെടുത്തു വീണ്ടും ചലനയോഗ്യരാക്കണം; പരിശ്രമരംഗത്തിറങ്ങുവാൻ പിന്തുണ ആവശ്യമായി വരുന്നവക്ക് ആ സ്ഥാപനത്തിൽനിന്നു സമുചിതമായ പിന്തുണ ലഭിക്കുകയുംവേണം. ഈ ആവശ്യാർത്ഥം, നാട്ടിലെ എല്ലാ സഞ്ചിത സമ്പത്തുകളിൽനിന്നും മുഴുവൻ കച്ചവടധനത്തിൽനിന്നും വർഷംപ്രതി $2\frac{1}{2}$ശതമാനവും, ഉല്പന്നങ്ങളിൽനിന്നു അഞ്ചും പത്തും ശതമാനങ്ങളും, ചില ഖനിജവസ്തുക്കളിൽ നിന്നു ഇരുപത്തു ശതമാനവും 'സകാത്തു' വസൂലാക്കണമെന്നും, മൃഗങ്ങളുടെ ഒരു പ്രത്യേക തുകയി

ന്മേൽ നിശ്ചിതതോതിൽ വഷാന്തസകാത്തു ചുമത്തേണ മെന്നും, അങ്ങിനെ ശേഖരിക്കുന്ന സമ്പത്തു സാധുക്കരം, അനാഥകരം, അഗതികരം തുടങ്ങിയവരുടെ സഹായത്തി ന്നായി വിനിയോഗിക്കണമെന്നും ഇസ്ലാം നിയമംമൂലം നിശ്ചയിച്ചിരിക്കുന്നു. ഇത് ഒരുതരത്തിലുള്ള "സാമൂഹ്യ ഇൻഷൂറൻസാ"ണ്; അതുനിലവിലുള്ളപ്പോരം ഇസ്ലാമി കസൊസൈററിക്കുള്ളിൽ യാതൊരുവ്യക്തിയും അത്യാവ ശ്യമായ ജീവിതാവശ്യങ്ങരം നിർവ്വഹിക്കാൻ കഴിയാതെ വിഷമിക്കേണ്ടതായി വരികയില്ല; പട്ടിണി ഭയന്ന്, മില്ലു ടമയോ ജന്മിയോ നിശ്ചയിക്കുന്ന ഏതു് നിബന്ധനയും സ്വീകരിക്കുവാൻ യാതൊരു തൊഴിലാളിയും നിർബ്ബന്ധി തനാവുകയില്ല; സാമ്പത്തിക പരിശ്രമത്തിൽ പങ്കെടു ക്കാൻ ആവശ്യമായ ഏററവും ചുങ്ങിയ അളവിൽനിന്നും ആരുടെ ശക്തിയും താണുപോകയുമില്ല!

വ്യക്തിക്കും സമൂഹത്തിന്നുമിടക്ക് തികച്ചും നീതി പൂർവ്വമായ ഒരു സമതുലിതാവസ്ഥ സൃഷ്ടിക്കുവാനാണ് ഇസ്ലാം ഉദ്ദേശിക്കുന്നത്. അതിൽ വ്യക്തികളുടെ വ്യക്തി ത്വവും സ്വാതന്ത്ര്യവും സുരക്ഷിതമായി നില്ക്കുന്നതോടൊ പ്പംതന്നെ, വ്യക്തിയുടെ സ്വാതന്ത്ര്യം സാമൂഹ്യതാല്പര്യ ത്തിന്നു ദോഷകരമായി ഭവിക്കരുതെന്നു മാത്രമല്ല, അനി വാര്യമായും ഫലപ്രദമായിത്തീരുകയും വേണം. വ്യക്തി യെ സമൂഹത്തിൽ ലയിപ്പിച്ചുകളയുന്നതും, വ്യക്തിയുടെ ശരിയായ വളർച്ചക്കാവശ്യമായ സ്വാതന്ത്ര്യം അനുവദി ക്കാതിരിക്കുന്നതുമായ യാതൊരുവിധ രാഷ്ട്രീയ-സാമ്പ ത്തിക വ്യവസ്ഥിതിയും ഇസ്ലാം ഇഷ്ടപ്പെടുന്നില്ല. ഒരു നാട്ടിലെ മുഴുവൻ ഉല്പാദനോപകരണങ്ങളും പൊതു ഉട മയിലാക്കുന്നതിൻെറ അനിവാര്യഫലം ആ നാട്ടിലെ മുഴുവൻ വ്യക്തികളും സമൂഹമാകുന്ന ഉരുക്കുചട്ടക്കൂട്ടിൽ

കിടന്നു ഞെങ്ങിഞെരുങ്ങുകയെന്നതാണ്. അത്തരം പരിതഃസ്ഥിതിയിൽ അവരുടെ വ്യക്തിത്വത്തിൻെറ നിലനിൽപ്പും വളർച്ചയും വിഷമകരമായിരിക്കുമെന്നല്ല, തികച്ചും അസാധ്യവും കൂടിയായിരിക്കും. വ്യക്തിത്വത്തിന്ന്, രാഷ്ട്രീയവും സാമൂഹ്യവുമായ സ്വാതന്ത്ര്യം അനിവാര്യമായതുപോലെത്തന്നെ വലിയൊരളവോളം സാമ്പത്തിക സാതന്ത്ര്യവും അത്യാവശ്യമാണ്. മനുഷ്യത്വത്തെ തികച്ചും ഉന്മൂലനം ചെയ്യാൻ നാം ഉദ്ദേശിക്കുന്നില്ലെങ്കിൽ, ഒരു വ്യക്തിക്ക് തൻെറ ആഹാരം സ്വതന്ത്രമായുല്പാദിപ്പിച്ചുകൊണ്ട് തൻെറ മനഃസാക്ഷിയുടെ സ്വാതന്ത്ര്യം നിലനിൎത്തുവാനും, മാനസികവും ധാൎമ്മികവുമായ തൻെറ കഴിവുകളെ സ്വന്തം പ്രവണതകൾക്കൊത്ത് വളൎത്തുവാനുമുള്ള സാധ്യത നമ്മുടെ സാമൂഹ്യജീവിതത്തിൽ തീർച്ചയായും ഉണ്ടായിരിക്കേണ്ടതാണ്. താക്കോൽ അന്യൻെറ അധീനത്തിലായിരിക്കുന്ന റേഷൻ ധാരാളമുണ്ടെങ്കിൽ തന്നെ അതു സുഖകരമായിരിക്കയില്ല. കാരണം, ഉന്നതിയിലേക്കുള്ള പ്രയാണത്തിൽ അതുമൂലം സംഭവിക്കുന്ന കോട്ടം ശരീരത്തിൻെറ കൊഴുപ്പുകൊണ്ട് ഒരിക്കലും പരിഹരിക്കപ്പെടുകയില്ല!

മേൽ പ്രസ്താവിച്ച തരത്തിലുള്ള വ്യവസ്ഥ ഇസ്ലാം ഇഷ്ടപ്പെടാത്തതുപോലെതന്നെ, സാമൂഹ്യസാമ്പത്തികരംഗത്ത് വ്യക്തികൾക്കു അനിയന്ത്രിതമായ സ്വാതന്ത്ര്യം നല്കുന്നതും, സ്വേഛരകൾക്കും സ്വാൎത്ഥതാല്പൎയ്യങ്ങൾക്കും വേണ്ടി സൊസൈററിക്ക് യഥേഷ്ടം നാശനഷ്ടങ്ങളേല്പിക്കാൻ വ്യക്തികളെ നിർബാധം അനുവദിക്കുന്നതുമായ സാമൂഹ്യ വ്യവസ്ഥയും അതിഷ്ടപ്പെടുന്നില്ല. ഈ രണ്ടു അററങ്ങൾക്കുമിടയിൽ ഇസ്ലാം സ്വീകരിച്ചിട്ടുള്ള മദ്ധ്യമാൎഗ്ഗമിതാണ്. സൊസൈററിയെപരിഗണിച്ചു,

ആദ്യമായി വ്യക്തിയെ ചില പരിധികൾക്കും ഉത്തരവാദിത്വങ്ങൾക്കും വിധേയനാക്കുക; എന്നിട്ട് അവനെ തൻെറ ഇടപാടുകളിൽ സ്വതന്ത്രനായി വിടുകയും ചെയ്യുക. പ്രസ്തുത പരിധികളും ഉത്തരവാദിത്വങ്ങളും വേണ്ടവിധം വിശദീകരിക്കാൻ ഇവിടെ സന്ദർഭമില്ലാത്തതിനാൽ അവയുടെ ഒരേകദേശരൂപംമാത്രം ഇവിടെ വിവരിക്കാം:

ആദ്യമായി ധനസമ്പാദനമെടുക്കാം; ധനസമ്പാദന മാർഗ്ഗങ്ങളിൽ അനുവദനീയവും അല്ലാത്തതും തമ്മിൽ വേർതിരിക്കുന്നതിൽ ഇസ്ലാം സ്വീകരിച്ച സൂക്ഷ്മദൃഷ്ടിയോടെ ലോകത്തിലെ മറെറാരു നിയമവും അവയെ വേർതിരിച്ചിട്ടില്ല. ഒരു വ്യക്തി മററു വ്യക്തികൾക്കോ പൊതുവെ മുഴുവൻ സൊസൈററിക്കോ, ധാർമ്മികമോ ഭൗതികമോ ആയ നഷ്ടമേല്പിച്ചുകൊണ്ട് ധനം സമ്പാദിക്കുന്ന ഓരോ മാർഗ്ഗവും ഇസ്ലാം തിരഞ്ഞുപിടിച്ച് നിയമവിരുദ്ധമാക്കുന്നു. മദ്യവും മററു ലഹരിപദാർത്ഥങ്ങളും ഉണ്ടാക്കുക, വില്ക്കുക, വേശ്യാവൃത്തി, ഗാധനൃത്താദിതൊഴിലുകൾ, ചൂതാട്ടം, സാട്ട, ഷോടതി, പലിശ, ഊഹത്തെയും അനുമാനത്തെയും അടിസ്ഥാനമാക്കിയതും വഞ്ചനക്കും കുഴപ്പങ്ങൾക്കും വഴിവെക്കുന്നതുമായ കച്ചവടം, ഒരു കക്ഷിയുടെ ലാഭം തീർച്ചയും മറുകക്ഷിയുടേതു് സംശയകരവുമായ രൂപത്തിലുള്ള ഇടപാടുകൾ, ആവശ്യസാധനങ്ങൾ പൂഴ്ത്തിവെച്ച് വില വർദ്ധിപ്പിക്കുക എന്നിവയും, സാമൂഹ്യമായി ഉപദ്രവകരമായ മറെറല്ലാ ഇടപാടുകളും ഇസ്ലാമിക നിയമത്തിൽ തികച്ചും നിയമവിരുദ്ധമാക്കിയിരിക്കുന്നു. ഈ വിഷയകമായി ഇസ്ലാമിൻെറ സാമ്പത്തിക നിയമം പരിശോധിക്കുന്നപക്ഷം വിരോധിക്കപ്പെട്ട ധനസമ്പാദന മാർഗ്ഗങ്ങളുടെ ഒരു നീണ്ട പട്ടിക

നിങ്ങളുടെ മുമ്പിൽ വരുന്നതാണ്". ഇന്നത്തെ മുതലാളിത്ത വ്യവസ്ഥയിൽ ജനങ്ങൾ കോടീശ്വരന്മാരായിത്തീരാൻ കാരണമായ അതേ മാർഗ്ഗങ്ങൾ അക്കൂട്ടത്തിൽ നിങ്ങൾക്ക് ധാരാളം കാണാം. അത്തരം മാർഗ്ഗങ്ങളെല്ലാം ഇസ്ലാം നിയമം മുഖേന ബന്ധിച്ചുകളഞ്ഞിരിക്കുന്നു. യഥാർത്ഥവും ഫലപ്രദവുമായ വല്ല സേവനവും മററുള്ളവർക്ക് ചെയ്തുകൊടുത്തു അതിൻെറ പ്രതിഫലം നീതിപൂർവ്വം കരസ്ഥമാക്കുന്ന മാർഗ്ഗത്തിൽക്കൂടിമാത്രം ധനം സമ്പാദിക്കാനുള്ള സ്വാതന്ത്ര്യം അനുവദിച്ചുകൊടുക്കുകയും ചെയ്തിരിക്കുന്നു.

അനുവദനീയമാർഗ്ഗങ്ങളിൽക്കൂടി സമ്പാദിച്ച ധനത്തിന്മേൽ മനുഷ്യൻെറ ഉടമാവകാശം ഇസ്ലാം അംഗീകരിക്കുന്നുണ്ട്. എന്നാൽ പ്രസ്തുത അവകാശവും പരിധിയില്ലാത്തതല്ല. തൻെറ ന്യായമായ സമ്പാദ്യം ചിലവഴിക്കുന്നതും അനുവദനീയമാർഗ്ഗങ്ങളിലായിരിക്കണമെന്നു ഇസ്ലാം മനുഷ്യനെ നിർബ്ബന്ധിക്കുന്നുണ്ട്. പരിശുദ്ധവും പരിപാവനവുമായ ഒരു ജീവിതം നയിക്കുവാൻ മനുഷ്യനു അവകാശമുണ്ടെങ്കിലും, ആഡംബരങ്ങളിൽ ധനം ധൂർത്തടിക്കാനോ, മററുള്ളവരുടെമേൽ യജമാനത്തം നടിച്ചേല്പിക്കത്തക്കവിധം അന്തസ്സും പ്രതാപവും പ്രകടിപ്പിക്കുന്നതിൽ അതിർകവിയാനോ, തീരെ പഴുതില്ലാത്ത നിബന്ധനകളാണ് ധനവ്യയത്തെസംബന്ധിച്ച് ഇസ്ലാം ചുമത്തിയിരിക്കുന്നത്. അസ്ഥാനത്ത് ചിലവഴിക്കുന്നതിൻെറ ചില രൂപങ്ങൾ ഇസ്ലാമികനിയമത്തിൽ വ്യക്തമായിതന്നെ നിരോധിച്ചിട്ടുണ്ട്. മററു ചിലത് വ്യക്തമായി തടഞ്ഞിട്ടില്ലെങ്കിലും അനാവശ്യമാർഗ്ഗങ്ങളിൽ ധനം ചിലവഴിക്കുന്നതിൽനിന്നു ജനങ്ങളെ

നിർബ്ബന്ധപൂർവ്വം തടയാനുള്ള അധികാരം ഇസ്ലാമിക ഗവൺമെൻറിന്നുണ്ടായിരിക്കുന്നതാണ്.

ന്യായവും അനുവദനീയവുമായ ചിലവുകൾ കഴിച്ചു ബാക്കിവരുന്ന ധനം ശേഖരിച്ചുവെക്കാനും കൂടുതൽ ധനം ഉല്പാദിപ്പിക്കുന്ന മാർഗ്ഗങ്ങളിൽ അത് മുതലിറക്കാനും മനുഷ്യന്നു് അവകാശമുണ്ട്. എന്നാൽ ഈ രണ്ടവകാശങ്ങളെസംബന്ധിച്ചും ചില നിബന്ധനകൾ വെച്ചിരിക്കുന്നു. ശേഖരിച്ചുവെക്കുന്നപക്ഷം നിശ്ചിതതുകയിൽ കൂടുതലാകുമ്പോൾ അതിൽനിന്നു വർഷാന്തം രണ്ടരശതമാനം സകാത്ത് കൊടുക്കേണ്ടിവരുന്നതാണ്; ഇനി, വ്യാപാരങ്ങളിൽ മുതലിറക്കാനാണുദ്ദേശിക്കുന്നതെങ്കിൽ അനുവദനീയമായ വ്യാപാരങ്ങളിൽ മാത്രമെ ഇറക്കാൻ പാടുള്ളൂ; അനുവദനീയമായ വ്യാപാരങ്ങൾ സ്വന്തം നടത്തുകയോ അല്ലെങ്കിൽ തൻെറ മൂലധനം പണമായോ ഭൂമിയായോ മററു സാമഗ്രികളുടെ രൂപത്തിലോ അന്യൎക്ക നല്കി, ലാഭനഷ്ടങ്ങളിൽ അവരോടു പങ്കുചേരുകയോ ചെയ്യാവുന്നതാണ്. ഈ പരിധികൾക്കുള്ളിൽ നിന്നു പ്രവർത്തിച്ചുകൊണ്ട് ഒരാൾ കോടീശ്വരനായിത്തീർന്നാലും ഇസ്ലാമിൻെറ ദൃഷ്ടിയിൽ അത് ആക്ഷേപാർഹമല്ല; അല്ലാഹുവിൻെറ ഒരനുഗ്രഹം മാത്രമാണ്! പക്ഷെ, സാമൂഹ്യതാല്പര്യം പരിഗണിച്ച് രണ്ടു നിബന്ധനകൾ ഇസ്ലാം അവൻെറ മേൽ ചുമത്തുന്നുവെന്നുമാത്രം. ഒന്നു, തൻെറ കച്ചവടസ്വത്തിൽനിന്നു രണ്ടരശതമാനവും കാർഷികോല്പന്നങ്ങളിൽ അഞ്ചോ പത്തോ ശതമാനവും അവൻ സകാത്തുകൊടുക്കണം; രണ്ട്, കച്ചവടത്തിലോ വ്യവസായങ്ങളിലോ കൃഷിയിലോ ഉള്ള പങ്കുകാരോടും കൂലിക്കാരോടും അവൻ നീതിപൂർവ്വം വർത്തിക്കണം. പ്രസ്തുത നിയമം അവൻ സ്വയം പാലിക്കുന്നില്ലെങ്കിൽ,

ഇസ്ലാമികഗവമ്മെൻറ് അവനെ അതിന്നു നിർബ്ബന്ധിക്കുന്നതായിരിക്കും!

കൂടാതെ, അനുവദനീയമായ പ്രസ്തുത പരിധികൾക്ക് വിധേയമായി ശേഖരിക്കപ്പെടുന്ന ധനവും ഒരു സ്ഥലത്തു അധികകാലം കൂടിനില്ക്കാൻ ഇസ്ലാം അനുവദിക്കുന്നില്ല. അനന്തിരാവകാശനിയമംവഴി ഓരോ തലമുറക്കുംശേഷം അടുത്ത തലമുറയിൽ ഇസ്ലാം അതു വിഭജിച്ചുകൊണ്ടിരിക്കുന്നു. ഈ വിഷയകമായി ഇസ്ലാമികനിയമത്തിൻെറ ചായ്വ് ലോകത്തുള്ള മററെല്ലാ നിയമങ്ങളുടേതിൽനിന്നും തികച്ചും വ്യത്യസ്തമായ ഒരു ഭാഗത്തേക്കാണ്. ഒരിക്കൽ സംഭരിക്കപ്പെട്ടുകഴിഞ്ഞ ധനം ഭാവിതലമുറകളിലെല്ലാം ഒന്നായിത്തന്നെ നിലകൊള്ളാനാണ് മററു നിയമങ്ങളെല്ലാം പരിശ്രമിക്കുന്നത്. നേരെമറിച്ച്, ഒരാൾ തൻെറ ജീവിതത്തിൽ ശേഖരിക്കുന്ന ധനം അവൻെറ മരണത്തോടൊപ്പംതന്നെ അടുത്തബന്ധുക്കളിൽ വിഭജിക്കപ്പെടണമെന്നാണ് ഇസ്ലാമികനിയമം ശാസിക്കുന്നത്. അടുത്ത ബന്ധുക്കളുടെ അഭാവത്തിൽ അകന്ന ബന്ധുക്കൾ അവൻെറ അനന്തിരാവകാശികളായിത്തീരുന്നു; അവരുമില്ലെങ്കിൽപിന്നെ മുഴുവൻ മുസ്ലിം സൊസൈററിയും ആ സ്വത്തിൻെറ അവകാശികളാണ്. ഈ നിയമം എത്രവലിയ മുതലാളിത്തത്തേയും ജന്മിത്തത്തേയും സുസ്ഥിരമായി നിലകൊള്ളാൻ അനുവദിക്കുകയില്ല. മുൻപ്രസ്താവിച്ച എല്ലാ നിബന്ധനകൾക്കും ശേഷം ധനം കൂടിനില്ക്കുന്നതിനാൽ പിന്നേയും വല്ല ദോഷവും ഉടലെടുക്കുകയാണെങ്കിൽ അവസാനത്തെ ഈ അടി അതിനെ എന്നെന്നേക്കുമായി അവസാനിപ്പിക്കുന്നതാണ്!

# ആത്മീയ വ്യവസ്ഥ

ഇസ്ലാമിന്റെ ആത്മീയവ്യവസ്ഥ എന്ത്? ജീവിതത്തിന്റെ മുഴുവൻ വ്യവസ്ഥയുമായി അതിനുള്ള ബന്ധമെന്ത്? ഈ പ്രശ്നം ഗ്രഹിക്കേണ്ടതിന്നു, ആത്മീയതയെ സംബന്ധിച്ച ഇസ്ലാമിക വിഭാവനവും, മതപരവും തത്വശാസ്ത്രപരവുമായ ഇതര വ്യവസ്ഥകളുടെ വിഭാവനവും തമ്മിലുള്ള വ്യത്യാസം നാം ആദ്യമായി ശരിക്കും മനസ്സിലാക്കേണ്ടിയിരിക്കുന്നു. പ്രസ്തുത വ്യത്യാസം ഗ്രഹിക്കാത്തതുകൊണ്ട്, ഇസ്ലാമിന്റെ ആത്മീയവ്യവസ്ഥയെക്കുറിച്ച് സംഭാഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ, "ആത്മീയ"മെന്ന വാക്കുമായി പൊതുവെ ബന്ധപ്പെട്ടു കഴിഞ്ഞിട്ടുള്ള എത്രയോ വിഭാവനങ്ങൾ മനുഷ്യർ ഉദ്ദേശിക്കാതെതന്നെ അവരുടെ തലച്ചോറിൽ ചുററിത്തിരിയാൻ തുടങ്ങുന്നു, ആ കെട്ടിക്കുടുക്കിൽ അകപ്പെട്ടു കഴിഞ്ഞാൽപിന്നെ, സുപരിചിതമായ ആത്മീയ വൃത്തത്തിന്നപ്പുറം കടന്നു, പദാർത്ഥത്തിന്റെയും ശരീരത്തിന്റെയും വൃത്തത്തിൽ കൈകടത്തുക മാത്രമല്ല, അവയുടെ മേൽ ആധിപത്യം നടത്താനുംകൂടി ഉദ്ദേശിക്കുന്ന ഈ ആത്മീയ വ്യവസ്ഥ എത്തരത്തിലുള്ളതാണെന്നു മനസ്സിലാക്കുക മനുഷ്യന്നു വളരെ പ്രയാസമായിത്തീരുന്നതാണ്.

ആത്മാവും ശരീരവും പരസ്പര വിരുദ്ധങ്ങളാണെന്ന വിഭാവനമാണ് തത്വശാസ്ത്രത്തിൻെറയും മതത്തിൻെറയും ലോകത്ത് പൊതുവെ പ്രചുരപ്രചാരം സിദ്ധിച്ചു കഴിഞ്ഞിട്ടുള്ളത്. അവയുടെ ദൃഷ്ടിയിൽ രണ്ടിൻെറയും ലോകം വിഭിന്നമാണ്; രണ്ടിൻെറയും ആവശ്യങ്ങൾ വ്യത്യസ്തങ്ങളാണെന്നല്ല പരസ്പര വിരുദ്ധവും കൂടിയാണ്; രണ്ടിൻെറയും പുരോഗതി ഒന്നിച്ച് സാദ്ധ്യമല്ല; ആത്മാവിനെ സംബന്ധിച്ചിടത്തോളം ശരീരവും പദാൎത്ഥലോകവും ഒരു കാരാഗൃഹമാണ്; ഭൗതിക ജീവിതവുമായുള്ള ബന്ധങ്ങളും അതിൻെറ താല്പര്യങ്ങളുമെല്ലാം ആത്മാവിനെ ബന്ധിക്കുന്ന കയ്യാമങ്ങളും കാൽവിലങ്ങുകളുമാണ്; ലോകവ്യവഹാരങ്ങളും ഇടപാടുകളും ചില ചളിക്കുണ്ടുകളാണ്; അതിൽ കുടുങ്ങിക്കഴിഞ്ഞാൽ പിന്നെ ആത്മാവിൻെറ മേലോട്ടുള്ള ഗതി അവസാനിക്കുന്നതാണ്. ഈ വിഭാവനത്തിൻെറ അനിവാര്യ ഫലമായി, ആത്മീയതയുടേയും ഭൗതികതയുടേയും മാൎഗ്ഗങ്ങൾ തമ്മിൽ തീരെ വേർപെട്ടുപോയി. ഭൗതികത്വം അംഗീകരിച്ച ജനങ്ങൾ, ഒന്നാമത്തെ കാൽവെപ്പിൽതന്നെ ആത്മീയത തങ്ങളുടെകൂടെ ഒരിക്കലും ചലിക്കുകയില്ലെന്നു കരുതി തികച്ചും നിരാശരായി. ഈ ചിന്താഗതി അവരെ പൂൎണ്ണമായും ഭൗതികപൂജയിൽ മുക്കിക്കളഞ്ഞു; അങ്ങിനെ, സാമൂഹ്യം, നാഗരീകം, രാഷ്ട്രീയം, സാമ്പത്തികം തുടങ്ങി ഐഹിക ജീവിതത്തിൻെറ എല്ലാ ശാഖകളും ഒരുവശത്ത് ആത്മീയതക്ക് വേണ്ടി ദാഹിച്ചുകൊണ്ടിരിക്കെ, മറുവശത്ത് ആത്മീയതയുടെ പ്രണേതാക്കൾ തങ്ങളുടെ ആത്മാവിന്റെ പുരോഗതിക്ക് വേണ്ടി ഭൗതികലോകത്തിന്റെ പുറത്തുകൂടി കടന്നുപോകുന്ന മാൎഗ്ഗങ്ങളന്വേഷിച്ചുകൊണ്ടിരുന്നു. കാരണം, ഭൗതികലോകത്തിൻെറ ഉള്ളിലൂടെ കടന്നുപോകുന്ന, ആത്മീയപുരോഗതിക്കുള്ള വല്ല മാൎഗ്ഗവും

ഉണ്ടാവുക എന്നത്തന്നെ അവരുടെ വീക്ഷണത്തിൽ തീരെ അസാധ്യമാണ്. അവരുടെ അഭിപ്രായത്തിൽ, ശരീരത്തെ ഹനിക്കുകയെന്നത് ആത്മീയപുരോഗതി അത്യാവശ്യമായിരുന്നു; തന്നിമിത്തം, ദേഹത്തെ ഹനിക്കുകയും ശരീരത്തെ മരവിപ്പിക്കുകയും നിഷ്ക്രിയമാക്കുകയും ചെയ്യുന്ന പലതരം തപസ്സുകൾ അവർ കണ്ടുപിടിച്ചു. നാഗരീകതയുടെ ബഹളങ്ങൾ അവരുടെ ജ്ഞാനധ്യാന ജോലികൾക്ക് തടസ്സമുണ്ടാക്കാതിരിക്കാനായി, ആത്മീയ സംസ്കരണത്തിന്നു ഏററവും അനുയോജ്യമായ സ്ഥലം വനങ്ങളും പർവ്വതങ്ങളും വിജനപ്രദേശങ്ങളുമാണെന്നു അവർ മനസ്സിലാക്കി. ഭൗതീകലോകത്തുനിന്നും അതിലെ ഇടപാടുകളിൽനിന്നും വിരമിക്കുകയും ഭൗതികലോകവുമായി തങ്ങളെ ബന്ധിപ്പിക്കുന്ന സകല ബന്ധങ്ങളും മുറിച്ചെറിയുകയും ചെയ്യുകയെന്നതല്ലാതെ ആത്മീയ വളർച്ചക്ക് മററു വല്ല രൂപവും ഉണ്ടാവുക സാധ്യമാണെന്നു അവക്ക് കാണാൻ കഴിഞ്ഞില്ല.

ശരീരവും ആത്മാവും തമ്മിലുള്ള ഈ വൈരുദ്ധ്യം, പരിപൂർണ്ണതയുടെ വിഭിന്നമായ രണ്ടു വിവക്ഷകളും ലക്ഷ്യങ്ങളും മനുഷ്യനു സൃഷ്ടിച്ചുകൊടുത്തു. ഒരുവശത്ത്, മനുഷ്യൻ കേവലം ഭൗതിക അനുഗ്രഹങ്ങളാൽ നിറഞ്ഞൊഴുകുകയെന്ന ഭൗതിക ജീവിതത്തിൻെറ പരിപൂർണ്ണതയും, മനുഷ്യൻ ഒരു നല്ല പറവയോ, ഒരു മികച്ച മുതലയോ, ഒരു മേത്തരം കുതിരയോ,അതിസമർത്ഥനായ ഒരു ചെന്നായയോ ആയിത്തീരുക എന്നത് അതിൻെറ ലക്ഷ്യവുമാണെന്നു നിശ്ചയിക്കപ്പെട്ടു. മറുവശത്ത് മനുഷ്യൻ ചില അഭൗതികശക്തികളുടെ ഉടമസ്ഥനായിത്തീരുക എന്നത് ആത്മീയ ജീവിതത്തിൻെറ പരിപൂർണ്ണതയായി ഗണിക്കപ്പെട്ടു. അതിൻെറ ലക്ഷ്യമാകട്ടെ മനുഷ്യൻ

ഒന്നുകിൽ ഒരു നല്ല റേഡിയോ സെറോ, ശക്തിയേറിയ ദൂരദർശിനിയോ, ഉയന്നതരം സൂക്ഷ്മദർശിനിയോ ആയിത്തീരുകയോ, അല്ലെങ്കിൽ തൻെറ നോട്ടവും വാക്കുകളും ഒരു പൂർണ്ണ വൈദ്യശാലയുടെ ഫലം നല്കിത്തുടങ്ങുകയോ ആണെന്നും നിശ്ചയിക്കപ്പെട്ടു!

ഈ വിഷയത്തിൽ ഇസ്ലാമിൻെറ വീക്ഷണഗതി മതപരവും തത്വശാസ്ത്രപരവുമായ ലോകത്തിലെ മററെല്ലാ വ്യവസ്ഥകളുടേതിൽനിന്നും വ്യത്യസ്തമാണ്. ഇസ്ലാം പറയുന്നു: മനുഷ്യാത്മാവിനെ ദൈവം ഭൂമിയിൽ തൻെറ പ്രതിനിധിയായി നിശ്ചയിച്ചിരിക്കയാണ്. ചില കത്തവ്യങ്ങളും ചില ഉത്തരവാദിത്വങ്ങളും അതിനെ ഏല്പിച്ചിരിക്കുന്നു; അവ നിവ്വഹിക്കുവാനായി, അത്യുത്തമവും അനുയോജ്യവുമായ ഘടനാവിശേഷത്തോടുകൂടിയ ഒരു ശരീരം അതിന്നു നല്കിയിരിക്കുന്നു; തൻെറ അധികാരങ്ങളുപയോഗിക്കുന്നതിലും താനുമായി ബന്ധപ്പെട്ട സേവനങ്ങൾ നിവ്വഹിക്കുന്നതിലും ഉപയോഗപ്പെടുത്തുവാൻ തന്നെയാണ് പ്രസ്തുത ശരീരം അവന്നു് നല്കിയിരിക്കുന്നത്; അതിനാൽ ശരീരം ആത്മാവിൻെറ കാരാഗൃഹമല്ല, അതിൻെറ പണിസ്ഥലമാണ്; ആത്മാവിന്നു വല്ല പുരോഗതിയും സാധ്യമാണെങ്കിൽ പ്രസ്തുത പണിസ്ഥലത്തെ ആയുധസാമഗ്രികളും കഴിവുകളും ശരിക്കുപയോഗിച്ചുകൊണ്ട് തൻെറ യോഗ്യതകൾ പ്രകടിപ്പിക്കുക മുഖേന മാത്രമേ അത് സാധ്യമാകയുള്ളു; മനുഷ്യാത്മാവ് എങ്ങിനെയോ കുടുങ്ങിക്കഴിഞ്ഞ ഒരു ശിക്ഷാലയമല്ല ഈ ഭൗതികലോകം, അതൊരു പ്രവത്തനരംഗമാണ്; ഇവിടെ പ്രവത്തിക്കാൻവേണ്ടിയാണ് ദൈവം ആത്മാവിനെ അയച്ചിട്ടുള്ളത്. ഇവിടുത്തെ നിരവധി വസ്തുക്കൾ ദൈവം മനുഷ്യൻെറ ഉപയോഗത്തിന്നു വിട്ടു

കൊടുത്തിരിക്കുന്നു; ഇതേ 'ഖിലാഫത്താ'കുന്ന കർത്തവ്യം നിർവ്വഹിക്കുവാനായി മററനവധി മനുഷ്യർ അവനോടൊപ്പം സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. പ്രകൃതിയുടെ ആവശ്യമനുസരിച്ച് നാഗരികം, സാമൂഹ്യം, സാമ്പത്തികം, രാഷ്ട്രീയം തുടങ്ങി എത്രയോ ജീവിതശാഖകൾ അവന്നു വേണ്ടി ഇവിടെ നിലവിൽ വന്നിരിക്കുന്നു. ഇവിടെ വല്ല ആത്മീയപുരോഗതിയും സാധ്യമാണെങ്കിൽ അതിന്നുള്ള മാർഗ്ഗം മനുഷ്യൻ ഈ പ്രവർത്തനാലയത്തിൽ നിന്നും പിന്മാറി വല്ല മൂലയിലും ചെന്നിരിക്കുക എന്നതല്ല; അതിൽ പ്രവർത്തിച്ചുകൊണ്ടു് തൻെറ യോഗ്യത തെളിയിക്കുക എന്നതാണു്; അവനെസംബന്ധിച്ചിടത്തോളം ഇതൊരു പരീക്ഷാഹാളാണു്; ജീവിതത്തിൻെറ ഓരോ വശവും ഓരോശാഖകളും പരീക്ഷകളുള്ള ഓരോ ചോദ്യക്കടലാസുകളും വീടു, തെരുവു, അങ്ങാടി, മാർക്കററു, ഓഫീസു, വ്യവസായശാല, പാഠശാല, കച്ചേരി, പോലീസ്സ്റ്റേഷൻ, സൈനികതാവളം, പാർല്ലിമെൻറ്, സന്ധികോൺഫ്രൻസ്, യുദ്ധരംഗം എല്ലാം തന്നെ അവന്നു ഉത്തരമെഴുതാൻ നല്കപ്പെട്ട വിവിധവിഷയങ്ങളിലുള്ള ചോദ്യക്കടലാസുകളാണു്; അവയിൽ ഒന്നിനെങ്കിലും അവൻ ശരിക്കുത്തരമെഴുതാതിരിക്കുകയോ, മിക്ക ചോദ്യങ്ങളും ഉത്തരം എഴുതാതെ വിട്ടുകളയുകയോ ചെയ്യുന്ന പക്ഷം അന്ത്യഫലത്തിൽ പൂജ്യമല്ലാതെ അവന്നെന്താണു് ലഭിക്കുക? വിജയവും പുരോഗതിയും സാധ്യമാകണമെങ്കിൽ അതിന്നുള്ള ഏകമാർഗ്ഗം തൻെറ മുഴുവൻ സമയവും പൂർണ്ണശ്രദ്ധയും പരീക്ഷയിൽ കേന്ദ്രീകരിക്കയും നല്കപ്പെട്ട എല്ലാചോദ്യക്കടലാസുകൾക്കും കഴിയും വിധം ഉത്തരം നൽകാൻ ശ്രമിക്കുകയും ചെയ്കയെന്നതു് മാത്രമാണു്.

ഇങ്ങിനെ, ജീവിതത്തിൻെറ സന്യാസപരമായ വിഭാവനത്തെ ഇസ്ലാം തള്ളിക്കളയുന്നു; മനുഷ്യൻെറ ആത്മീയപുരോഗതിക്കുള്ള മാർഗ്ഗം ഭൗതികലോകത്തിൻെറ വെളിയിൽക്കൂടിയല്ല അതിൻെറ ഉള്ളിൽക്കൂടിതന്നെ അതു വെട്ടിത്തെളിയിക്കുകയും ചെയ്യുന്നു. ആത്മാവിൻെറ വളർച്ചക്കും സംപുഷ്ടിക്കും വിജയത്തിന്നുമുള്ള സാക്ഷാൽ സ്ഥാനം, ഇസ്ലാമിൻെറ വീക്ഷണത്തിൽ ജീവിതരംഗത്തിൻെറ പാർശ്വത്തിലല്ല, തനി മദ്ധ്യത്തിലാണ് സ്ഥിതിചെയ്യുന്നത്. എന്നാൽ ആത്മാവിൻെറ പുരോഗതിക്കും അധോഗതിക്കും എന്തു മാനദണ്ഡമാണ് ഇസ്ലാം നമ്മുടെ മുമ്പിൽ വെക്കുന്നത് എന്നൊന്നു പരിശോധിക്കേണ്ടതുണ്ട്. മുമ്പ് പ്രസ്താവിച്ച ഖിലാഫത്ത് വിഭാവനത്തിൽതന്നെ ഈ പ്രശ്നത്തിൻെറ ഉത്തരം അടങ്ങിയിട്ടുണ്ട്. 'ഖലീഫഃ' (പ്രതിനിധി) എന്ന നിലയ്ക്ക് മനുഷ്യൻ തൻെറ മുഴുവൻ പ്രവർത്തനങ്ങളെസ്സംബന്ധിച്ചും ദൈവത്തിൻെറ മുമ്പിൽ ഉത്തരവാദിത്തമുള്ളവനാണ്. ഭൂമിയിൽ അവന്നു നല്കപ്പെട്ടിട്ടുള്ള അധികാരങ്ങളും ഉപകരണങ്ങളുമെല്ലാം ദൈവത്തിൻെറ അഭീഷ്ടത്തിനൊത്ത് ഉപയോഗിക്കുക എന്നത് അവൻെറ നിർബ്ബന്ധ കർത്തവ്യമാണ്; ദൈവദത്തമായ അവൻെറ കഴിവുകളും യോഗ്യതകളുമെല്ലാം, കൂടുതൽ കൂടുതൽ ദൈവത്തിൻെറ പൊരുത്തം കരസ്ഥമാക്കാൻവേണ്ടി അവൻ വിനിയോഗിക്കേണ്ടതുണ്ട്. ഇതര മനുഷ്യരുമായി എന്തെല്ലാം ബന്ധങ്ങളാൽ അവൻ ബന്ധിക്കപ്പെട്ടിട്ടുണ്ടോ അവയിലെല്ലാംതന്നെ അവൻ ദൈവത്തിനിഷ്ടമുള്ള നയം കൈക്കൊള്ളണം. ചുരുക്കത്തിൽ, ഭൂമിയിലും മനുഷ്യജീവിതത്തിലുമുള്ള വ്യവസ്ഥയും ക്രമവും എത്ര നന്നായികാണാൻ ദൈവം ഉദ്ദേശിക്കുന്നുണ്ടോ അത്രയും നന്നാക്കിത്തീർക്കാൻവേണ്ടി തൻെറ മുഴുവൻ അദ്ധ്വാനപരിശ്ര

മങ്ങളും അവൻ വിനിയോഗിക്കണം. ഈ സേവനം എത്രമാത്രം ഉത്തരവാദിത്വത്തോടും കർത്തവ്യബോധത്തോടും, അനുസരണത്തോടും, നാഥൻെറ പൊരുത്തം കാംക്ഷിച്ചുകൊണ്ടും മനുഷ്യൻ നിർവ്വഹിക്കുന്നുവോ അത്രയും കൂടുതലായി അവനു ലഭിക്കുന്ന ദൈവസാമീപ്യംതന്നെയാണ് ഇസ്ലാമിൻെറ ദൃഷ്ടിയിൽ ആത്മീയ പുരോഗതി! നേരെമറിച്ച്, അവൻ എത്രകണ്ട് അലസനും കർമ്മശൂന്യനും കർത്തവ്യബോധമില്ലാത്തവനും ധിക്കാരിയും രാജദ്രോഹിയുമാകുന്നുവോ, അത്രകണ്ട് ദൈവവുമായി അവൻ അകന്നിരിക്കും. ദൈവവുമായുള്ള അകൽച്ചയുടെതന്നെ മറെറാരു പേരത്രെ, ഇസ്ലാമിൻെറ ഭാഷയിൽ ആത്മീയ അധോഗതി.

ഇസ്ലാമിൻെറ വീക്ഷണഗതിയനുസരിച്ച മതാനുയായിയുടേയും ഭൗതികൻെറയും പ്രവർത്തനവൃത്തം ഒന്നുതന്നെയാണെന്നു ഈ വിശദീകരണത്തിൽനിന്നു വ്യക്തമാകുന്നതാണ്. ഒരേ പ്രവർത്തനാലയത്തിലാണ് രണ്ടുപേർക്കും പ്രവർത്തിക്കാനുള്ളത്; എന്നല്ല, മതഭക്തൻ ഭൗതികനെക്കാൾ കൂടുതൽ ഏകാഗ്രതയോടെ പ്രവർത്തനനിരതനായിരിക്കും. വീട്ടിൻെറ നാലു ഭിത്തിമുതൽ അന്താരാഷ്ട്രകോൺഫ്രൻസിൻെറ വിശാലരംഗംവരെ, എന്തൊക്കെ ജീവിത ഏടവാടുകളുണ്ടോ അതിൻെറയെല്ലാം ഉത്തരവാദിത്തങ്ങൾ, ഭൗതികനെപ്പോലെയെന്നല്ല അവനെക്കാൾ കൂടുതലായിത്തന്നെ മതഭക്തനും കയ്യിലെടുക്കുന്നതാണ്. എന്നാൽ രണ്ടുപേരുടെയും മാർഗ്ഗങ്ങൾ പരസ്പരം വേർതിരിയുന്നത് ദൈവവുമായി അവർക്കുള്ള ബന്ധത്തിൻെറ സ്വഭാവംകൊണ്ടു മാത്രമാണ്. മതഭക്തൻ വല്ലതും പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത്, താൻ ദൈവത്തിൻെറമുമ്പിൽ ഉത്തരവാദിത്വമുള്ളവനാണെന്ന ബോ

ധത്തോടെയും, ദൈവത്തിൻെറ പൊരുത്തം സമ്പാദിക്കണമെന്ന ഉദ്ദേശത്തോടുകൂടിയും ദൈവം നിശ്ചയിച്ച നിയമത്തിനു വിധേയമായിക്കൊണ്ടും മാത്രമായിരിക്കും. നേരെമറിച്ച ഭൗതികനാകട്ടെ, ഉത്തരവാദിത്തബോധമില്ലാതെ, ദൈവത്തെ അവഗണിച്ചുകൊണ്ട് തന്നിഷ്ടപ്രകാരമായിരിക്കും എന്തും പ്രവൎത്തിക്കുക. ഈ അന്തരം മതഭക്തൻെറ ഭൗതി ജീവിതത്തെ ആദ്യന്തം ആത്മീയ ജീവിതമാക്കിത്തീൎക്കുന്നു. ഭൗതികൻെറ ജീവിതത്തെ മുഴുവനായി ആത്മീയപ്രകാശത്തിൽനിന്നു ശൂന്യമാക്കുകയും ചെയ്യുന്നു.

ഇനി, ഭൗതികജീവിതത്തിൻെറ മദ്ധ്യത്തിൽക്കൂടി, മനുഷ്യൻെറ ആത്മീയ പുരോഗതിയുടെ മാൎഗ്ഗം ഇസ്ലാം എങ്ങിനെയാണ് നിൎമ്മിക്കുന്നതെന്നു ചുരുക്കത്തിൽ വിവരിക്കാം.

ഈ മാർഗ്ഗത്തിൻെറ ഒന്നാമത്തെ പടി 'ഈമാനാ'ണ്. അതായത്, ദൈവമാണ് തൻെറ ഉടമസ്ഥൻം അധിപനും ആരാധ്യനുമെന്നും, തൻെറ മുഴുവൻ ത്യാഗപരിശ്രമങ്ങളുടെയും പരമലക്ഷ്യം ദൈവത്തിൻെറ പൊരുത്തമാണെന്നും തൻെറ ജീവിതത്തിനുള്ള നിയമം ദൈവത്തിൻെറതന്നെ ആജ്ഞയാണെന്നുമുള്ള ബോധം മനുഷ്യൻെറ ഹൃദയത്തിലും മസ്തിഷ്കത്തിലും അടിയുറക്കുക! ഈ ബോധം എത്രകണ്ട് പരിപക്വവും അടിയുറപ്പുള്ളതുമായിത്തീരുന്നുവോ അത്രകണ്ട് പരിപൂൎണ്ണമായ ഇസ്ലാമികമനഃസ്ഥിതി രൂപമെടുക്കുന്നതും, അത്രതന്നെ അടിയുറപ്പോടുകൂടി ആത്മീയ പുരോഗതിയുടെ മാൎഗ്ഗത്തിലൂടെ ചലിക്കാൻ മനുഷ്യനു സാധിക്കുന്നതുമാണ്.

ഈ മാൎഗ്ഗത്തിലെ രണ്ടാമത്തെഘട്ടം 'ഇത്താഅത്ത്' അഥവാ അനുസരണമാണ്. അതായത്, മനുഷ്യൻ തന്റെസ്വാധികാരത്തെ ഫലത്തിൽതന്നെ കയ്യൊഴിക്കുക; ആദൎശത്തിൽ താൻ ദൈവമായംഗീകരിച്ച ദൈവത്തിന്റെഅടിമത്തം പ്രയോഗത്തിലും അവൻ കൈക്കൊള്ളുക.ഇതേ അനുസരണത്തിന്നാണ് ഖുർആന്റെ സാങ്കേതികഭാഷയിൽ 'ഇസ്ലാം' എന്നു പറയുന്നത്.

മൂന്നാമെത്തഘട്ടം 'തഖ്വ'യുടെതാണ്. അതിന്നു സാധാരണഭാഷയിൽ കൎത്തവ്യബോധമെന്നോ ഉത്തരവാദിത്തബോധമെന്നോ പറയാവുന്നതാണ്. മനുഷ്യൻ തന്റെ എല്ലാ ചിന്തകളേയും വാക്കുകളേയും കൎമ്മങ്ങളേയുംസംബന്ധിച്ച് ദൈവത്തിന്റെ മുമ്പിൽ കണക്കു ബോധിപ്പിക്കേണ്ടിവരുമെന്ന വിചാരത്തോടുകൂടി ജീവിതത്തിലെ സകല വശങ്ങളിലും പ്രവൎത്തിക്കുക; അഥവാ ദൈവം വിരോധിച്ചിട്ടുള്ള എല്ലാ കാൎയ്യങ്ങളും ഉപേക്ഷിക്കുക; ദൈവം ആജ്ഞാപിച്ചിട്ടുള്ള സകലവിധ സേവനങ്ങൾക്കും സൎവ്വാത്മനാ തയാറാവുക; പൂൎണ്ണബോധത്തോടുകൂടി, 'ഹലാലും' 'ഹറാമും', ശരിയും തെററും, നന്മയും തിന്മയും വേർതിരിച്ചുകൊണ്ട് ജീവിതം നയിക്കുക. ഇതത്രെ 'തഖ്വാ'!

അവസാനത്തേതും സൎവ്വോപരി ഉൽകൃഷ്ടവുമായ പടി 'ഇഹ്സാനി'ന്റേതാണ്. 'ഇഹ്സാൻ' കൊണ്ടുള്ള വിവക്ഷ, അടിമയുടെ അഭീഷ്ടം ദൈവത്തിന്റെ അഭീഷ്ടത്തോടു തികച്ചും യോജിക്കുക എന്നതാണ്. ദൈവം ഇഷ്ടപ്പെടുന്നതേതോ അതുതന്നെ അടിമയും സ്വയം ഇഷ്ടപ്പെടുക; ദൈവം ഏതൊന്നു വെറുക്കുന്നുവോ അത് അടിമയുടെ ഹൃദയവും സ്വയം വെറുക്കുക;

ദൈവം തൻെറ ഭൂമിയിൽ കാണാൻ ഇഷ്ടപ്പെടാത്ത തിന്മകളിൽനിന്നു അടിമ സ്വയം രക്ഷനേടുക; എന്നു മാത്രമല്ല, അവയെ ലോകത്തുനിന്നു നിർമ്മാർജ്ജനംചെയ്യാൻ തൻെറ മുഴുവൻ കഴിവുകളും തനിക്ക് കൈവന്ന എല്ലാ സാമഗ്രികളും ഉപയോഗിക്കുകകൂടി ചെയ്യുക; ദൈവം തൻെറ ഭൂമി ഏതെല്ലാം നന്മകളാൽ അലംകൃതമായിക്കാണാൻ ഇഷ്ടപ്പെടുന്നുവോ അവ മുഖേന സ്വന്തം ജീവിതം അലങ്കരിക്കുക മാത്രമല്ല, മുഴുവൻ ലോകത്തും അവ പ്രചരിപ്പിക്കുവാനും സ്ഥാപിക്കുവാനും വേണ്ടി സ്വജീവൻപോലും ബലിയർപ്പിച്ച് നിരന്തരം പരിശ്രമിക്കുക; എന്നിവയെല്ലാം ഇഹ്സാനിൽ ഉൾപ്പെടുന്നു. ഈ സ്ഥാനത്തെത്തുന്നതോടെ അടിമക്ക് തൻെറ ദൈവത്തിൻെറ അങ്ങേഅററത്തെ സാമീപ്യത്തിന്നുള്ള ഭാഗ്യം സിദ്ധിക്കുന്നു; ഇതേ കാരണത്താൽ ഇതു, മനുഷ്യൻെറ ആത്മീയപുരോഗതിയുടെ അത്യുന്നതമായ സ്ഥാനവുമാണ്!

ആത്മീയപുരോഗതിയുടെ ഈ മാർഗ്ഗം കേവലം വ്യക്തികൾക്ക് മാത്രമുള്ളതല്ല, പാർട്ടികൾക്കും സമുദായങ്ങൾക്കുമെല്ലാമുള്ളതാണ്. വ്യക്തിയെപ്പോലെത്തന്നെ സമുദായത്തിന്നും, 'ഈമാൻ', 'ഇതാഅത്ത്', 'തഖ്‌വാ' എന്നീ ഘട്ടങ്ങൾ തരണംചെയ്ത്, 'ഇഹ്സാനി'ൻെറ അത്യുന്നതപദവിയിലെത്തിച്ചേരാവുന്നതാണ്. ഗവർമ്മെണ്ടിന്നും അതിൻെറ മുഴുവൻ ഘടനയോടുകൂടി 'മുഅ്മിനും', 'മുസ്ലിമും', 'മുത്തഖിയും', 'മുഹ്സിനും' ആകാവുന്നതാണ്; എന്നു മാത്രമല്ല, യഥാർത്ഥം നോക്കുന്നതായാൽ, ഒരു ജനത മുഴുവനും ഈ മാർഗ്ഗത്തിലൂടെ പ്രയാണംചെയ്ത് 'മുത്തഖി'യും 'മുഹ്സിനു'മായ ഒരു ഭരണകൂടം ലോകത്തു സ്ഥാപിതമാകുമ്പോൾ മാത്രമേ ഇസ്ലാ

മിൻെറ ഉദ്ദേശ്യം പൂർണ്ണമായും സാക്ഷാൽക്കരിക്കപ്പെടുകയുള്ളു.

ഇനി, വ്യക്തികളെയും സൊസൈററിയെയും ഈ രീതിയിൽ തയാറാക്കുവാൻ ഇസ്ലാം അംഗീകരിച്ചിട്ടുള്ള ആത്മീയ സംസ്കരണവ്യവസ്ഥയിലേക്കും ഒന്ന് കണ്ണോടിക്കാം. ആ വ്യവസ്ഥക്ക് പ്രധാനമായും നാല് ഘടകങ്ങളാണുള്ളത്:

ഒന്നാമത്തെ ഘടകം നമസ്കാരമാണ്. ഇത് ദിനം പ്രതി അഞ്ചുതവണ മനുഷ്യഹൃദയത്തിൽ ദൈവബോധം പുതുക്കിക്കൊണ്ടിരിക്കുകയും, ദൈവത്തെക്കുറിച്ചുള്ള ഭയഭക്തിയും സ്നേഹവും സജീവമായി നിലനിർത്തുകയും, ദൈവാജ്ഞകൾ അടിക്കടി അനുസ്മരിപ്പിക്കുകയും, അവ അനുസരിക്കുവാൻ അവനെ പരിശീലിപ്പിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ നമസ്കാരം ഓരോ വ്യക്തിയും വെവ്വേറെയല്ല, ആത്മീയപുരോഗതിയുടെ മാർഗ്ഗത്തിലൂടെയുള്ള യാത്രക്ക് തെയ്യാറാവേണ്ടതിന്ന്‌വേണ്ടി മുഴുവൻ സൊസൈററിയും സംഘടിതമായി നിർവ്വഹിക്കുവാനാണ് കല്പിക്കപ്പെട്ടിരിക്കുന്നത്!

രണ്ടാമത്തെ ഘടകം നോമ്പാണ്. ഇതു ഓരോ കൊല്ലവും ഒരു മാസം മുഴുവൻ മുസ്ലിം വ്യക്തികൾക്ക് വ്യക്തിപരമായും മുസ്ലിം സൊസൈററിക്ക് പൊതുവായും 'തഖ്‌വാ'യുടെ പരിശീലനം നല്കിക്കൊണ്ടിരിക്കുന്നു.

മൂന്നാമത്തെ ഘടകം സക്കാത്താണ്. ഇത് മുസ്ലിം വ്യക്തികളിൽ ധനത്യാഗത്തിൻെറയും പരസ്പരസഹതാപത്തിൻെറയും സഹകരണത്തിൻെറയും വികാരം സംജാതമാക്കുന്നു. ഇന്നു ചില ജനങ്ങൾ അബദ്ധത്തിൽ സക്കാ

ത്തിന്നു 'ടാക്സ്' എന്ന പദം ഉപയോഗിക്കാറുണ്ട്; വസ്തുവമാകട്ടെ, സക്കാത്തിൻെറ ആത്മാവ് ടാക്സിൻെറ അന്തസ്സത്തയിൽനിന്നു തികച്ചും വിഭിന്നമാണ്. 'സക്കാത്ത്' എന്ന വാക്കിൻെറ സാക്ഷാൽ അർത്ഥം വളർച്ച പരിശുദ്ധി എന്നിവയാണ്. ദൈവത്തോടുള്ള സ്നേഹത്താൽ പ്രേരിതരായി സ്വസഹോദരങ്ങൾക്ക് നിങ്ങൾ ധനസഹായം ചെയ്യുന്നപക്ഷം അതു നിങ്ങളുടെ ആത്മാവിൻെറ പുരോഗതിക്കും ധാർമ്മികപരിശുദ്ധതക്കും കാരണമാകുമെന്ന യാഥാർത്ഥ്യം ആ പദംവഴി ഇസ്ലാം മനുഷ്യനെ പഠിപ്പിക്കുന്നു!

നാലാമത്തെ ഘടകം ഹജ്ജാണ്. ഇത് ദൈവഭക്തിയുടെ അച്ചുതണ്ടിൽ, സത്യവിശ്വാസികളുടെ ഒരു സാർവ്വലൗകികകുടുംബത്തെ വാർത്തെടുക്കുന്നു. ലോകത്തു നൂറ്റാണ്ടുകളായി സത്യപ്രബോധനത്തിനു സ്വാഗതമരുളിക്കൊണ്ടിരുന്നതും, അല്ലാഹു അനുഗ്രഹിച്ചെങ്കിൽ, അന്ത്യനാൾവരെ സ്വാഗതമരുളിക്കൊണ്ടിരിക്കുന്നതുമായ ഒരു അന്താരാഷ്ട്രീയപ്രസ്ഥാനത്തെ അത് നടത്തുകയും ചെയ്യുന്നു!

PRINTED AT
THE PRABODHANAM PRESS
MARIKUNNU. Calicut
December 1964

KOTTAYAM PUBLIC LIBRARY
KOTTAYAM.

Cl. No. M297 Acc. No. 45718

This book should be returned on or before the date last stamped below.

-3 FEB 1976
-3 JUL 1978
-3 JUL 1978
16 MAY 1985
10 JUN 1987
21 JUL 1987

ന297 45718

മൗലാനാ സയ്യിദ് അബുൽ അഅ്
ലാ മൗദൂദി.

ഇസ്ലാമിന്റെ ജീവിതവ്യവസ്ഥ..

ഇസ്ലാമിന്റെ

# ജീവിതവ്യവസ്ഥ



അബുൽ അഅ്ലാ

Indic Digital Archive Foundation
gpura.org